ഭൂമിയുടെ അതിര്‍ത്തികള്‍വരെ രക്ഷ
എത്തിച്ചുകൊടുക്കാന്‍ ജനതകള്‍ക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 10 മാര്‍ച്ച് 2018 ലക്കം 03

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിന്‍

# THALASSERY ARCHDIOCESAN BULLETIN

ഒറ്റപ്രതി 10 രൂപ വാര്‍ഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

1. Prot. No.80/18, സർക്കുലർ നമ്പർ 02/2018 .................... 5
2. Prot. No.81/18, സർക്കുലർ നമ്പർ 03/2018 .................... 10
3. Prot. No.82/18, സർക്കുലർ നമ്പർ 04/2018 .................... 13
4. Prot. No.89/18, സർക്കുലർ നമ്പർ 05/2018 .................... 18
5. കച്ചേരിക്കാര്യം .................... 21
6. പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .................... 25
7. സെമിനാരി വാർത്തകൾ .................... 34
8. വിശ്വാസപരിശീലനം .................... 36
9. ബൈബിൾ അപ്പൊസ്റ്റോലേറ്റ് .................... 43
10. ചെറുപുഷ്പ മിഷൻലീഗ് .................... 46
11. തിരുബാലസഖ്യം .................... 51
12. യുവജനശുശ്രൂഷ .................... 52
13. കുടുംബ പ്രേഷിതത്വം .................... 58
14. വിദ്യാഭ്യാസ ഏജൻസി .................... 68
15. സാൻജോസ് അക്കാദമി .................... 74
16. വിമൽജ്യോതി വാർത്തകൾ .................... 78
17. കരിസ്മാറ്റിക് നവീകരണരംഗം .................... 80
18. കത്തോലിക്കാ കോൺഗ്രസ്സ് .................... 81
19. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി .................... 84
20. ഇൻഫാം വാർത്തകൾ .................... 85
21. കെസിബിസി മദ്യവിരുദ്ധ സമിതി .................... 87
22. സാമൂഹ്യസേവനവേദി .................... 94
23. പ്രതീക്ഷാ വാർത്തകൾ .................... 97
24. ധ്യാനകേന്ദ്രങ്ങളിലൂടെ .................... 99
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................... 100
26. Programme of the Archbishop Mar George Njaralakatt .................... 103
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................... 106
28. Programme of the Abp. Emeritus Mar George Valiamattam .................... 107
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .................... 108
30. Programme of the Auxiliary Bishop Mar Joseph Pamplany .................... 110

Prot. No. 80/18 സർക്കുലർ നമ്പർ 02/2018

# യുവജനവർഷ സർക്കുലർ

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരെ, യുവജനമക്കളെ,

യുവത്വം ദൈവദാനമാണ്. യുവജന ശുശ്രൂഷ ദൈവശുശ്രൂഷയാണ്. തിരുസഭ സർവ്വ ശ്രദ്ധയോടും കൂടി യുവജന ശുശ്രൂഷ ശക്തിപ്പെടുത്താൻ ഈ വർഷം മാറ്റി വച്ചിരിക്കുകയാണ്. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2018 ഒക്ടോബർ മാസത്തിൽ റോമിൽ വിളിച്ച് ചേർത്തിരിക്കുന്ന അസാധാരണ മെത്രാൻ സിനഡിന്റെ ചർച്ചാവിഷയം "യുവജനങ്ങൾ, വിശ്വാസം, ദൈവവിളി സംബന്ധമായ വിവേചിച്ചറിയൽ" എന്നതാണ്.

നമ്മുടെ അതിരൂപത 2017 ജൂലൈ മാസത്തിൽ തന്നെ ഒരു യുവജന വർഷത്തെക്കുറിച്ച് സ്വപ്നം കണ്ടിരുന്നു. വലിയ മുന്നൊരുക്കത്തോടെ നമ്മൾ നടത്തിയ അതിരൂപത അസംബ്ലിയിൽ യുവജന ശുശ്രൂഷയ്ക്ക് അനിതരസാധാരണമായ പ്രാധാന്യം നൽകി. അസംബ്ലിയിൽ അതിരൂപത ഒന്നടങ്കം എടുത്ത തീരുമാനം ആയിരുന്നു 2018 മാർച്ച് 19 മുതൽ 2019 മാർച്ച് 18 വരെ യുവജനവർഷമായി ആചരിക്കുക എന്നത്. അതിൻ പ്രകാരം 2018 മാർച്ച് 18 ഞായറാഴ്ച പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് രാവിലെ 9.30 ന് യുവജനവർഷത്തിന്റെ അതിരൂപതാതല ഉദ്ഘാടനം നടക്കുകയാണ്. അന്നേ ദിവസം എല്ലാ ഇടവകയിലും വി. കുർബാന മധ്യേ തിരിതെളിച്ച് കൊണ്ട് യുവജനവർഷം ഉദ്ഘാടനം ചെയ്യണം. വിശുദ്ധ കുർബാനയ്ക്കുശേഷം കെസിവൈഎം പതാക ഉയർത്തേണ്ടതാണ്. യുവജനവർഷ ബാനർ എല്ലാ ദൈവാലയങ്ങളിലും പ്രദർശിപ്പിക്കുകയും യുവജനവർഷ പ്രാർത്ഥന മുടങ്ങാതെ എല്ലാ ദിവസവും വീടുകളിലും കുടുംബങ്ങളിലും സ്ഥാപനങ്ങളിലും ചൊല്ലുകയും വേണം.

അന്നേ ദിവസംതന്നെ കുടുംബങ്ങളിൽ യുവജനവർഷം ആരംഭിക്കേണ്ടതാണ്. അതിരൂപതയിൽനിന്നും ലഭ്യമാക്കുന്ന യുവാവായ ഈശോയുടെ ചിത്രത്തിനുമുമ്പിൽ കുടുംബനാഥൻ തിരിതെളിച്ച് യുവജനവർഷപ്രാർത്ഥന ചൊല്ലികൊണ്ട് എല്ലാ യുവജനങ്ങളെയും സമർപ്പിച്ച് പ്രാർത്ഥിക്കണം.

തലശ്ശേരി അതിരൂപതയുടെ ത്വരിതഗതിയിലുള്ള വളർച്ചയിൽ ഇടവക ജനത്തിന്റെ കരുത്തായി എന്നും നമ്മുടെ യുവജനമക്കൾ കൂടെ

യുണ്ട്. അവർ എന്നും തിരുസഭയുടെ വിലമതിക്കാനാവാത്ത സമ്പത്തും വിശ്വസ്തരായ കാവൽക്കാരുമാണ്. അതുകൊണ്ടു തന്നെ യുവജന വർഷത്തിലെ നമ്മുടെ ആപ്തവാക്യം "ഇവനെന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്ക 3:2) എന്ന ദൈവപിതാവിന്റെ വചസ്സുകൾ തന്നെയാണ്.

കാലത്തിന്റെ മാറ്റം ഏറ്റവും പ്രകടമാകുന്നത് യുവജനങ്ങളിലാണ്. യുവജനങ്ങൾ എന്നും മാറ്റത്തിന്റെ വക്താക്കളാണല്ലോ. യുവജനങ്ങളും യുവജന ശുശ്രൂഷയും സങ്കീർണ്ണമാണ്; പലപ്പോഴും ശ്രമകരവുമാണ്. അതിനാൽ തന്നെ ചിലരെങ്കിലും യുവജനങ്ങളെ ഭയപ്പെടുന്നു. മറ്റ് ചിലർ മാറ്റി നിർത്തുന്നു. ഇത് സംഭവിക്കാൻ പാടില്ല. ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ, യുവജനങ്ങളുടെ ശബ്ദം കേൾക്കപ്പെടേണ്ട ഒരു കാലഘട്ടമാണിത്.

നമ്മുടെ മക്കൾ കടന്നുപോകുന്ന അനവധി യുവസഹജമായ പ്രത്യേകതകളും പ്രശ്നങ്ങളും കണ്ടില്ലെന്ന് നടിക്കാനാവില്ല. നവമാധ്യമങ്ങളുടെ ദുഃസ്വാധീനം അനിയന്ത്രിതമായി വളരുന്നു. നന്മയും തിന്മയും തിരിച്ചറിയാൻ അവർക്ക് സാധിക്കുന്നില്ല. വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധികൾ അവരെ കുഴയ്ക്കുന്നു. വിവാഹപ്രായമായിട്ടും അവിവാഹിതരായി കഴിയേണ്ടി വരുന്ന യുവജനങ്ങളുടെ എണ്ണം അമ്പരപ്പിക്കുന്നതാണ്. സാമ്പത്തിക മാന്ദ്യം മൂലവും തൊഴിലില്ലായ്മ മൂലവും അവർ നട്ടം തിരിയുന്നു. ലഹരിക്കും അസാൻമാർഗ്ഗികതയ്ക്കും അടിമകളാകുന്ന യുവജനങ്ങളുടെ എണ്ണം ഞെട്ടിപ്പിക്കുന്നതാണ്. നിരാശയിലും ആത്മഹത്യയിലും വീഴുന്നത് അധികവും യുവജനങ്ങളാണ് എന്നത് അത്യന്തം വേദനാജനകമാണ്. ക്രൈസ്തവ വിശ്വാസത്തോട് വിടപറഞ്ഞ് തീവ്രവാദ പ്രസ്ഥാനങ്ങളിൽപ്പോലും നമ്മുടെ ഏതാനും യുവജനങ്ങൾ ചെന്നെത്തിയത് സഭാ ഗാത്രത്തെ അങ്ങേയറ്റം സങ്കടപ്പെടുത്തുന്നു.

ഈ പ്രതിസന്ധികളെ യാഥാർത്ഥ്യബോധത്തോടെ മനസ്സിലാക്കാൻ വിശ്വാസി സമൂഹം ഇനിയും അമാന്തിച്ചു കൂടാ. പല കാരണങ്ങളാൽ നഷ്ടപ്പെട്ടുപോകുന്ന നമ്മുടെ മക്കളെ മാതൃവാത്സല്യത്തോടെ തിരികെ കൊണ്ടുവരാനും ചേർത്തണയ്ക്കുവാനും ദൈവം നൽകിയിരിക്കുന്ന അസുലഭ അവസരമാണ് ഈ യുവജനവർഷം. ഈ കാലഘട്ടം യുവജനങ്ങളെ വെല്ലുവിളിക്കുകയും മുറിപ്പെടുത്തുകയും ചെയ്യുമ്പോൾ സ്നേഹംകൊണ്ടും പ്രാർത്ഥനകൊണ്ടും പ്രോത്സാഹനം കൊണ്ടും അവരെ സുഖപ്പെടുത്താനും അവരുടെ കൂടെ നിൽക്കാനും യുവാവായ ഈശോ നമ്മളെ വിളിക്കുന്നു.

എല്ലാ നന്മകളോടും കുറവുകളോടും കൂടി നമ്മുടെ മക്കളെ മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. യുവജനങ്ങൾ വിശുദ്ധരുടെ ഒരു ഗണമല്ലായിരിക്കാം; എന്നാൽ വിശുദ്ധി കൊതിക്കുന്ന ഒരു ഗണമാണ്. യുവജനങ്ങളുടെ ഭാഷ മനസ്സിലാക്കാനും സംസാരിക്കാനും നമ്മൾ പഠിക്കണം.

മാതാപിതാക്കൾ, വൈദീകർ, സമർപ്പിതർ, അദ്ധ്യാപകർ, യുവജനപ്രവർത്തകർ തുടങ്ങി എല്ലാ യുവജന ശുശ്രൂഷകരും തങ്ങളെ തന്നെ വിശുദ്ധീകരിക്കണം. യുവജന ശുശ്രൂഷയ്ക്കായി ഇടവകകൾ സജ്ജമാകണം. വ്യക്തികൾ മുന്നിട്ടിറങ്ങണം. ദൈവജനത്തിന്റെയും ഇടവകയുടെയും സമയവും സമ്പത്തും സാഹചര്യങ്ങളും ഒരു നിശ്ചിത ശതമാനമെങ്കിലും നമ്മുടെ യുവമക്കൾക്കായി മാറ്റിവെക്കണം. അവർക്ക് പ്രവർത്തിക്കാനുള്ള 'സ്പേസ്' (ഇടം) ഇടവകാ ഫൊറോന രൂപതാ സംവിധാനത്തിലുണ്ടാകണം. ഓരോ ഇടവകയും ഫൊറോനയും യുവജനവർഷത്തിൽ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാനായി സമഗ്രമായ പ്രവർത്തന പദ്ധതികൾ മുൻകൂട്ടി തയ്യാറാക്കി നടപ്പിലാക്കാൻ പരിശ്രമിക്കണം. ഇടവകയിലെ യുവജന പ്രസ്ഥാനത്തോട് ജീസസ് യൂത്ത് പോലെയുള്ള സംഘടനകളെ ഏകോപിപ്പിച്ച്, ഒരു കൂട്ടായ്മയുടെ യുവജനവർഷമായി ഇത് മാറട്ടെ.യുവജനവർഷത്തിൽ താഴെപറയുന്ന വിഷയങ്ങൾക്ക് പ്രാധാന്യം നൽകുവാൻ ശ്രദ്ധിക്കണം.

1. യുവജനങ്ങളുടെ ആദ്ധ്യാത്മിക പോഷണത്തിന് ഉപകരിക്കുന്ന കൺവെൻഷനുകൾ ഇടവകകൾ ചേർന്ന് സംഘടിപ്പിക്കുക.

2. അതിരൂപതയിലെ യുവജനങ്ങളുടെ ഒരു കൺവെൻഷൻ 'യൂത്ത് ബീറ്റ്സ്' (Youth Beats) എന്ന പേരിൽ നടത്തപ്പെടുന്നു. ഒരു ഇടവകയിൽ നിന്ന് ഭാരവാഹികൾ അടങ്ങുന്ന 10 യുവജനങ്ങളെ ഇതിൽ പങ്കെടുപ്പിക്കുക.

3. 'യൂത്ത് എലൈവ് 2018' എന്ന പേരിൽ ഇടവകാതല യുവജന സംഘടനാ ശാക്തീകരണം നടത്തുക. ഫൊറോന യൂത്ത് അസംബ്ലി പൂർത്തിയാക്കാത്ത ഫൊറോനകൾ ജൂൺ മാസത്തിനുള്ളിൽ ഇവ നടത്തി യൂത്ത് ആനിമേഷൻ ടീമിനെ രൂപീകരിക്കുക.

4. 'സത്യമറിയാൻ' എന്ന പേരിൽ പുറത്തിറക്കുന്ന യുവജന വിശ്വാസപരിശീലന 'ഹാൻഡ് ബുക്ക്' എല്ലാ യുവതീയുവാക്കൾക്കും ലഭ്യമാക്കുക. വിശ്വാസ വിഷയങ്ങളെ കുറിച്ച് സംവാദങ്ങളും ചർച്ചകളും സംഘടിപ്പിക്കുക.

5. പ്രവാസികളായ യുവജനങ്ങളെ ഏകോപിപ്പിക്കുക. 'ദി റിസൺ' (ദുഃഖശനിയാഴ്ച), 'ബെത്‌ലഹേം മീറ്റ്' (ക്രിസ്മസ് വേളയിൽ) യുവജനസംഗമം ഇടവകകളിൽ നടത്തുക.

6. 'കനിവ്' എന്ന പേരിൽ നടത്തുന്ന സാമൂഹ്യസേവന, കാരുണ്യ പ്രവർത്തികൾ ശക്തിപ്പെടുത്തുക. ഇവ കൂടാതെ വ്യത്യസ്ഥവും സമഗ്രവുമായ പ്രവർത്തനങ്ങൾ കോർത്തിണക്കി ഇടവകയുടെയും ഫൊറോനകളുടെയും യുവജന വർഷകർമ്മപദ്ധതി നിർമ്മിക്കുക.

യുവജനവർഷത്തിൽ നമ്മുടെ സത്വര ശ്രദ്ധ പതിയേണ്ട മേഖലയാണ് പഠനത്തിനും ജോലിക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഇടവകയ്ക്ക് പുറത്ത് ആയിരിക്കുന്ന പ്രവാസി യുവജന ശുശ്രൂഷ. നമ്മുടെ മക്കൾ പോകുന്ന ഇടങ്ങളിൽ അവരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് അജപാലകരുടെയും മാതാപിതാക്കളുടെയും ഉത്തരവാദിത്വമാണ്. ഇതിൽ അവരെ സഹായിക്കാൻ എല്ലാ യുവജനങ്ങളും മൈഗന്റ് ഫോം (migrant form) ഉപയോഗിക്കണം.

6 മാസത്തിലധികം സ്വന്തം ഇടവകയ്ക്ക് പുറത്ത് താമസിക്കുന്ന 15 വയസ്സിനും 30 വയസ്സിനും ഇടയിൽ പ്രായമായ എല്ലാ യുവജനങ്ങളും ഈ ഫോം ഡൗൺലോഡ് ചെയ്ത് സ്വന്തം ഇടവകയിലെ വികാരിയച്ചന്റെ ഒപ്പോടുകൂടി ചെല്ലുന്ന ഇടവകയിൽ നൽകേണ്ടതാണ്. 2018 മെയ് മാസം മുതൽ മാര്യേജ് കോഴ്സിൽ പങ്കെടുക്കാൻ ഇത് നിർബന്ധമാണ്. www.smymthalassery.com വെബ്സൈറ്റിൽ സൗജന്യമായി മൈഗ്രന്റ് ഫോം ലഭ്യമാണ്. കൂടാതെ പ്രവാസികളായ നമ്മുടെ മക്കൾക്ക് നവമാധ്യമങ്ങൾ വഴിയും ആത്മീയ ശുശ്രൂഷകൾ ലഭ്യമാക്കേണ്ടതാണ്.

വാത്സല്യമുള്ള യുവജനമക്കളെ, "ഞാൻ നിങ്ങളെ ഓർമ്മിക്കുമ്പോഴെല്ലാം എന്റെ ദൈവത്തിന് നന്ദി പറയുന്നു" (ഫിലിപ്പി 1:3). തിരുസഭയുടെ ഹൃദയത്തിലാണ് നിങ്ങളുടെ സ്ഥാനം. ഈശോമിശിഹായ്ക്ക് നിങ്ങളെക്കുറിച്ച് സുന്ദരമായ സ്വപ്നങ്ങളുണ്ട്. അതീവ പ്രതീക്ഷയോടെ ദൈവജനം മുഴുവൻ നിങ്ങളെ പാർത്തിരിക്കുന്നു. നിങ്ങൾ കരുത്താർജ്ജിക്കുമ്പോൾ സഭ ശക്തിപ്പെടുന്നു. നിങ്ങൾ വിശുദ്ധീകരിക്കപ്പെടുമ്പോൾ സഭ നിർമ്മലയാകുന്നു.

ദൈവജനത്തിന്റെ വാത്സല്യം മുഴുവൻ വഴിഞ്ഞൊഴുകുന്ന ഈ യുവജനവർഷത്തിൽ നിങ്ങളെക്കുറിച്ചുള്ള ദൈവസ്വപ്നങ്ങൾ പൂവണിയട്ടെ. അതിനായി നിങ്ങൾ ഉണർന്നെഴുന്നേൽക്കുക. കർത്തവ്യ ബോധ

മുള്ളവരാകുക. പരിശുദ്ധാത്മാവിന്റെ അഭിഷേകം സ്വീകരിക്കുക. വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഞാൻ നിങ്ങളെ ഓർമിപ്പിക്കട്ടെ. "അന്ധകാരത്തിന്റെ നിഷ്ഫലമായ പ്രവർത്തനങ്ങളിൽ നിങ്ങൾ പങ്കുചേരരുത്... കർത്താവിന് പ്രസാദകരമായിട്ടുള്ളവ എന്തെന്ന് വിവേചിച്ചറിയുവിൻ... പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ" (എഫേ 5:9). "സർവ്വോപരി ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് നിങ്ങളെ ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുക്കുവിൻ" (എഫേ 6:16).

മിശിഹായിൽ പ്രിയമുള്ളവരെ, അദ്ഭുതാവഹമായ ക്ഷമയും പരിശുദ്ധാത്മാവിന്റെ കൃപയും യുവജനശുശ്രൂഷ നടത്താൻ അത്യന്താപേക്ഷിതമാണ്. യുവജനമക്കളെ ശ്രവിക്കാം, അവരെക്കുറിച്ച് പഠിക്കാം, അവരുടെ കൂടെ നടക്കാം. ഫ്രാൻസിസ് മാർപാപ്പയോട് ചേർന്ന് നിന്ന്കൊണ്ട് തിരുസഭയുടെ യുവജന ചിന്തകൾക്ക് നമ്മുടെ അതിരൂപതയിൽ പുതിയ ഒരു രൂപം നൽകുവാൻ നമുക്ക് സാധിക്കട്ടെ. യുവാവായ ക്രിസ്തുവിന്റെ ഹൃദയത്തിന് ചേർന്ന യുവമക്കളെ രൂപീകരിക്കാൻ ദൈവാത്മാവിന്റെ ശക്തമായ അഭിഷേകം നമുക്കോരോരുത്തർക്കും ലഭിക്കട്ടെ.

വ്യക്തമായ യുവജനവർഷ പദ്ധതികളോടെ ഈ യുവജനവർഷം നമുക്കാരംഭിക്കാം. സമയബന്ധിതമായി അവ പൂർത്തിയാക്കാം. കാലം ഇന്നുവരെ സാക്ഷ്യം വഹിച്ചിട്ടില്ലാത്ത ഒരു വലിയ യുവജന മുന്നേറ്റവും ശാക്തീകരണവും ഇടവകകളിൽ സംഭവിക്കട്ടെ. ഈ ചരിത്ര നിയോഗത്തിനായി അജപാലകരെയും സമർപ്പിതരെയും ദൈവവിശ്വാസികളെയും പരിശുദ്ധാത്മാവ് അഭിഷേകത്താൽ നിറയ്ക്കട്ടെ. യുവജന വർഷാശംസകൾ ഹൃദയപൂർവ്വം നേർന്നുകൊണ്ട്

സ്നേഹപൂർവ്വം, നിങ്ങളുടെ വൽസല പിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
21-02-2018 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 മാർച്ച് 4-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Prot. No. 81/18 സർക്കുലർ നമ്പർ 03/2018**

# അതിരൂപതാദിനം - ജീവകാരുണ്യനിധി

ഈശോയിൽ സ്നേഹമുള്ളവരേ,

നമ്മുടെ അതിരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾദിനമായ മാർച്ച് 19 അതിരൂപതാ ദിനമായികൂടി നാം ആചരിക്കുകയാണല്ലോ. ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥശക്തിയിൽ ആശ്രയിച്ചുകൊണ്ടാണ് തലശ്ശേരി രൂപതയ്ക്ക് അടിത്തറയിട്ടത്. "1954 മാർച്ച് 19-ാം തീയതി വി. യൗസേപ്പ്പിതാവിന്റെ തിരുനാൾ ദിവസം തലശ്ശേരി രൂപതാഭരണം ആരംഭിച്ചതുമുതൽ ഏതെല്ലാം വിധത്തിൽ ആ നല്ല പിതാവ് നമ്മെ സഹായിച്ചിട്ടുണ്ടെന്ന് വിവരിക്കുക പ്രയാസമാണ്." എന്ന് പിതാവ് തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ദൈവം നമ്മോടുകൂടെ പേജ് 306). ഇന്നും തിരുകുടുംബകാവൽക്കാരന്റെ സംരക്ഷണവും പരിപാലനയും തന്നെയാണ് നമ്മുടെ ബലം.

നമ്മുടെ അതിരൂപത സ്ഥാപിതമായിട്ട് 65 വർഷമായി. അടുത്ത പത്തുവർഷങ്ങൾ പ്ലാറ്റിനം ജൂബിലിക്കുള്ള ഒരുക്കം എന്നനിലയിൽ ഓരോ വർഷവും ഓരോ പ്രത്യേക മേഖലക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ദശവാർഷികാചരണത്തിന് അതിരൂപതാ അസംബ്ലി തീരുമാനിക്കുകയുണ്ടായല്ലോ. അതിൽ ആദ്യത്തെ വർഷം യുവജനവർഷമായി നാം ആചരിക്കുകയാണ്. ഒപ്പം ഭവനനിർമ്മാണപദ്ധതി, പ്ലാസ്റ്റിക് നിർമ്മാർജന പദ്ധതി, കൗൺസലിംങ്ങ് സെന്റർ, വിവിധ പരീക്ഷകൾക്കുള്ള കോച്ചിംങ്ങ് സെന്ററുകൾ, കുടുംബകൂട്ടായ്മകൾക്കുള്ള ഡിപ്പാർട്ടുമെന്റ് തുടങ്ങി അസംബ്ലിയിലെടുത്ത തീരുമാനങ്ങൾ നാം ഈ വർഷംതന്നെ നടപ്പിലാക്കുകയാണ്. നമ്മുടെ ഈ പദ്ധതികളെയെല്ലാം ഞാൻ വി. യൗസേപ്പിതാവിന്റെ പരിപാലനയ്ക്ക് സമർപ്പിക്കുന്നു. ഈ സംരംഭങ്ങൾ വിജയിപ്പിക്കുന്നതിന് നിങ്ങൾ എല്ലാവരുടെയും അകമഴിഞ്ഞ പിന്തുണയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ അതിരൂപതാകുടുംബത്തിന് മാർ യൗസേപ്പിതാവിലൂടെ ദൈവം നല്കികൊണ്ടിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങളെ നമുക്ക് അനുസ്മരിക്കുകയും അവിടുത്തേക്ക് നന്ദി പറയുകയും ചെയ്യാം. പതിവുപോലെ അതിരൂപതാദിനത്തിൽ പള്ളിച്ചിലവിൽ വി. യൗസേപ്പിതാവിന്റെ മഹത്വത്തിനായി വി. കുർബാന അർപ്പിക്കേണ്ടതാണ്.

അതിരൂപതാദിനത്തോടനുബന്ധിച്ച് നാം നടത്തുന്ന മാതൃകാപരമായ പരിപാടിയാണ് ജീവകാരുണ്യഫണ്ട് സമാഹരണം. തപസിന്റെയും പ്രായശ്ചിത്തത്തിന്റെയും പങ്കുവയ്ക്കലിന്റെയും അവസരമായ നോമ്പുകാലത്തിലൂടെ നാം കടന്നുപോകുന്ന ഈ ദിവസങ്ങളിൽ നമ്മുടെ വരുമാനത്തിന്റെ ഓരോഹരി കഷ്ടത അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുന്നത് ശ്ലാഘനീയമായ കാര്യമാണ്. ധനവാന്റെ പടിവാതിൽക്കൽ കിടക്കുന്ന ലാസറിനെപ്പോലെ നമ്മുടെ കാരുണ്യവും ദയയും പ്രതീക്ഷിച്ചുകഴിയുന്ന അനേകം സഹോദരർ നമുക്കു ചുറ്റുമുണ്ടെന്ന് ഓർമ്മിക്കാം. നോമ്പിന്റെ ചൈതന്യം ഭക്ഷണസാധനങ്ങൾ വർജ്ജിക്കുന്നതിൽ മാത്രമല്ല അടങ്ങിയിരിക്കുന്നത്. നമ്മുടെ ത്യാഗത്തിന്റെ ഫലം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കൂടി നമുക്ക് സാധിക്കണം.

ഇന്നത്തെ ലോകത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തികക്രമത്തിൽ പാവപ്പെട്ടവർ വളരെയധികം ഞെരുങ്ങുന്നുണ്ട്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ചിലവ് വളരെയധികം വർദ്ധിച്ചിരിക്കുന്നു. സമൂഹത്തിലെ ഏറ്റവും നിർധനരായവരുടെ ഈ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ നാമൊന്നിച്ചു പരിശ്രമിക്കണം. നല്ല അയൽക്കാരായിമാറാൻ, നല്ല സമറിയാക്കാരാകാൻ ഈ നോമ്പുകാലത്ത് പരിശ്രമിക്കാം.

കഴിഞ്ഞ വർഷങ്ങളിലെല്ലാം നിങ്ങൾ ജീവകാരുണ്യഫണ്ട് സമാഹരണത്തോട് ഔദാര്യപൂർവ്വം സഹകരിച്ചിട്ടുണ്ട്. അതുവഴി പാർപ്പിടമില്ലാത്തവരും രോഗികളും വിദ്യാഭ്യാസ സൗകര്യങ്ങളില്ലാത്തവരും വിവാഹം ചെയ്തയക്കാൻ നിവൃത്തിയില്ലാത്തവരുമായ ആയിരക്കണക്കിനാളുകൾക്ക് ആശ്രയമാകുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. "ഈ ചെറിയവരിൽ ഒരുവന് ഒരു പാത്രം പച്ചവെള്ളം കൊടുക്കുന്നവനുപോലും നൂറിരട്ടി പ്രതിഫലം ലഭിക്കും" എന്ന് വാഗ്ദാനം ചെയ്ത കർത്താവ് നമ്മുടെ ഔദാര്യത്തിന് അകമഴിഞ്ഞ് പ്രതിഫലം തരും എന്നതിന് സംശയമില്ല.

കഴിഞ്ഞവർഷം ജീവകാരുണ്യനിധിയിലേക്ക് ലഭിച്ച ആകെ തുക നാല്പത്തേഴുലക്ഷത്തിതൊണ്ണൂറ്റയ്യായിരത്തി ഇരുന്നൂറ്റി എൺപത്തൊമ്പത് (47,95,289) രൂപയാണ്. അതിൽ നിന്ന് ചികിത്സാസഹായമായി 4,81,000 രൂപയും വിവാഹസഹായം 8,02,500 രൂപയും ഭവനനിർമ്മാ

ണത്തിന് 7,47,000 രൂപയും ചികിത്സാസഹായമായി 12,30,000 രൂപയും മറ്റിനങ്ങളിൽ 67,000 രൂപയും വ്യക്തികൾക്കും കുടുംബങ്ങൾക്കുമായി നൽകി. നിങ്ങളുടെ സന്മനസ്സുവഴി ബുദ്ധിമുട്ടുകളിൽ അല്പമെങ്കിലും ആശ്വാസം ലഭിച്ച നമ്മുടെ ഇടയിലെ പാവപ്പെട്ടവരുടെ പേരിൽ നിങ്ങൾക്കോരോരുത്തർക്കും ഞാൻ നന്ദി പറയുന്നു.

മുൻവർഷങ്ങളിലേതുപോലെ ഇക്കൊല്ലവും വാർഡ് പ്രതിനിധികൾ മുഖേന സംഭാവനക്കുള്ള കവറുകൾ നിങ്ങളുടെ ഭവനങ്ങളിൽ എത്തിച്ചുതരുന്നതാണ്. നിങ്ങളുടെ സംഭാവനകൾ ഈ കവറുകളിൽ നിക്ഷേപിച്ച് മേൽവിലാസം രേഖപ്പെടുത്തിയ സ്ലിപ്പ് സഹിതം മാർച്ച് 18-ാം തീയതി ഞായറാഴ്ച ദൈവാലയത്തിൽ സ്തോത്രക്കാഴ്ചയായി സമർപ്പിക്കുകയോ വാർഡുപ്രതിനിധികളെ ഏല്പിക്കുകയോ ചെയ്യണമെന്ന് താൽപര്യപ്പെടുന്നു. ഈ വർഷം കൂടുതൽ ഉദാരമായി സംഭാവനചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ കുടുംബവും അവരുടെ ഒരു ദിവസത്തെ വരുമാനത്തിനു തുല്യമായ തുകയെങ്കിലും നല്കാൻ ശ്രമിക്കുമല്ലോ. ബഹു. വികാരിയച്ചന്മാർ കൃത്യസമയത്തുതന്നെ കവറുകൾ എത്തിച്ചുകൊടുക്കാനും തുക സമാഹരിച്ച് ഏപ്രിൽ മാസത്തിൽ തന്നെ അതിരൂപതാകേന്ദ്രത്തിൽ എത്തിക്കാനും വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

പങ്കുവയ്ക്കലിന്റെ ഈ കൂട്ടായ യജ്ഞത്തിൽ ഔദാര്യപൂർവ്വം പങ്കുകൊള്ളുവാൻ ഞാൻ നിങ്ങളേവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. നമ്മുടെ അതിരൂപതയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം വഴി ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. വി. യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങളും ഒപ്പം അനുഗൃഹീതമായ നോമ്പുകാലവും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവ്വം, നിങ്ങളുടെ വൽസല പിതാവ്,

തലശ്ശേരി
23-02-2018

നിങ്ങളുടെ വത്സലപിതാവ്
**മാർ ജോർജ് ഞറളക്കാട്ട്**

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 മാർച്ച് 11-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Prot. No. 82/18 സർക്കുലർ നമ്പർ 04/2018**

# ദൈവവിളി വാരം

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഞാൻ ആരായിത്തീരണം? ദൈവം എനിക്ക് നല്കിയ ജീവിതം എന്ന മഹാദാനം എന്നെ സംബന്ധിച്ച് എങ്ങനെയാണ് അന്വർത്ഥമാക്കേണ്ടത്? യൗവനത്തിലേക്ക് പ്രവേശിക്കുന്ന യുവതീയുവാക്കന്മാരെ അലട്ടാവുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. വ്യക്തമായ മാർഗ്ഗദർശനം ലഭിക്കാൻ ചുറ്റും നോക്കുന്ന നമ്മുടെ കുട്ടികൾക്ക് പ്രാർത്ഥന, മാതൃക, നിർദ്ദേശങ്ങൾ എന്നിവ വഴിയായി കൃത്യമായ അവസരമൊരുക്കുവാൻ സഭക്ക് മുഴുവനും കടമയുണ്ട്. സഭയുടെ ഈ രംഗത്തുള്ള കൂട്ടായ പരിശ്രമത്തിന്റെ ബാഹ്യരൂപമാണ് ദൈവവിളിവാരം. പൂർണമായും വികസിതമാകേണ്ട ചെറിയ പൂമൊട്ടാണ് ദൈവവിളി. നോക്കിക്കണ്ടും കാതോർത്തും ധ്യാനിച്ചും ചിന്തിച്ചും വിലയിരുത്തിയും ആണ് ഈ പൂമൊട്ടുകൾ വിടരുന്നത്.

ദൈവവിളി കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും വളർത്താനും സഭ മുഴുവനും കൂട്ടായി പരിശ്രമിക്കേണ്ടതുണ്ട്. മനുഷ്യന്റെ കൂടെ നടക്കുന്ന ദൈവത്തിന്റെ ചിത്രം വേദപുസ്തകം മുഴുവനിലും കാണാം. ദൈവവിളിയെപ്പറ്റി വിവരിക്കുന്നവേളയിൽ ഈ അനുയാത്ര വളരെ പ്രകടമാണ്. കർത്താവിന്റെ പ്രീതിയിൽ നടന്ന നോഹയും വിശ്വാസികളുടെ പിതാവായ അബ്രാഹവും ഒരു ജനത്തിന്റെ കൈപിടിക്കാൻ ദൈവം വിളിച്ച മോശയും നിദ്രയിൽനിന്ന് ദൈവം പതുക്കെ വിളിച്ചുണർത്തിയ സാമുവലും മാതാവിന്റെ ഉദരത്തിലായിരിക്കും മുമ്പേ ദൈവം വിശുദ്ധീകരിച്ച ജറെമിയായും മറ്റു വി. ഗ്രന്ഥത്തിലെ വിളിക്കപ്പെട്ടവരും ദൈവത്തോടൊത്ത് സഹയാത്ര നടത്തിയവരാണ്. മനുഷ്യനെ ദൈവത്തിലേക്കടുപ്പിക്കാൻ ദൈവം മനുഷ്യനായി. ഈ വലിയ യാത്രയാണ് പഴയ നിയമത്തിന്റെ അവ്യക്ത തയിൽനിന്നും പുതിയ നിയമത്തിന്റെ സ്പഷ്ടതയിലേക്ക് നമ്മെ നയിക്കുന്നത്.

പഴയനിയമത്തിൽ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും വെളിപ്പെടുത്തിയ ദൈവം പുതിയ നിയമത്തിൽ മജ്ജയും മാംസവുമുള്ള മനുഷ്യനായി പ്രത്യക്ഷനായി. ആഗ്രഹിക്കുന്നവർക്കെല്ലാം സഹചാരിയായി മാറുന്ന ദൈവപുത്രൻ സർവ്വരേയും ദൈവത്തിലേയ്ക്ക് അടുപ്പിക്കുന്നതാണ് പുതിയ നിയമം. ദൈവപുത്രനെപ്പോലെ

ഓരോ കാലഘട്ടത്തിലും ദൈവജനത്തോടൊപ്പം യാത്ര ചെയ്യാൻ ദൈവം കരുതലോടെ തിരഞ്ഞെടുക്കുന്ന ദൈവമനുഷ്യരാണ് സമർപ്പിതർ.

ദൈവകൃപയാൽ സമർപ്പിത വിളികൾ നമുക്ക് ധാരാളമുണ്ട്. അവയുടെ എണ്ണം കുറയുന്നുണ്ടെന്നത് വസ്തുതയാണെങ്കിലും പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് നിലനിൽക്കുന്ന ധാരാളം ദൈവവിളികൾ നമുക്കുണ്ട്. ഒരുപക്ഷേ സമർപ്പിതർ ആവശ്യത്തിന് ഉള്ളപ്പോൾ അവരുടെ വില നമ്മൾ മനസ്സിലാക്കുന്നില്ല. കാലം എത്ര കഴിഞ്ഞാലും ലോകം എന്തുമാത്രം പുരോഗതി പ്രാപിച്ചാലും ശാസ്ത്രസാങ്കേതിക നേട്ടങ്ങളിൽ വൻ കുതിച്ചുചാട്ടം നടത്തിയാലും സമർപ്പിത ജീവിതത്തിന്റെ വിശിഷ്യാ പൗരോഹിത്യജീവിതത്തിന്റെ പ്രസക്തി ഒരിക്കലും കുറയുന്നില്ല. പൗരോഹിത്യത്തിന്റെ യഥാർത്ഥ ഔന്നത്യം തിരിച്ചറിയുന്നതുകൊണ്ടാണ് ശാസ്ത്രജ്ഞരും ഡോക്ടർ മാരും എഞ്ചിനിയേഴ്സുമൊക്കെ പൗരോഹിത്യത്തിലേക്ക് കടന്നു വരുന്നത്. ദൈവത്തിന്റെകൂടെ വസിച്ച് ദൈവജനത്തെ സ്നേഹിക്കാൻ, അവർക്കു ശുശ്രൂഷ ചെയ്യാൻ, അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ നിയുക്തനാകുന്നവനാണ് വൈദികൻ. ആട്ടിൻപറ്റത്തെ സമൃദ്ധമായ പുൽത്തകിടികളിലേക്കും വറ്റാത്ത നീർച്ചാലുകളിലേക്കും നയിക്കുന്ന, മാർഗ്ഗഭ്രംശം സംഭവിച്ച ആടുകളെ അന്വേഷിച്ചിറങ്ങുന്ന മുറിവേറ്റവയെ തോളിലേറ്റുന്ന, ആടുകൾക്കായി ജീവൻ അർപ്പിക്കുന്ന നല്ല ഇടയൻ മാത്രമാണ് പൗരോഹിത്യത്തിന്റെ സമ്പൂർണ്ണ മാതൃക.

ദൈവവിളിയുടെ വളർച്ചയുടെ പിന്നാമ്പുറങ്ങളെക്കുറിച്ചും പരി സരങ്ങളെക്കുറിച്ചും സ്നേഹത്തോടെ ഓർമ്മപ്പെടുത്തട്ടെ. ഉത്തമ കുടും ബങ്ങളിലാണ് ദൈവവിളികൾ മൊട്ടിടുക. കുടുംബങ്ങൾ ആണല്ലോ ദൈവവിളികളുടെ നഴ്സറി. ദൈവവിളികളുടെ ഗുണവും എണ്ണവും വർദ്ധിക്കാൻ കുടുംബങ്ങളുടെ ഗുണമേന്മ വർദ്ധിക്കുകതന്നെ വേണം. 'ഗാർഹികസഭ'യായ കുടുംബങ്ങൾ പാവനമായാലേ ദൈവവിളികളും വളരുകയുള്ളൂ. കർത്താവിന്റെ കൂടെ ഭർത്താവും ഭാര്യയും യാത്രചെ യ്യണം. വിവാഹജീവിതം വിശുദ്ധമായി നയിക്കണം. ദാമ്പത്യജീവിത ത്തിൽ ഒരുമിച്ച് സമർപ്പിക്കണം. പ്രാർത്ഥന, സ്നേഹം, സമർപ്പണം, എന്നിവ കുടുംബങ്ങളിലൂടെ സംസ്ക്കാരമായി രൂപപ്പെടണം. തങ്ങൾ ആയിരിക്കുന്ന ഇടത്തിന്റെ പരിശുദ്ധി തിരിച്ചറിഞ്ഞ് ആ പരിശുദ്ധിക്ക് നിരക്കാത്തവ; അവിശ്വസ്തത, അശുദ്ധി, മദ്യപാനം, വ്യക്തികളെയും കുടുംബങ്ങളെയും തകർക്കുന്ന മൂലപാപങ്ങൾ തുടങ്ങിയവയെല്ലാം

വർജ്ജിക്കണം. വി. പത്താം പീയൂസ് മാർപാപ്പയോട് അമ്മ പറഞ്ഞ വാക്കുകൾ സ്മരണീയമാണ് “എന്റെ വിവാഹത്തിന്റെ മോതിരം ഈ കാലമത്രയും വിശുദ്ധിയോടും വിശ്വസ്തതയോടുംകൂടെ ധരിച്ചതു കൊണ്ടാണ് നിനക്കിന്ന് മാർപാപ്പയുടെ സ്ഥാനമോതിരം ധരിക്കാൻ ഭാഗ്യം ലഭിച്ചത്.” ദൈവാശ്രയബോധത്തിലും സമർപ്പിതരോടുള്ള ആദരവിലും മനുഷ്യഗുണങ്ങളിലും കുടുംബമൂല്യങ്ങളിലും മാതാപിതാക്കൾ മുന്നിട്ടു നിൽക്കട്ടെ. ജ്ഞാനത്തിലും പ്രായത്തിലും ദൈവ-മനുഷ്യപ്രീതിയിലും കുഞ്ഞുങ്ങൾ വളരട്ടെ. സ്വാർത്ഥചിന്തകളാൽ നയിക്കപ്പെടാതെ, ക്യാൻസർ രോഗിയായതിനാൽ ഗർഭസ്ഥശിശുവിന്റ ജീവൻ നശിപ്പിക്കാൻ കാരണമുണ്ടായിട്ടും തന്റെ 8-ാമത്തെ കുഞ്ഞിന് ജന്മംനൽകി എട്ടുമക്കളെയും പങ്കാളിയെയും ഒരു പോലെ സ്നേഹിച്ച് കഴിഞ്ഞ ക്രിസ്മസ്ദിനത്തിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട സ്വപ്ന എന്ന വീട്ടമ്മ ഈ കാലഘട്ടത്തിലെ ദമ്പതികൾക്ക് നല്ലൊരു മാതൃകയാണ്.

സമർപ്പിതരുടെ ജീവിതമാതൃകയും നല്ല ഇടവകാന്തരീക്ഷവും ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്ന പ്രധാന ഘടകങ്ങളാണ്. “എല്ലായിടത്തും സുവിശേഷം പ്രഘോഷിക്കുക. ആവശ്യമെങ്കിൽ മാത്രം വാക്കുകളിലൂടെ” എന്ന വി. ഫ്രാൻസിസ് അസീസിയുടെ വാക്കുകൾ പ്രധാനപ്പെട്ടതാണ്. “1000 ടൺ ഉപദേശത്തെക്കാൾ പ്രധാനമാണ് ഒരു ടീസ്പൂൺ പ്രവൃത്തി” എന്ന ചൈനീസ് പഴമൊഴി വളരെ ചിന്തനീയമാണ്. യേശുവിന്റെ ഉദാത്തമായ മാതൃകയിൽ ആകൃഷ്ടരായാണ് ആദ്യ ശിഷ്യന്മാർ അവനെ അനുഗമിച്ചത് എന്ന് തിരിച്ചറിയുക. ചില സമർപ്പിതർ ഉള്ളിടങ്ങളിലും ചില ഇടവകകളിലും ദൈവവിളികൾ കൂടുന്നതിന്റെ കാരണങ്ങൾ വ്യക്തമാണ്. ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ നമ്മുടെ അതിരൂപതയിലെ ദൈവജനം വളരെ മുൻപന്തിയിലാണ്. വൊക്കേഷൻ ബ്യൂറോയിൽ പ്രവർത്തിക്കുന്നവരെയും സെമിനാരി പരിശീലനത്തെ പ്രാർത്ഥനകൊണ്ടും സമ്പത്തുകൊണ്ടും സഹായിക്കുന്ന ഉപകാരികളുടെ സന്മനസിനെയും സേവനങ്ങളെയും ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു.

പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും അന്തരീക്ഷത്തിൽ ഈ വർഷത്തെ ദൈവവിളി വാരം നമുക്ക് ആചരിക്കാം. ദൈവവിളി പ്രോത്സാഹനത്തിൽ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇത്തവണ നമ്മുടെ അതിരൂപതയിൽ ഏപ്രിൽ മാസം 8-11 തീയതികളിലാണ് പൊതുവായ ദൈവവിളി ക്യാമ്പുകൾ നടക്കുന്നത്. ആൺകുട്ടി

കൾക്ക് പടന്നക്കാട്, മേരിഗിരി, കുന്നോത്ത്, തലശ്ശേരി സെമിനാരി എന്നിവിടങ്ങളിലും പെൺകുട്ടികൾക്ക് പരിയാരം മദർഹോമിലുമാണ് ക്യാമ്പുകൾ നടത്തുന്നത്. ഈ വർഷം വിവിധ സെമിനാരികളിലും കോൺവെന്റുകളിലും ചേരാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും ഈ ക്യാമ്പുകളിൽ പങ്കെടുക്കുകയും അതിരൂപതയിൽനിന്ന് NOC വാങ്ങുകയും ചെയ്യേണ്ടതാണ്. തലശ്ശേരി അതിരൂപതാ മൈനർ സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ സെലക്ഷൻ ക്യാമ്പ് ഏപ്രിൽ 15-18 തീയതികളിലാണ്. ക്യാമ്പുകൾക്ക് നേതൃത്വം നൽകുന്നവരെയും വിവിധ സ്ഥലങ്ങളിലെ സംഘാടകരെയും ക്യാമ്പുകളിൽ പങ്കെടുക്കുന്നവരെയും ഓർത്തു പ്രാർത്ഥിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു കാര്യംകൂടി നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ. നമ്മുടെ അതിരൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പഠനചിലവ് നമ്മൾ തന്നെ കണ്ടെത്തേണ്ട സ്ഥിതിവിശേഷമാണുള്ളത്. മുൻവർഷങ്ങളിലെപ്പോലെ ഓശാന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച വൈദികവിദ്യാർത്ഥികൾക്കായി മാറ്റിവയ്ക്കാം. ഒരു ദിവസത്തെ വരുമാനത്തിന് തുല്യമായ തുക തന്ന് സഹകരിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

അതുപോലെ നമ്മുടെ പല മിഷൻ രൂപതകൾക്കും പ്രേഷിത പ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ വേണ്ടത്ര വൈദികരെ ലഭിക്കുന്നില്ല. ഭാരതം മുഴുവനിലും നമുക്ക് അജപാലനപരവും പ്രേഷിതപ്രവർത്തനപരവുമായ സ്വാതന്ത്ര്യം നല്കിക്കൊണ്ട് പരിശുദ്ധ പിതാവ് ഷംഷാബാദ്, ഹോസൂർ രൂപതകൾ സ്ഥാപിക്കുകയുണ്ടായല്ലോ. ഈ സാഹചര്യത്തിൽ കൂടുതൽ വൈദികരുടെയും സമർപ്പിതരുടെയും ആവശ്യം ഉണ്ട്. കേരളത്തിലെ അജപാലന ശൈലി അപ്പാടെ മിഷൻ രൂപതകളിൽ പ്രാവർത്തികമാക്കാൻ സാധ്യമല്ലാത്തതു കൊണ്ട് സീറോ-മലബാർ സഭാകേന്ദ്രം നേരിട്ട് മിഷൻരൂപതകളിലേക്കുള്ള അർത്ഥികളെ സ്വീകരിച്ച് മിഷൻ പരിശീലനം നല്കാനുള്ള സംരംഭത്തിന് ഇക്കഴിഞ്ഞ സഭാസിനഡ് തീരുമാനമെടുത്തിരുന്നു. അതിനാൽ നമ്മുടെ അതിരൂപതയിൽനിന്ന് മിഷനറി വൈദികനാകാൻ ആഗ്രഹിക്കുന്ന 10-ാം ക്ലാസ്സോ ഉപരി വിദ്യാഭ്യാസ യോഗ്യതകളോ ഉള്ള കുട്ടികൾ സീറോ-മലബാർ വൊക്കേഷൻ കമ്മീഷനിൽ അപേക്ഷിക്കണം. കമ്മീഷൻ സെക്രട്ടറിയുടെ അഡ്രസ്സും മറ്റ് വിവരങ്ങളും ഈ ലക്കം ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. ബഹു. വികാരിയച്ചന്മാർ പുതിയ മിഷൻ രൂപതകളിലേക്കുകൂടി താത്പര്യമുള്ള കുട്ടികളെ പ്രോത്സാഹിപ്പിച്ച് പറഞ്ഞയയ്ക്കുമല്ലോ.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹം നേരുന്നു.

സ്നേഹപൂർവ്വം, നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
16-02-2018 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 മാർച്ച് 18-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

1. ഓശാനയുടെ തലേ ഞായറാഴ്ച സർക്കുലർ വായിക്കുകയും സ്തോത്രക്കാഴ്ചയെക്കുറിച്ച് ഓർമ്മപ്പെടുത്തുകയും ചെയ്യുമല്ലോ.
2. പൗരോഹിത്യ-സമർപ്പിത ദൈവവിളികൾ സ്വീകരിക്കാൻ കുട്ടികളെ ദൈവവിളി ക്യാമ്പുകളിലേക്ക് പറഞ്ഞയക്കാൻ ശ്രദ്ധിക്കണേ.
3. അതിരൂപതയുടെ പുറത്തുള്ള സെമിനാരികളിലും കോൺവെന്റുകളിലും ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾ അതിരൂപതയിൽനിന്നും നിർബന്ധമായും NOC വാങ്ങണം.
4. നമ്മുടെ അതിരൂപതയ്ക്കുവേണ്ടി ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവരുടെ പേരുവിവരങ്ങൾ അറിയിക്കുകയും ചെയ്യുമല്ലോ.
5. ദൈവവിളി ക്യാമ്പിന്റെ ഫീസ് 500 രൂപ ആയിരിക്കും. (വിശദവിവരങ്ങൾ സെമിനാരി വാർത്തകളിൽ).

**Prot. No. 89/18 സർക്കുലർ നമ്പർ 05/2018**

# വിശ്വാസോത്സവം

ഈശോയിൽ സ്നേഹമുള്ളവരെ

2017-2018 അധ്യയന വർഷത്തെ കുട്ടികളുടെ വിശ്വാസപരിശീലനം ഏപ്രിൽ 7 നുള്ള ഈസ്റ്റർ പരീക്ഷയോടെ സമാപിക്കുകയാണല്ലോ. ഒരു അധ്യയനവർഷം മുഴുവൻ ഈശോയെക്കുറിച്ചും തിരുസഭയെക്കുറിച്ചും പഠിച്ച കാര്യങ്ങൾ കൂടുതൽ അനുഭവതലത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഏപ്രിൽ 2 മുതൽ 5 വരെ നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം ആചരിക്കുന്നത്.

കുട്ടികളുടെ മതബോധനം കൂടുതൽ ആകർഷകവും ജീവിതബന്ധിയും അവരുടെ സമഗ്രവ്യക്തിത്വ വികസനത്തിനുപകരിക്കുന്നതുമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നമ്മുടെ അതിരൂപതയിൽ അധ്യയനവർഷത്തിന്റെ സമാപനം സമ്മർക്ലാസിനുപകരം വിശ്വാസോത്സവ ദിനങ്ങളായി ആചരിക്കുന്നത്. ഈ വർഷം വിശ്വാസോത്സവത്തിൽ ഒന്നാം ക്ലാസ് മുതൽ പതിനൊന്നാം ക്ലാസ് വരെയുള്ള കുട്ടികളാണ് പങ്കെടുക്കേണ്ടത്. 12-ാം ക്ലാസിലെ കുട്ടികൾ അധ്യാപകരുടെ സഹായികളായി പ്രവർത്തിക്കേണ്ടതാണ്. അവരെ ഈ കാര്യം നേരത്തേ അറിയിച്ച് ഒരുക്കേണ്ടതാണ്. ലിറ്റിൽ ഫ്ളവർ വിഭാഗം, ജീവന്റെ അപ്പം, ഡൊമിനിക് സാവിയോ വിഭാഗം, അൽഫോൻസാ വിഭാഗം, സെന്റ് തോമസ് വിഭാഗം എന്നിങ്ങനെ 5 വർക്ക് ബുക്കുകളാണ് കുട്ടികളുടെ ഉപയോഗത്തിനായി തയ്യാറായിരിക്കുന്നത്. എല്ലാ കുട്ടികൾക്കും അധ്യാപകർക്കും വർക്ക് ബുക്ക് ഉണ്ടായിരിക്കേണ്ടതാണ്.

2018 ഏപ്രിൽ 2 മുതൽ 5 വരെ 4 ദിവസങ്ങളായിട്ടാണ് വിശ്വാസോത്സവം നടത്തുന്നത്. അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 6-ാം തീയതി വെള്ളിയാഴ്ച്ച കുട്ടികൾക്ക് പരീക്ഷയ്ക്ക് ഒരുങ്ങാനുള്ള ദിവസമായി നല്കുന്നതിനാൽ അന്നത്തെ വർക്ക്ബുക്ക് കൂടി 5-ാം തീയതി വ്യാഴാഴ്ച്ച ചെയ്യേണ്ടതുകൊണ്ട് അന്ന് വൈകുന്നേരംവരെയും ബാക്കിയുള്ള ദിവസങ്ങളിൽ 5 മണിക്കൂർ സമയം ലഭിക്കത്തക്കവിധമാണ്എല്ലാ ഇടവകകളിലും ക്ലാസുകൾ ക്രമീകരിക്കേണ്ടത്. ദിവസത്തിന്റെ എണ്ണവും സമയക്രമവും എല്ലാ സൺഡേ സ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമിപ്പി

ക്കുന്നു. എല്ലാ ദിവസവും രാവിലെ വിശുദ്ധ കുർബ്ബാനയോടുകൂടി യാണ് ക്ലാസുകൾ ആരംഭിക്കേണ്ടത്.

ഏപ്രിൽ നാലാം തീയതി ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം ആഘോഷി ക്കുകയാണല്ലോ. തലശ്ശേരി അതിരൂപതയുടെ അഭിവൃദ്ധിക്കും മലബാർ മേഖലയുടെ ഉന്നമനത്തിനുമായി പിതാവ് ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ അടുത്ത തലമുറക്ക് പകർന്നു കൊടുക്കേണ്ടത് നമ്മുടെ കടമയാണ്. അതിരൂപതയിലെ സൺഡേസ്കൂളുകളുടെ നേതൃത്വ ത്തിൽ മിഷൻലീഗ്, കെ.സി.വൈ.എം. തുടങ്ങിയ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഈ വർഷം മുതൽ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികദിനമായ ഏപ്രിൽ 4-ാം തീയതി ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനദിനമായി ആചരിക്കുക യാണ്. മൂന്ന് റീജനുകളായി തിരിച്ച് ഏപ്രിൽ 2,3,4 തീയതികളിലായി പത്താം ക്ലാസിൽ വേദപാഠം പഠിക്കുന്ന എല്ലാ കുട്ടികളും വിശ്വാസോ ത്സവത്തിന്റെ ഭാഗമായി പിതാവിന്റെ കബറിടം സന്ദർശിച്ച് പിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുന്നു. കൂടാതെ കുടിയേറ്റ മേഖലയിലെ പിതാവിന്റെ ഇടപെടലുകളെ പരിചയപ്പെടുത്തുന്ന എക്സിബിഷൻ കുട്ടികൾക്കായി തയ്യാറാക്കിയിട്ടുണ്ട്.

പ്രിയ മാതാപിതാക്കളേ, കുട്ടികളുടെ പ്രഥമ മതാധ്യാപകരെന്ന നിലയിൽ വിശ്വാസോത്സവത്തോട് പൂർണ്ണമായി സഹകരിക്കുകയും കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

വിശ്വാസോത്സവം വിജയിപ്പിക്കാൻ ഇടവകയിലെ മുഴുവൻ ദൈവ ജനത്തിന്റെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് ഓർമിപ്പി ക്കുന്നു. ബഹു. വികാരിയച്ചനോടും സിസ്റ്റേഴ്സിനോടും മതാധ്യാപക രോടുംചേർന്ന് ഇടവകാ അജപാലനസമിതി അംഗങ്ങളും സംഘട നാഭാരവാഹികളും വിശ്വാസോത്സവ ക്രമീകരണങ്ങൾ ഒരുക്കേണ്ട താണ്.

സൺഡേ സ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത VI മുതൽ XII വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയാ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുള്ള അവധിക്കാല മതബോധന ക്ലാസ്സുകൾ ഏപ്രിൽ 6 മുതൽ 9 വരെ സന്ദേശഭവനിൽവച്ച് നടത്തുന്നതാണ്. പ്രസ്തുത ക്ലാസുകളിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്.

2017-2018 അധ്യായനവർഷത്തെ വിശ്വാസപരിശീലന പരിപാടികൾക്ക് നേതൃത്വം കൊടുത്ത ബഹു. വികാരിയച്ചന്മാർക്കും, സിസ്റ്റേഴ്സിനും, ബ്രദേഴ്സിനും, മതാധ്യാപകർക്കും, അജപാലന സമിതി അംഗങ്ങൾക്കും, സംഘടനാ ഭാരവാഹികൾക്കും മാതാപിതാക്കൾക്കും, കുട്ടികൾക്കും വിശ്വാസപരിശീലന ഡിപ്പാർട്ടുമെന്റിനും അഭിനന്ദനങ്ങൾ.

വിശ്വാസം ആഘോഷിക്കാൻ, പ്രഘോഷിക്കാൻ, ജീവിക്കാൻ വിശ്വാസോത്സവം 2018 ഏവരേയും സഹായിക്കട്ടേയെന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം, നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി — **മാർ ജോർജ് ഞറളക്കാട്ട്**

21-02-2018 — തലശ്ശേരി അതിരൂപതയുടെ ഇടയൻ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 മാർച്ച് 25-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# കച്ചേരി കാര്യം

## 1. അതിരൂപതാദിനം - ജീവകാരുണ്യനിധി

കുടിയേറ്റജനതയുടെ പ്രത്യേക മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19 നാണല്ലോ നാം അതിരൂപതാദിനം ആചരിക്കുന്നത്. അതോടനുബന്ധിച്ച് ജീവകാരുണ്യനിധിയിലേക്കുള്ള സംഭാവനകൾ സ്വീകരിക്കാനുള്ള കവറുകൾ വാർഡ് പ്രതിനിധികൾ വഴി വീടുകളിൽ എത്തിക്കുകയും മാർച്ചുമാസത്തിൽത്തന്നെ സംഭാവനകൾ സമാഹരിച്ച് താമസിയാതെ തന്നെ അതിരൂപതാ പ്രൊക്കുറേറ്ററുടെ ഓഫീസിൽ എത്തിക്കുകയും ചെയ്യണം. ബാങ്ക് ട്രാൻസ്ഫർ ആണ് സൗകര്യപ്രദം. ചാരിറ്റി ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിക്കേണ്ടത്.

## 2. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ പന്ത്രണ്ടാം ചരമവാർഷികം ഏപ്രിൽ 4-ാം തീയതി ബുധനാഴ്ചയാണ്. അന്ന് തലശ്ശേരി അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി പള്ളിച്ചിലവിൽ വി. കുർബാന അർപ്പിക്കേണ്ടതാണ്. ഈ വർഷം മുതൽ പിതാവിന്റെ ചരമദിനത്തോടനുബന്ധിച്ച് വിശ്വാസപരിശീലന ഡിപ്പാർട്ടുമെന്റിന്റെയും മറ്റ് സംഘടനകളുടെയും ആഭിമുഖ്യത്തിൽ 'മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി കബറിട തീർത്ഥാടനം' വിപുലമായി ആചരിക്കുകയാണ്. ഏപ്രിൽ 2,3,4 തീയതികളിലായി നമ്മുടെ അതിരൂപതയിലെ മതബോധനം 10-ാം ക്ലാസ്സ് പഠിക്കുന്ന മുഴുവൻ കുട്ടികൾക്കുമായി കബറിടത്തിലേക്ക് തീർത്ഥാടനം സംഘടിപ്പിക്കുന്നു. അതിനോടനുബന്ധിച്ച് പിതാവിന്റെയും കുടിയേറ്റത്തിന്റെയും ചരിത്രം വിശദീകരിക്കുന്ന എക്സിബിഷനും സംഘടിപ്പിക്കുന്നു. ഈ മൂന്നു ദിവസങ്ങളിലും രാവിലെ 9.30ന് വി. കുർബാന അഭിവന്ദ്യപിതാക്കന്മാരുടെ കാർമ്മികത്വത്തിൽ നടക്കും. വിശദവിവരങ്ങൾ വിശ്വാസപരിശീലന വിഭാഗത്തിൽനിന്നും അറിയിക്കുന്നതാണ്.

## 3. ഫൊറോന വികാരിമാരുടെ യോഗം

ഫൊറോനവികാരിയച്ചന്മാരുടെ ഒരു സമ്മേളനം 2018 മാർച്ച് 19നു വൈകുന്നേരം 7 മണിമുതൽ 20 ന് ഉച്ചവരെ ആർച്ച് ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തുന്നു. എല്ലാ ഫൊറോനവികാരിമാരും ഈ യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

## 4. വി. മൂറോൻ വെഞ്ചരിപ്പ്

ഇക്കൊല്ലത്തെ വി. മൂറോൻ വെഞ്ചരിപ്പ് അതിരൂപതയിലെ എല്ലാ വൈദികരുടെയും സാന്നിദ്ധ്യത്തിൽ വലിയ ആഴ്ചയിലെ തിങ്കളാഴ്ച (മാർച്ച് 26) തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽവച്ച് നടത്തുന്നതാണ്. രാവിലെ 10 മണിക്ക് ആരാധന ആരംഭിക്കും അതോടൊപ്പം ബ. വൈദികർക്ക് കുമ്പസാരത്തിനുള്ള സൗകര്യമുണ്ടായിരിക്കും. തുടർന്ന് ധ്യാനപ്രസംഗം നടക്കും. 11.30ന് വി. കുർബാനയും വി. മൂറോൻ വെഞ്ചരിപ്പ് കർമ്മങ്ങളും നടക്കും. അതിരൂപതയിലെ മുഴുവൻ വൈദികരും കൃത്യസമയത്തുതന്നെ എത്തിച്ചേർന്ന് തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണം. തിരുവസ്ത്രങ്ങൾ കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ. ഇടവകകളിലേക്ക് അന്നുതന്നെ വി. മൂറോൻ കൊണ്ടുപോകാവുന്നതാണ്. എല്ലാ പള്ളികളിലും പഴയതൈലം മാറ്റി പുതിയതൈലം ഉപയോഗിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കണം.

## 5. കൂരിയ അവധി

വലിയ ആഴ്ച പ്രമാണിച്ച് കൂരിയയും ട്രൈബ്യൂണലും 2018 മാർച്ച് 25 മുതൽ ഏപ്രിൽ 2 വരെ അവധിയായിരിക്കും. ആ ദിവസങ്ങളിൽ ആളുകളെ അതിരൂപതാകേന്ദ്രത്തിലേക്ക് പറഞ്ഞയക്കാതിരിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## 6. ഓശാന ഞായർ, ദുഃഖവെള്ളി പിരിവുകൾ

മാർച്ച് 25-ാം തീയതി ഞായറാഴ്ച ഓശാന ഞായർ പിരിവ് പതിവുപോലെ സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി സമാഹരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. മാർച്ച് 30 ദുഃഖവെള്ളി സംഭാവന വിശുദ്ധനാടിനുവേണ്ടിയുള്ളതാണ്. ഈ പിരിവുകളുടെ പ്രാധാന്യം ജനങ്ങളെ അറിയിച്ച് സംഭാവന സ്വീകരിച്ച് ഏപ്രിൽമാസത്തിൽതന്നെ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 7. യുവജനവർഷം ഉദ്ഘാടനം

2018-മാർച്ച് 19 മുതൽ 2019 മാർച്ച് 18 വരെ നമ്മുടെ അതിരൂപതയിൽ യുവജനവർഷമായി ആചരിക്കുകയാണല്ലോ. യുവജനവർഷം മാർച്ച് 18-ാം തീയതി ഞായറാഴ്ച ഓരോ ഇടവകയിലും സമുചിതമായി സമാരംഭിക്കാൻ ശ്രദ്ധിക്കുമല്ലോ. അഭിവന്ദ്യപിതാവിന്റെ സർക്കുലറിലെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

## 8. ആണ്ട് തിരട്ട് പാസ്സാക്കൽ

ഈ വർഷത്തെ ആണ്ടുതിരട്ട്, ബജറ്റ്, പൊതുയോഗതീരുമാനങ്ങൾ എന്നിവ അംഗീകരിക്കുന്നതിനും കണക്കുകൾ പരിശോധിക്കുന്നതിനുമായി

പെരിയ ബഹു. ജനറാളച്ചന്മാരുടെ നേതൃത്വത്തിൽ കൂരിയ അംഗങ്ങൾ ഫൊറോന കേന്ദ്രങ്ങളിൽ ഏപ്രിൽ 30, മെയ് 1,2,3 തീയതികളിലായി വരുന്നതാണ്. അതുകൊണ്ട് ഏപ്രിൽ 22 ഞായറാഴ്ചയോ അതിനുമുമ്പോ ആണ്ടുതിരട്ട് പൊതുയോഗം എല്ലാ ഇടവകകളിലും ചേരേണ്ടതാണ്. ഓരോ ഫൊറോനക്കും നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ അടുത്ത മാസത്തെ ബുള്ളറ്റിനിൽ അറിയിക്കുന്നതാണ്.

## 9. ഡീക്കന്മാരുടെ സമ്മേളനം-ബ.വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

2018 സെപ്റ്റംബർ മുതൽ 2019 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന എല്ലാ ബഹു. ശെമ്മാശന്മാരുടെയും അവരുടെ മാതാപിതാക്കന്മാരുടെയും ഒരു സമ്മേളനം 2018 മെയ്മാസം 7-ാം തീയതി രാവിലെ 10.30ന് തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. ഇടവകകളിൽനിന്നുള്ള ശെമ്മാശന്മാരുടെ പേരും വിലാസവും മൊബൈൽ നമ്പറും ഏപ്രിൽ 15നു മുമ്പായി ബഹു. വികാരിയച്ചന്മാർ ചാൻസലറച്ചന്റെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്. ക്ഷണക്കത്തുകൾ അവർക്ക് യഥാസമയം അയക്കുന്നതിനുവേണ്ടിയാണിത്.

## 10. മനസ്സമ്മതം നടത്തുന്നതിനുള്ള പുതിയക്രമം

സീറോ-മലബാർ സിനഡ് ഔദ്യോഗികമായി അംഗീകരിച്ച് പ്രസിദ്ധീകരിച്ചിരിക്കുന്ന മനസ്സമ്മതം നടത്തുന്നതിനുള്ള പുതിയക്രമത്തിന്റെ പുസ്തകം അതിരൂപതാകേന്ദ്രത്തിൽ ലഭ്യമാണ്. എല്ലാ പള്ളികളിലേക്കും പുസ്തകങ്ങൾ വാങ്ങിക്കുമല്ലോ. ഇനിമുതൽ പുതിയക്രമത്തിൽ മനസ്സമ്മതം നടത്തുകയും ചെയ്യേണ്ടതാണ്.

സീറോ മലബാർ സഭയുടെ സുവിശേഷപ്രഘോഷണ മാർഗ്ഗരേഖ എന്ന പുസ്തകം സിനഡ് അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൈദികർക്ക് സുവിശേഷപ്രഘോഷണം നടത്തുന്നതിന് സഹായകരമായ മാർഗ്ഗനിർദ്ദേശങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. പുസ്തകം ബുക്ക്സ്റ്റാളിൽ ലഭ്യമാണ്.

## 11. അഭിനന്ദനങ്ങൾ



സച്ചിദാനന്ദ പ്രകൃതി ക്ഷേത്ര ട്രസ്റ്റ് ഏർപ്പെടുത്തിയ റവ. ഡോ. ജോസ് മണിപ്പാറ മെമ്മോറിയൽ ചക്കരക്കുട്ടൻ അവാർഡിന് അർഹനായ മോൺ. മാത്യു എം. ചാലിലിന് തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ. വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്ക്കാരിക മേഖലകളിലെ സേവനങ്ങൾ പരിഗണിച്ചാണ് അച്ചന് ഈ അവാർഡ് ലഭിച്ചത്.



ഉത്തരകേരള കവിതാ സാഹിത്യവേദി നല്കുന്ന ഡോ. സുകുമാർ അഴീക്കോട് സാംസ്ക്കാരിക അവാർഡിന് അർഹനായ ഫാ. തോമസ് തൈത്തോട്ടത്തിന് തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ. മദ്യവിരുദ്ധ, സാമൂഹ്യ, സാംസ്ക്കാരിക രംഗത്തെ സ്തുത്യർഹമായ സേവനങ്ങൾ പരിഗണിച്ചാണ് അച്ചന് ഈ അവാർഡ് സമ്മാനിച്ചത്.

## 12. തിരുനാൾ ആശംസകൾ

മാർച്ച് 19-ാം തീയതി അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ നാമഹേതുകത്തിരുനാളാണ്. പിതാവിനെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം. അഭിവന്ദ്യ പിതാവിനും ജോസഫ് നാമധാരികളായ മറ്റ് അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു.

## 13. അന്താരാഷ്ട്ര വനിതാദിനം - മാർച്ച് 8

അന്താരാഷ്ട്ര വനിതാദിനം മാർച്ച് 8ന് ആചരിക്കുന്നു. സ്ത്രീ ശാക്തീകരണവും തുല്യനീതിയും ലക്ഷ്യം വച്ചുകൊണ്ടുള്ള വനിതാദിന പരിപാടികൾ ഇടവകകളിൽ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## 14. സ്നേഹസ്മൃതി

1. റവ. ഫാ. അത്തനേഷ്യസ് പയ്യപ്പിള്ളി സിഎംഐ - 03-03-1968
2. റവ. ഫാ. ഫ്രാൻസീസ് വാളായിൽ - 10-03-2003
3. റവ. ഫാ. സർഗ്ഗീസ് മഠത്തിക്കുന്നേൽ സിഎംഐ - 13-03-1987
4. റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി - 17-03-1991
5. റവ. ഫാ. ജോർജ് പരുത്തപ്പാറ - 24-03-2011

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

**പ്രീസ്റ്റ് ഹോം നിർമ്മാണം - സംഭാവന**

ലിറ്റിൽ ഫ്ളവർ ചർച്ച് മേരിഗിരി - 50,000
ലിറ്റിൽ ഫ്ളവർ ചർച്ച് കുട്ടാപറമ്പ് - 25,000

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

**13-02-2018**

തലശ്ശേരി അതിരൂപത, 17-ാമത് പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനം 2018 ഫെബ്രുവരി 13-ാം തീയതി ചൊവ്വാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രാവിലെ 10.15ന് ശ്രീ സന്തോഷ് തലച്ചിറ നയിച്ച പ്രാർത്ഥനാശുശ്രൂഷയോടെ യോഗം ആരംഭിച്ചു. അതിരൂപത സിൻചെല്ലൂസ് മോൺ. അലക്സ് താരാമംഗലം യോഗാംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചു. 16-ാമത് പാസ്റ്ററൽ കൗൺസിലിന്റെ അവസാനയോഗറിപ്പോർട്ട് സെക്രട്ടറി അഡ്വ. മനോജ് എം. കണ്ടത്തിൽ അവതരിപ്പിച്ചത് യോഗം ഐക്യകണ്ഠ്യേന പാസാക്കി.

പാസ്റ്ററൽ കൗൺസിൽ യോഗം ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ മെത്രാഭിഷേകം, അതിരൂപതാ അസംബ്ലി എന്നിവ ഭംഗിയായി സംഘടിപ്പിക്കാൻ സഹകരിച്ച മുൻ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ എല്ലാവരെയും അഭിവന്ദ്യപിതാവ് നന്ദിയോടെ അനുസ്മരിച്ചു. അസംബ്ലി നിർദ്ദേശിച്ച ദശവർഷപദ്ധതി നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം ഈ പാസ്റ്ററൽ കൗൺസിലിനുണ്ടെന്നും

## തലശ്ശേരി റിസേർച്ച് സെന്റർ

ആനുകാലിക സംഭവങ്ങളെ വിശകലനം ചെയ്യുകയും ക്രൈസ്തവസത്യങ്ങളെ യുക്ത്യാധിഷ്ഠതമായി അവതരിപ്പിക്കുകയും ചെയ്യുന്ന ഒരു ബൗദ്ധിക കൂട്ടായ്മ രൂപതാതലത്തിൽ രൂപീകരിക്കണമെന്ന ആശയം പ്രെസ്ബിറ്ററൽ കൗൺസിൽ അംഗീകരിച്ചിരുന്നു. നമ്മുടെ രൂപതയിൽ ഇപ്രകാരം ബൗദ്ധികമായി സംഭാവന നല്കുവാൻ കഴിവുള്ള അല്മായരുടെ ഒരു സമ്മേളനം വിളിച്ചു കൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ട്. ബൗദ്ധികകഴിവിനൊപ്പം സഭയെ സ്നേഹിക്കുകയും ചെയ്യുന്ന ഒരു കൂട്ടായ്മക്കായി അച്ചന്റെ ഇടവകയിൽപ്പെട്ട/ഫൊറോനയിൽപ്പെട്ട അത്മായ സഹോദരരുണ്ടെങ്കിൽ അവരുടെ അഡ്രസ്സും ഫോൺ നമ്പറുകളും തരണമെന്ന് അപേക്ഷിക്കുന്നു. ഫൊറോനയിൽ ഉൾപ്പെടുന്ന എല്ലാ അച്ചന്മാരോടും ഇക്കാര്യം ചർച്ച ചെയ്യുകയും അവരുടെ നിർദ്ദേശം സ്വീകരിച്ച് ഇപ്രകാരമുള്ള വ്യക്തികളുടെ പേര് വിവരങ്ങൾ ഈ മാർച്ച് മാസത്തിൽ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

അതിനുള്ള വിശദമായ കർമ്മപദ്ധതികൾ ചർച്ചചെയ്യണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. 2018 മാർച്ച് 18 മുതൽ 2019 മാർച്ച് 19 വരെയുള്ള വർഷം അതിരൂപതയിൽ യുവജനവർഷമായി ആചരിക്കുന്നതായിരിക്കുമെന്ന് അഭിവന്ദ്യ പിതാവ് അറിയിച്ചു. അതിരൂപതയിലെ പ്രധാനപ്പെട്ട ആലോചനാസമിതികളിൽ ഒന്നാണ് പാസ്റ്ററൽ കൗൺസിൽ എന്നും പാസ്റ്ററൽ കൗൺസിലിന്റെ പൊതുഅഭിപ്രായത്തെ അതിരൂപതാദ്ധ്യക്ഷൻ എപ്പോഴും മാനിക്കുമെന്നും പിതാവ് പറഞ്ഞു. പാസ്റ്ററൽ കൗൺസിലിന്റെ ഉത്തരവാദിത്വങ്ങളും അംഗങ്ങൾക്കുണ്ടാകേണ്ട യോഗ്യതകളും എന്തായിരിക്കണമെന്നും ഉദ്ഘാടനപ്രസംഗത്തിൽ പിതാവ് വിശദീകരിച്ചു. 17-ാമത് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട 213 പേരെയും സ്വാഗതം ചെയ്യുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതുണ്ടെന്നും പതിവനുസരിച്ച് ജനറൽ സെക്രട്ടറി അതിരൂപതാ ചാൻസലർ ആയിരിക്കുമെന്നും അറിയിക്കുകയും ചെയ്തുകൊണ്ട് ദീപം തെളിയിച്ച് മാർ ജോർജ് ഞറളക്കാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

തുടർന്ന് ജനറൽ സെക്രട്ടറി ഫാ. തോമസ് തെങ്ങുംപള്ളിൽ ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞ യോഗാംഗങ്ങൾ ഏറ്റുചൊല്ലി. തുടർന്ന് അംഗങ്ങളുടെ പരിചയപ്പെടുത്തൽ നടന്നു. അതിനുശേഷം അതിരൂപതാ സിൻചെല്ലൂസ് മോൺ. ജോർജ് എളൂക്കുന്നേൽ സി.ബി.സി.ഐ. വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട്, സി.ബി.സി.ഐ. ദൈവശാസ്ത്രകമ്മീഷൻ അംഗമായി തിരഞ്ഞെടുക്കപ്പെട്ട മാർ ജോസഫ് പാംപ്ലാനി, ഉത്തരകേരള കവിതാസാഹിത്യ വേദിയുടെ ഡോ. സുകുമാർ അഴീക്കോട് പുരസ്ക്കാരത്തിന് അർഹനായ ഫാ. തോമസ് തൈത്തോട്ടത്തിൽ എന്നിവരെ അഭിനന്ദിച്ചുകൊണ്ട് സംസാരിച്ചു. ദീർഘകാലം അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗവും രൂപതയിൽ വിവിധ തസ്തികകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചയാളുമായ മോൺ. മാത്യു എം. ചാലിൽ അച്ചൻ വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന സാഹചര്യത്തിൽ അച്ചന്റെ സേവനങ്ങളെ അനുസ്മരിക്കുകയും എല്ലാ ഭാവുകങ്ങളും ആശംസിക്കുകയും ചെയ്തുകൊണ്ട് മാർ ജോർജ് ഞറളക്കാട്ട് പിതാവ് സംസാരിച്ചു. മോൺ. മാത്യു ചാലിൽ മറുപടി പ്രസംഗം നടത്തി.

തുടർന്നു നടന്ന തിരഞ്ഞെടുപ്പിൽ വിവിധ തസ്തികകളിലേക്ക് താഴെപ്പറയുന്ന ആളുകളെ തിരഞ്ഞെടുത്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ ജോർജ് തയ്യിൽ, അജണ്ടകമ്മിറ്റി അംഗങ്ങൾ - ഫാ. ജോൺസൺ കോവൂർപുത്തൻപുര, സി. പെറ്റി ട്രീസ എസ്.എ.ബി.എസ്, ശ്രീ മനോജ് വടക്കേൽ, ശ്രീ ജോയൽ ജോസഫ് തൊട്ടിയിൽ, ശ്രീമതി ജോളി കാരക്കുന്നേൽ. കേരള കാത്തലിക് കൗൺസിൽ പ്രതിനിധികൾ - ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, ഡോ. മനോജ് കുരിശിങ്കൽ, ഡോ. സജിമോൻ പാലക്കൽ,

ശ്രീമതി ഡെയ്സി മച്ചിയാനിക്കൽ. ജീവകാരുണ്യ ഫണ്ട് കമ്മിറ്റി - ശ്രീ. ജോസ് മേമടം, ശ്രീ. ചാക്കോച്ചൻ കാരാമയിൽ, ശ്രീമതി കുഞ്ഞമ്മ തോമസ് എഡ്യുക്കേഷൻ ബോർഡ് – ഡോ. എം. ജെ. മാത്യു. എഡ്യുക്കേഷൻ കൗൺസിൽ ഡോ. ജോസഫ് കോയിപ്പള്ളി, ഡോ. ജോസ്‌ലറ്റ് മാത്യു, ശ്രീ ദേവസ്യ കൊങ്ങോല, ഡോ. എൻ. ജെ. സലീന, ഡോ. റോസ നാലോലിക്കൽ.

അതിരൂപത അസംബ്ലിയുടെ തുടർനടപടികളെക്കുറിച്ചുള്ള ചർച്ചക്കുള്ള വിഷയം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അവതരിപ്പിച്ചു. പത്ത് സംരംഭങ്ങളും പത്ത് വർഷങ്ങളുമാണ് പ്ലാൻ ചെയ്തിരിക്കുന്നതെന്നും പങ്കാളിത്തസ്വഭാവമുള്ള സഭയാകുക, കാരുണ്യത്തിന്റെ മുഖമുള്ള സഭയാകുക, പരിസ്ഥിതി സൗഹൃദ സഭയാകുക, സമുദായ ശാക്തീകരണം, വൈദിക-സമർപ്പിത ശാക്തീകരണം എന്നിവയാണ് ലക്ഷ്യമെന്ന് അഭിവന്ദ്യപിതാവ് വിശദീകരിച്ചു. യുവജനവർഷ കർമ്മപരിപാടികളുടെ രൂപരേഖ ഫാ. സോണി വടശ്ശേരി അവതരിപ്പിച്ചു. തുടർന്നുനടന്ന ചർച്ചയിൽ സൺഡേസ്കൂൾ സിലബസ് പരിഷ്ക്കരണം, മൈനോറിറ്റി സ്കോളർഷിപ്പുകൾ ലഭ്യമാക്കണം, കണ്ണൂർ ജില്ലയിൽ സമാധാനത്തിനായി കുരിശിന്റെവഴി നടത്താൻ എല്ലാവരും സഹകരിക്കണം, പി.എസ്.സി. പരീക്ഷ എഴുതാൻ പ്രോത്സാഹിപ്പിക്കണം, എ.കെ.സി.സിയെ പ്രോത്സാഹിപ്പിക്കണം തുടങ്ങിയ നിർദ്ദേശങ്ങൾ ഉയർന്നു. ഡോ. ജോസഫ് കോയിപ്പള്ളി, സന്തോഷ് തലച്ചിറ, കുഞ്ഞമ്മ തോമസ്, ബേബി നെട്ടനാനി, പി. റ്റി. ജോസ്, ഔസേപ്പച്ചൻ നാലോലിക്കൽ, ശാന്തമ്മ ഫിലിപ്പ്, ലിന്റോ ഇടശ്ശേരിൽ, ഫാ. ജോസഫ് കരിനാട്ട് തുടങ്ങിയവർ സംസാരിച്ചു.

കണ്ണൂർജില്ലയിലെ രാഷ്ട്രീയകൊലപാതകങ്ങളെ അപലപിച്ചുകൊണ്ടും ഓഖി ദുരന്തബാധിതർക്ക് അർഹമായ പുനരധിവാസ പദ്ധതി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും റബ്ബറിന് ന്യായവില ഉറപ്പുവരുത്തുകയും പെട്രോൾ വില നിയന്ത്രിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഉള്ള പ്രമേയങ്ങൾ യോഗം പാസാക്കി. സമാപന സന്ദേശത്തിൽ അഭിവന്ദ്യ പിതാവ് ഏപ്രിൽ 4-ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ചരമദിനത്തോടനുബന്ധിച്ച് പത്താംക്ലാസിലെ കുട്ടികൾക്കായി കത്തീഡ്രൽ ദേവാലയത്തിലെ കബറിടത്തിലേക്ക് തീർത്ഥാടനം സംഘടിപ്പിക്കുമെന്ന് അറിയിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ അഭിവന്ദ്യപിതാവ് അനുമോദിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട സെക്രട്ടറി ശ്രീ ജോർജ് തയ്യിൽ യോഗാംഗങ്ങൾക്ക് നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തോടെ യോഗം പര്യവസാനിച്ചു.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ജനറൽ സെക്രട്ടറി

**ശ്രീ. ജോർജ് തയ്യിൽ**
സെക്രട്ടറി

## ജീവകാരുണ്യനിധി 2017 - വരവു ചിലവു കണക്കുകൾ

| Parishes | Income | Expenses | | | | |
|---|---|---|---|---|---|---|
| | | Marriage | Medical | Education | House | Misce |
| 1 Adampara | 8365 | | | | | |
| 2 Adottukaya | 6000 | | | | | |
| 3 Alakode | 52330 | | 15000 | 35000 | 10000 | |
| 4 Alphonsagiri | 5000 | 20000 | 10000 | | 20000 | |
| 5 Ammamkulam | 10660 | | | | | |
| 6 Anappanthy | 15910 | | | | | |
| 7 Anara | 12480 | 15000 | | | | |
| 8 Angadikkadavu | 83000 | 20000 | 20000 | | | |
| 9 Arabi | 11000 | | | | | |
| 10 Aravanchal | 12000 | | 15000 | | 15000 | |
| 11 Areekamala | 30000 | | | | | |
| 12 Arivilanjapoil | | | 5000 | 10000 | | |
| 13 Aryaparamba | 23000 | | 10000 | | 10000 | |
| 14 Athirumavu | 2500 | 15000 | | | | |
| 15 Attakandam | 4841 | | 10000 | | | |
| 16 Attenganam | 9500 | | | | | |
| 17 Ayannoor | 10350 | | | | 10000 | |
| 18 Badiyadukka | | | | | | |
| 19 Balal | 33380 | | 30000 | | 10000 | |
| 20 Balesugiri | 10000 | | | | | |
| 21 Bedoor | 5700 | | | | | |
| 22 Bheemanady | 50000 | | | | | |
| 23 Birikulam | 6500 | | | | | |
| 24 Chandanackampara | 78090 | | | | 20000 | |
| 25 Charal | 17000 | | | 5000 | 7000 | |
| 26 Chattamala | 5000 | | | | | |
| 27 Chavaragiri | 5000 | | 15000 | | 10000 | |
| 28 Chayyoth | 23500 | | | | 15000 | |
| 29 Chedikkulam | 23580 | | | | | |
| 30 Cheekkad | 17381 | | 15000 | | | |
| 31 Cheemeni | 7000 | | | | | |
| 32 Chempanthotty | 85000 | | 5000 | | | |
| 33 Chemperi | 133360 | | | | 10000 | |
| 34 Chengome | 9000 | | | | | |

| | | Marriage | Medical | Education | House | Misce |
|---|---|---|---|---|---|---|
| 35 Chepparamba | 10000 | | 10000 | | | |
| 36 Cherupara | 20866 | | | | | |
| 37 Cherupuzha | 40000 | | 15000 | 10000 | | |
| 38 Chettiyamparamba | | | | | | |
| 39 Choorapadavu | 8000 | | | | | |
| 40 Christnagar | 32000 | | 20000 | | | |
| 41 Chully | 17045 | | | | | |
| 42 Chundaparmba | 26200 | | | | 10000 | |
| 43 Deepagiri | 3000 | | 10000 | | | |
| 44 Edakkanam | 3950 | | 15000 | | | |
| 45 Edappuzha | 6000 | 15000 | | | | |
| 46 Edathotty | 21000 | | 20000 | 5000 | 30000 | |
| 47 Edoor | 150000 | 15000 | 45000 | 10000 | 35000 | |
| 48 Ennappara | 25000 | | | | | |
| 49 Ettupara | 10760 | | 60000 | | | |
| 50 Iritty | 40000 | | 15000 | | | |
| 51 Jayagiri | 8750 | 25000 | 15000 | | | |
| 52 Josegiri | 12000 | | | | | |
| 53 Josemount | 16000 | | | 21000 | 20000 | |
| 54 Kacherikkadavu | 29790 | | 10000 | | | |
| 55 Kadumeni | | | 5000 | | | |
| 56 Kalanki | 6000 | | 10000 | | | |
| 57 Kalichamaram | 5550 | | | | 20000 | |
| 58 Kalichanadukkom | 24030 | | 15000 | | | |
| 59 Kallar-Santhigiri | | | | | | |
| 60 Kallumuthirakkunnu | 24000 | 15000 | | | 15000 | |
| 61 Kalluvayal | 18000 | 15000 | | | | |
| 62 Kamballur | 19740 | | 15000 | 10000 | | |
| 63 Kanakakkunnu | 19355 | | | | | |
| 64 Kanakappally | 7940 | | | | | |
| 65 Kanichar | 48450 | 15000 | 10000 | | 10000 | |
| 66 Kanjangad | | | | | 10000 | |
| 67 Kanjiradukkom | 25000 | 20000 | | | 15000 | |
| 68 Kanjirakkolly | 13000 | | | | | |
| 69 Kannivayal | 30460 | | | 15000 | | |
| 70 Kannur | 100570 | 10000 | 15000 | | | |

| | | Marriage | Medical | Education | House | Misce |
|---|---|---|---|---|---|---|
| 71 Karayathumchal | | | | | | |
| 72 Kariappally | 10800 | 15000 | | | | |
| 73 Karikkottakkari | 60000 | | | | | |
| 74 Karthikapuram | | | | | | |
| 75 Karunapuram | 42850 | | | | | 25000 |
| 76 Karuvanchal | 44875 | 15000 | | | | |
| 77 Kasargod | 36850 | | | | | |
| 78 Kavumthala | 16750 | | 10000 | | 10000 | |
| 79 Keezhpally | 28105 | 15000 | | | | |
| 80 Kiliyanthara | 65000 | | 20000 | | | |
| 81 Kodoppally | 9870 | | | | | |
| 82 Kolakkad | 26000 | | 25000 | | 15000 | |
| 83 Kolayad | 51000 | | 23000 | 10000 | | |
| 84 Koluvally | 21000 | 15000 | | | | |
| 85 Konnakkad | 26000 | | 20000 | 20000 | | |
| 86 Kottody | 41800 | | | | | |
| 87 Kottoor | 20900 | | | 10000 | 20000 | |
| 88 Kozhichal | 20720 | 15000 | | | | |
| 89 Kudianmala | 51940 | 25000 | | | | |
| 90 Kunnoth | 41990 | 20000 | | | | |
| 91 Kunnumkai | 26140 | 20000 | 30000 | | 20000 | |
| 92 Kuttaparamba | 7940 | | | | | |
| 93 Lissigiri | 10000 | | | 10000 | 10000 | |
| 94 Madathil | 30000 | | 15000 | | | |
| 95 Malome | 52710 | | 10000 | | | |
| 96 Mampoil | 19071 | | | | 15000 | |
| 97 Manadukkom | 23400 | | | | | |
| 98 Manakkadavu | 20540 | 15000 | 15000 | | | |
| 99 Mandalam | 27125 | 15000 | 20000 | 15000 | | |
| 100 Mandapam | 20000 | | | | 10000 | |
| 101 Mangode | 37545 | | 20000 | | | |
| 102 Manikkadavu | 84000 | 35000 | | 10000 | | |
| 103 Manippara | 28100 | | | | | |
| 104 Manjalampuram | 34021 | | | 15000 | 20000 | |
| 105 Marygiri | 42250 | 10000 | | 10000 | | |
| 106 Marypuram | 25000 | 15000 | 25000 | | | |
| 107 Mattara | 42210 | | 30000 | | 35000 | |

| | | Marriage | Medical | Education | House | Misce |
|---|---|---|---|---|---|---|
| 108 Mavumchal | 7290 | | | | | |
| 109 Melechovva | 17500 | | | | | |
| 110 Mudayaranji | 14000 | 10000 | | | | |
| 111 Mulapra | 2620 | | 10000 | | 25000 | |
| 112 Mulleria | | | | | 10000 | |
| 113 Mundanoor | | | | | | |
| 114 Naduvil | 20000 | 15000 | | 15000 | | |
| 115 Nattakkal | 3395 | 15000 | | | | |
| 116 Nedumpuramchal | 30000 | | | | | |
| 117 Neduvaloor | 12000 | | | | | |
| 118 Neeleshwaram | 25700 | | | | 10000 | |
| 119 Nellickampoil | 44000 | 5000 | | | 10000 | |
| 120 Nellikkunnu | 1000 | | | | | |
| 121 Nellikkutty | 24000 | 15000 | | | | |
| 122 Nellippara | 26000 | | | | | |
| 123 Nelliyadukkom | 3400 | | | | 10000 | |
| 124 Nirmalagiri | 52000 | | 15000 | | | |
| 125 Odenthode | 25650 | 15000 | | | 15000 | |
| 126 Ottathai | 9000 | | | | | |
| 127 Pachani | 10663 | 10000 | | | | |
| 128 Padankavala | 4240 | | | | | |
| 129 Padannakkad | 32000 | | | | | |
| 130 Padimaruthu | 10000 | | | | | |
| 131 Padiyoor | 17330 | 20000 | | | 10000 | |
| 132 Padiyottuchal | 25000 | | 10000 | | 10000 | |
| 133 Paduppu | 51975 | 20000 | 10000 | | 20000 | |
| 134 Paisakary | 59545 | | | | | |
| 135 Palathumkadavu | 14190 | 15000 | | | | |
| 136 Palavayal | 58587 | | 20000 | 15000 | | |
| 137 Panathady | 50000 | | 10000 | | | |
| 138 Panathoor | 40975 | 10000 | | | | |
| 139 Paramba | | | | | | |
| 140 Parappa | 17500 | 10000 | | 10000 | 15000 | |
| 141 Pariyaram | 5000 | | 25000 | | | |
| 142 Pathenpara | 15000 | 45000 | | | | |
| 143 Payyanur | 37450 | 15000 | | | | 15000 |
| 144 Payyavoor | | | | | | |

| | | | Marriage | Medical | Education | House | Misce |
|---|---|---|---|---|---|---|---|
| 145 | Peratta | 27220 | | 10000 | | 10000 | |
| 146 | Peravoor | 72090 | | 22000 | | | |
| 147 | Peringala | 14545 | | | | | |
| 148 | Perinkari | | | | | | |
| 149 | Perumpadavu | 51000 | 15000 | | 15000 | | |
| 150 | Perumpunna | 35000 | | | 25000 | | |
| 151 | Ponmala | 15000 | | 10000 | | | |
| 152 | Poolakkutty | | | | | | |
| 153 | Pooparamba | 12800 | | | | 15000 | |
| 154 | Pottenplavu | 17801 | 10000 | | | 15000 | |
| 155 | Pulikurumba | 30630 | | | | | |
| 156 | Pulingome | 23100 | | | | | |
| 157 | Puncha | 10550 | 35000 | | | | |
| 158 | Punnakkuunnu | 10100 | | | | | |
| 159 | Puravayal | 41270 | | | | | |
| 160 | Rajagiri | 12000 | 10000 | | | 7000 | |
| 161 | Rajamudy | 12000 | | 50000 | | 15000 | |
| 162 | Randamkadavu | | | 40000 | | | |
| 163 | Rathnagiri | 15600 | 7500 | | | 10000 | |
| 164 | Rayarome | 42190 | | 20000 | | | |
| 165 | Santhinagar | 13160 | | | | 10000 | |
| 166 | Snehagiri | 27070 | | | | | |
| 167 | Sreekandapuram | 17500 | | | | | |
| 168 | Thabore | | | | | | |
| 169 | Thadikadavu | 15500 | | 5000 | | | |
| 170 | Thalassery | 75750 | | | | | |
| 171 | Thaliparamba | 83000 | | | 25000 | | |
| 172 | Thayyeni | | 15000 | | 6000 | 25000 | |
| 173 | Thermala | 20000 | | 10000 | | | |
| 174 | Thirumeni | 38265 | | | | | |
| 175 | Thomapuram | | | | 5000 | 10000 | |
| 176 | Udayagiri | 50000 | | 10000 | 15000 | | |
| 177 | Udayapuram | 6000 | | | | | |
| 178 | Ulikkal | | | 15000 | | | |
| 179 | Uruppumkutty | | | | | | |
| 180 | Vaniyappara | | 15000 | 15000 | | | 20000 |
| 181 | Varakkad | 17000 | | | | | |

| | | | Marriage | Medical | Education | House | Misce |
|---|---|---|---|---|---|---|---|
| 182 | Vattiyara | 3450 | | | 10000 | | |
| 183 | Vayattuparamba | 56975 | 20000 | 15000 | 10000 | 30000 | |
| 184 | Vazhamala | 3000 | | | | | |
| 185 | Velimanam | 60000 | | 10000 | 7000 | | |
| 186 | Vellad | 27500 | | | | 15000 | |
| 187 | Vellarikkundu | 60000 | 10000 | 25000 | 20000 | | |
| 188 | Vellariyanam | 7500 | | 30000 | | | |
| 189 | Vembua | 20500 | | | 15000 | | |
| 190 | Vennakallu | 4658 | | | | 10000 | |
| 191 | Vijayagiri | | | | | | |
| | (Kappimala) | 15110 | | 15000 | 30000 | | |
| 192 | Vijayapuram | | 15000 | 5000 | | | |
| 193 | Vilakkannur | 66625 | 35000 | | 10000 | | |
| 194 | Vilamana | 6500 | | | | | |
| 195 | Vimalagiri | 30580 | | 10000 | | | |
| 196 | Vimalassery | 15000 | | | | | |
| **FILIAL CHURCHES** | | | | | | | |
| 1 | Anamanjal | 5630 | | | | | |
| 2 | Delempady | | | | | | |
| 3 | Dharkas- Amalagiri | | | | | | |
| 4 | Kaleenadukkom | | | | | | |
| 5 | Kodoth | 2500 | | | | | |
| 6 | Kulineer | | | | | | |
| 7 | Mattanoor | | | | | | |
| 8 | Melmuringody | 5560 | | | 10000 | | |
| 9 | Mutharikkalam | 4260 | | | | | |
| 10 | Poinachy | 1500 | | | | | |
| 11 | Pullady | 6815 | | | | | |
| 12 | Shimoganagar | 4110 | | | | | |
| 13 | Thirur | 5900 | | | | | |
| 14 | Thurumbi | | | | | | |
| 15 | Madappurachal | | | | | | |
| 16 | Kottoorvayal | 5700 | | | | | |
| 17 | Kallappally | 4020 | | | | | |
| 18 | Periya | 7000 | | | | 20000 | 7000 |
| 19 | Cheruvancherry | 6500 | | | | | |

# സെമിനാരി വാർത്തകൾ

## ദൈവവിളി ക്യാമ്പുകൾ - 2018-19

I. റീജണൽ വൊക്കേഷൻ ക്യാമ്പുകൾ ഏപ്രിൽ 8,9,10,11 തീയതികളിൽ. ഏപ്രിൽ 8 ഞായറാഴ്ച വൈകുന്നേരം 4 മണിക്കാരംഭിച്ച് 11-ാം തീയതി ഉച്ചയ്ക്ക് ഒരു മണിക്ക് അവസാനിക്കുന്നു.

## ക്യാമ്പ് നടക്കുന്ന സ്ഥലങ്ങൾ

| ആൺകുട്ടികൾക്ക് - ഫൊറോനകൾ | |
|---|---|
| 1. കുന്നോത്ത് - ബാലഭവൻ | എടൂർ, നെല്ലിക്കാംപൊയിൽ, പേരാവൂർ, കുന്നോത്ത് |
| 2. മേരിഗിരി - ഇടവകപ്പള്ളി | ആലക്കോട്, ചെറുപുഴ, മേരിഗിരി, വായാട്ടുപറമ്പ |
| 3. പടന്നക്കാട് - പാസ്റ്ററൽസെന്റർ | കാഞ്ഞങ്ങാട്, പനത്തടി, തളിപ്പറമ്പ, തോമാപുരം, വെള്ളരിക്കുണ്ട്. |
| 4. തലശ്ശേരി മൈനർ സെമിനാരി | ചെമ്പന്തൊട്ടി, ചെമ്പേരി, പൈസക്കരി |
| **പെൺകുട്ടികൾക്ക്** | |
| മദർഹോം പരിയാരം - എല്ലാ ഫൊറോനയിലേയും പെൺകുട്ടികൾക്ക് | |

## II. അതിരൂപത സെലക്ഷൻ ക്യാമ്പ്

തലശ്ശേരിയിൽ വച്ചുള്ള സെലക്ഷൻ ക്യാമ്പ് ഏപ്രിൽ 15 ഞായർ 4 മണി മുതൽ 18 ബുധൻ രാവിലെ 9 മണി വരെയാണ്. ഈ വർഷവും സമർത്ഥരായ കുട്ടികളെ നമ്മുടെ അതിരൂപതയിൽ ചേരുവാൻ, പ്രോത്സാഹിപ്പിക്കുകയും, അവരുടെ പേരുകൾ ക്യാമ്പിനായി പറഞ്ഞുവിടുമ്പോൾ കൊടുത്തുവിടുന്ന കത്തിൽ പ്രത്യേകം സൂചിപ്പിക്കുകയും ചെയ്യണമെന്നോർമ്മിപ്പിക്കുന്നു.

## പ്രത്യേക നിർദ്ദേശങ്ങൾ

1 റീജണൽ ക്യാമ്പ് ആരംഭിക്കുന്നത് ഏപ്രിൽ 8 ഞായറാഴ്ച വൈകുന്നേരം 4 മണിക്കാണ്.

2. ബഹു. വൈദികർ കുട്ടികൾക്ക് ക്യാമ്പിനു പങ്കുചേരുവാനുള്ള കത്ത് കൊടുത്തുവിടണം. നമ്മുടെ അതിരൂപതയ്ക്കുവേണ്ടി സെലക്ട് ചെയ്യേണ്ടവരുടെ പേരുകൾ പ്രത്യേകം സൂചിപ്പിക്കണം.

3. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും.

4. ബഹു. വൊക്കേഷൻ പ്രോമോട്ടേഴ്സിന് സന്ദർശിക്കാനുള്ള സമയം 11-ാം തീയതി രാവിലെ 8 മുതൽ ഉച്ചയ്ക്ക് 12 വരെ മാത്രമായിരിക്കും.
5. ക്യാമ്പ് അവസാനിക്കുന്നത് 11 ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിക്കായിരിക്കും.
6. മൈനർ സെമിനാരിയിലേക്കുള്ള സെലക്ഷൻ ക്യാമ്പിനു ഫീസ് ഉണ്ടായിരിക്കുകയില്ല.

## മേജർ സെമിനാരി വാർത്തകൾ

**1. ഡീക്കൻപട്ടവും മറ്റ് പട്ടങ്ങളും**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി മേജർ സെമിനാരിയിൽ പഠിക്കുന്ന 5 വൈദികവിദ്യാർത്ഥികൾ ഡീക്കൻപട്ടവും 5 വൈദികവിദ്യാർത്ഥികൾ സബ് ഡീക്കൻപട്ടവും 12 പേർ കാറോയപട്ടവും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിൽനിന്നും മാർച്ച് 23 വെള്ളിയാഴ്ച സ്വീകരിക്കുന്നതാണ്.

**2. മേജർ സെമിനാരി ഗാതറിംഗ് ഏപ്രിൽ 19,20,21 തീയതികളിൽ**

ഈ വർഷത്തെ മേജർ സെമിനാരിക്കാരുടെ കൂട്ടായ്മ ഏപ്രിൽ 19 ബുധനാഴ്ച വൈകുന്നേരം 4 മണി മുതൽ 21 ശനിയാഴ്ച വൈകുന്നേരം 4 മണി വരെ തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ ക്രമീകരിച്ചിരിക്കുന്നു.

**3. വൈദികവസ്ത്ര സ്വീകരണം**

ഈ വർഷത്തെ റീജൻസിക്കാരുടെ വൈദികവസ്ത്ര സ്വീകരണം ഏപ്രിൽ 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 6.30 കത്തീഡ്രലിൽവച്ച് നടത്തുന്നു.

**4. അവധിക്കാല സേവനങ്ങൾ**

അവധിക്കാലത്ത് നമ്മുടെ മേജർ സെമിനാരിക്കാരുടെ സേവനം - ധ്യാനം, ക്ലാസ്സുകൾ, സെമിനാറുകൾ, ആത്മസ്ഥിതി തയ്യാറാക്കൽ - ആവശ്യമുള്ളവർ അറിയിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

**ഫാ. മാത്യു തെക്കേമുറിയിൽ**
റെക്ടർ

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

## 1. അതിരൂപതാ സന്ദർശകരുടെ സമ്മേളനം മാർച്ച് 24

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 24ന് ശനിയാഴ്ച്ച രാവിലെ 10.30 മുതൽ 12 മണിവരെ സന്ദേശഭവനിൽവച്ച് നടത്തുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 2. വിശ്വാസോത്സവം 2018 ഏപ്രിൽ 2 മുതൽ 5 വരെ

2018 ഏപ്രിൽ 2 മുതൽ 5 വരെ 4 ദിവസങ്ങളായിട്ടാണ് നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം നടത്തുന്നത്. അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 6-ാം തീയതി വെള്ളിയാഴ്ച്ച കുട്ടികൾക്ക് പരീക്ഷയ്ക്ക് ഒരുങ്ങാനുള്ള ദിവസമായി നല്കുന്നതിനാൽ അന്നത്തെ വർക്ക്ബുക്ക്കൂടി 5-ാം തീയതി വ്യാഴാഴ്ച്ച ചെയ്യേണ്ടതുകൊണ്ട് അന്ന് വൈകുന്നേരംവരെയും ബാക്കിയുള്ള ദിവസങ്ങളിൽ 5 മണിക്കൂർ സമയം ലഭിക്കത്തക്കവിധത്തിലുമാണ് എല്ലാ ഇടവകകളിലും ക്ലാസുകൾ ക്രമീകരിക്കേണ്ടത്. ദിവസത്തിന്റെ എണ്ണവും സമയക്രമവും എല്ലാ സൺഡേസ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമിപ്പിക്കുന്നു. എല്ലാ ദിവസവും രാവിലെ വിശുദ്ധ കുർബ്ബാനയോടുകൂടിയാണ് വിശ്വാസോത്സവം ആരംഭിക്കേണ്ടത്. വിശ്വാസോത്സവത്തിന്റെ അതിരൂപതാതല ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഏപ്രിൽ 2-ാം തീയതി രാവിലെ 9.30ന് തലശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ നിർവ്വഹിക്കുന്നു. നല്കിയിരിക്കുന്ന എണ്ണം അനുസരിച്ച് വർക്കുബുക്കുകൾ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുന്ന തായിരിക്കും. വിശ്വാസോത്സവ വർക്ക് ബുക്കുകളുടെ വില 4-ാം ക്ലാസിനു 35 രൂപയും ബാക്കി ക്ലാസുകളിലെ വർക്ക് ബുക്കിന് 28 രൂപയുമാണ്.

## 3. വിശ്വാസോത്സവ ടീച്ചേഴ്സ് ട്രെയിനിംഗ് മാർച്ച് 10 ശനി

ഈ വർഷത്തെ വിശ്വാസോത്സവ വർക്ക് ബുക്കുകൾ പൂർണ്ണമായും പുതിയതാണ്. വർക്ക് ബുക്കുകൾ അധ്യാപകർ പരിചയപ്പെട്ടാൽ മാത്രമേ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുവാൻ സാധിക്കുകയുള്ളു. അതിനാൽ മാർച്ച് 10-ാം തീയതി ശനിയാഴ്ച്ച ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം റീജൻ തലത്തിലും ഫൊറോനാകേന്ദ്രങ്ങളിലുമായി നടത്തുകയാണ്. ഇടവകയിൽ

നിന്നും മുഴുവൻ അധ്യാപകരും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് എത്തി ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ വിശ്വാസോത്സവത്തിന് സഹായി കളായി എടുക്കുന്ന അധ്യാപകരെയും പങ്കെടുപ്പിക്കേണ്ടതാണ്. ട്രെയിനിംഗ് സമയം രാവിലെ 9.30 മുതൽ 3.30 വരെയായിരിക്കും. ട്രെയിനിംഗിന് വരുന്ന അധ്യാപകർ മുഴുവൻ സമയവും ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്.

## 4. വിശ്വാസോത്സവ ആൽബം

ഈ വർഷവും കുട്ടികൾ ഇടവകാതലത്തിൽ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ.

**വിഷയം: 'കുടുംബം ഭൂമിയിലെ പറുദീസ'**

കുടുംബത്തെ ഒരു കൂട്ടായ്മ എന്നാണ് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശേഷിപ്പിച്ചിരിക്കുന്നത്. ത്രിത്വൈകദൈവമാകുന്ന കൂട്ടായ്മയുടെ മാതൃകയിലാണ് കുടുംബം നിലനിൽക്കുക. ജീവന്റെയും സ്നേഹത്തി ന്റേയും പങ്കുവെക്കൽ വഴിയാണ് കുടുംബം ഒരു കൂട്ടായ്മയായിത്തീരുക. സഭയിലെ ഏറ്റവും ചെറിയ ഘടകമായ കുടുംബത്തെ ഗാർഹിക സഭ എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത്. സഭയുടെ നിലനിൽപ്പ് കുടുംബത്തെ ആശ്രയിച്ചാണിരിക്കുന്നത്. കുടുംബത്തിലെ മാതാപിതാക്കന്മാരുടെ സംഭാവനകൾ, വിശുദ്ധമായ ജീവിതം, സാക്ഷ്യം, ശുശ്രൂഷാ മേഖലകൾ എന്നിവ ഉൾക്കൊള്ളുന്ന ചിത്രങ്ങളും, പേപ്പർ കട്ടിംഗ്സ്, വാർത്തകൾ എന്നിവ ഉണ്ടായിരിക്കണം. കൂടാതെ താഴെക്കൊടു ത്തിരിക്കുന്ന മൂന്ന് വിഷയങ്ങളെക്കുറിച്ച് ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിലൊരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ നാല് പേജിൽ കവിയരുത്.

1. കുടുംബം ജീവന്റെ അടിസ്ഥാനം
2. കുടുംബം പ്രഥമ വിശ്വാസപരിശീലനവേദി
3. കുടുംബത്തിലൂടെ കൈമാറുന്ന മൂല്യങ്ങളും പാരമ്പര്യങ്ങളും

**ശ്രദ്ധിക്കുക:** ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടിക ളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം: 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. 50 പേജിൽ കൂടരുത്. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കുന്നത് 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 7ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 15ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. മേൽപറഞ്ഞ തീയതികൾക്കുശേഷം വരുന്ന ആൽബങ്ങൾ ഫൊറോനാ - അതിരൂപതാതലത്തിൽ സ്വീകരിക്കുന്നതല്ല.

## 5. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 7

I മുതൽ XI -ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ 7-ാം തീയതി ശനിയാഴ്ച്ച രാവിലെ 10.00 മുതൽ 12.00 വരെയായിരിക്കും. പരീക്ഷാസമയക്രമത്തിൽ യാതൊരുമാറ്റവും വരുത്തുവാൻ പാടില്ല. 4,7,10 ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷ നടക്കുന്നതിനാൽ മേഖലാ കമ്മിറ്റികൂടി സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടതാണ്.

## 6. ജനറൽ ചോദ്യങ്ങൾ

ഏപ്രിൽ 7ന് നടത്തുന്ന IV മുതൽ XI വരെ ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ മാർച്ച് 10ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 7. വെബ്സൈറ്റ്

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ മുഴുവൻ കുട്ടികളുടെയും അധ്യാപകരുടേയും പേരുവിവരങ്ങൾ ഇനിയും ചേർക്കാത്തവർ മാർച്ച് 30നകം ചേർക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യത്തിൽ വീഴ്ച്ചവരുത്താതെ മറ്റുള്ള അധ്യാപകരുടെ സഹായത്തോടെ മേൽപറഞ്ഞ തീയതിക്കുള്ളിൽ പേരുവിവരങ്ങൾ ചേർത്ത് സഹകരിക്കുമല്ലോ.

## 8. ഹെഡ്മാസ്റ്റേഴ്സ് റീജനൽ കൂട്ടായ്മ

2017-2018 അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജനൽ കൂട്ടായ്മ നടത്തപ്പെടുന്നു. എല്ലാ ഹെഡ്മാസ്സ്റ്റർമാരും കൂട്ടായ്മയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ്. (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ബുള്ളറ്റിൻ, വിശ്വാസോത്സവം, ലൂമെൻ എക്ലേസിയേ...)

| സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ടഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 17 ശനി | 09.00 am | പനത്തടി, തോമാപുരം, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, ചെറുപുഴ |
| തളിപ്പറമ്പ് | മാർച്ച് 17 ശനി | 02.30 pm | ചെമ്പേരി, ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 18 ഞായർ | 02.30 pm | നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ |

## 9. ഫൊറോനാതല സ്കോളർഷിപ്പ് മൂല്യനിർണ്ണയം

4, 7, 10 ക്ലാസ്സുകളിലെ കുട്ടികളുടെ (ഒരു ഇടവകയിൽ നിന്ന് 3 പേപ്പർ വീതം) സ്കോളർഷിപ്പിനുള്ള ഉത്തരകടലാസുകൾ മൂല്യനിർണ്ണയം നടത്തി ഫൊറോനയിൽനിന്ന് ഓരോ ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേപ്പറുകൾ ഏപ്രിൽ 18ന് മുമ്പ് അതിരൂപതാ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. ഫൊറോനാ കമ്മിറ്റി വിളിച്ചുകൂട്ടി വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 10. അവധിക്കാല വേദപാഠം ഏപ്രിൽ 6 – 9

സൺഡേസ്ക്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വേദപാഠക്ലാസുകൾ ഏപ്രിൽ മാസം 6–ാം തീയതി രാവിലെ 9.30 മുതൽ 9–ാം തീയതി 11.30 വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ് ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾഎന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പ് ഫീസ് 700 രൂപ. XII-ാം ക്ലാസ്സുകളിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം.

**വിഷയം: 'കേരള ക്രൈസ്തവസഭയുടെ സംഭാവനകൾ'**

## 11. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷനും

ഏപ്രിൽ 4–ാം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 12–ാം ചരമവാർഷികം ആചരിക്കുകയാണല്ലോ. അതിരൂപതയിലെ സൺഡേ സ്കൂളുകളുടെ നേതൃത്വത്തിൽ മിഷൻലീഗ്, കെ.സി.വൈ.എം. തുടങ്ങിയ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഈ വർഷം മുതൽ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികദിനമായ ഏപ്രിൽ 4–ാം തീയതി അതിരൂപതാ തീർത്ഥാടന ദിവസമായി ആചരിക്കുകയാണല്ലോ. ഏപ്രിൽ 2,3,4 ദിവസങ്ങളിലായി റീജൻ അടിസ്ഥാനത്തിൽ അതിരൂപതയിലെ മുഴുവൻ സൺഡേസ്കൂളുകളിലേയും 10–ാം ക്ലാസ്സിലെ കുട്ടികൾ ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥയാത്ര നടത്തുന്നു. മലബാർ കുടിയേറ്റത്തിന്റെ പ്രാധാന്യവും വള്ളോപ്പിള്ളിപിതാവിന്റെ സംഭാവനകളെയും പരിചയപ്പെടുത്തുന്ന വിവിധ കർമ്മപദ്ധതികളാണ് പ്രസ്തുത ദിനങ്ങളിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ തീർത്ഥാടനം ഒരു വൻവിജയമാക്കുന്നതിനു വേണ്ടി എല്ലാ ബഹു. വികാരിയച്ചന്മാരുടേയും സൺഡേസ്കൂൾ അധ്യാപകരുടേയും ഇടവകയിൽ പ്രവർത്തിക്കുന്ന സംഘടനകളുടേയും സഹായം അഭ്യർത്ഥിക്കുകയാണ്.

**ക്രമീകരണങ്ങൾ**

1. അതിരൂപതയിലെ 16 മേഖലകളെ താഴെപറയും പ്രകാരം 3 റീജനുകളായി തിരിച്ച് ഏപ്രിൽ 2,3,4 തീയതികളിലായിരിക്കും തീർത്ഥാടനം നടത്തുക. **റീജൻ -1** നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ **റീജൻ-2** പനത്തടി, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ **റീജൻ-3** മേരിഗിരി, ആലക്കോട്, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി, ചെമ്പേരി, തളിപ്പറമ്പ്, പൈസക്കരി
2. ഏപ്രിൽ 2 തിങ്കൾ റീജൻ -1, ഏപ്രിൽ 3 ചൊവ്വ റീജൻ-2, ഏപ്രിൽ 4 ബുധൻ റീജൻ- 3
3. ഓരോ മേഖലയിലേയും കുട്ടികളെ 100 നും 150നും ഇടയിലുള്ള ഗ്രൂപ്പുകളായിതിരിച്ച് പ്രത്യേക നമ്പർ നല്കുന്നതായിരിക്കും. രാവിലെ 9.30 ന് തലശ്ശേരി കത്തീഡ്രൽ പള്ളിയുടെ മുമ്പിലെത്തി രജിസ്ട്രേഷൻ ചെയ്യുമ്പോൾ തന്നെ ഓരോരുത്തർക്കും ഗ്രൂപ്പ് ഐഡന്റിറ്റി നല്കുന്നതോടൊപ്പം ഓരോ ഗ്രൂപ്പിനും സഹായിയായി ഒരു ഗൈഡിനെയും നല്കുന്നതായിരിക്കും.
4. രജിസ്ട്രേഷനും ഗ്രൂപ്പു തിരിക്കലിനും ശേഷം കുട്ടികൾക്ക് റിഫ്രഷ്മെന്റ് സൗകര്യങ്ങൾ സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലും മൈനർ സെമിനാരിയിലുമായി ക്രമീകരിച്ചിട്ടുണ്ട്.
5. 10.00 മണിക്ക് എല്ലാവരും കത്തീഡ്രൽ ദേവാലയത്തിൽ പ്രവേശിച്ച് അഭിവന്ദ്യ മാർ ഞറളക്കാട്ട് പിതാവിനോടൊപ്പം ബലിയർപ്പിക്കുകയും വള്ളോപ്പിള്ളിപിതാവിന്റെ കബറിടത്തിങ്കൽ ഒപ്പീസ് പ്രാർത്ഥന നടത്തുകയും ചെയ്യുന്നു.
6. തുടർന്ന് പള്ളിയിൽ വച്ച് തന്നെ അഭിവന്ദ്യ പിതാവിനൊപ്പം ഒരു ഫോട്ടോ സെഷൻ ഉണ്ടായിരിക്കും.
7. 11. 45 മുതൽ ഗ്രൂപ്പ് തിരിച്ച് തന്നിരിക്കുന്ന ഗൈഡിന്റെ നേതൃത്വത്തിൽ ബഹു. അധ്യാപകരും കുട്ടികളും പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന എക്സിബിഷൻ സെന്ററുകളിലേക്ക് പോകുന്നു. തുടർന്ന് കടൽകാഴ്ച്ച, ബിഷപ്പ് ഹൗസിലെ വള്ളോപ്പിള്ളി മ്യൂസിയം എന്നിവ കാണാനുള്ള അവസരവും ഉണ്ടായിരിക്കും.
8. ഓരോ ടീമിനും ഓരോ സ്ഥലത്തും ചെലവഴിക്കേണ്ട സമയക്രമവും മറ്റുകാര്യങ്ങളും മുൻകൂട്ടി തയാറാക്കി നല്കുന്നതായിരിക്കും. ഗൈഡിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് സമയം കൃത്യമായി പാലിക്കേണ്ടതാണ്.
9. ഭക്ഷണം കഴിക്കാൻ മൈനർ സെമിനാരി റഫക്ടറിയിൽ സ്ഥലം ക്രമീകരിച്ചിട്ടുണ്ടായി രിക്കും. അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കുട്ടികൾക്ക് ഭക്ഷണം നല്കുന്നതായിരിക്കും. ഒരാൾക്ക് 50 രൂപ ഭക്ഷണത്തിന് ഫീസായി നല്കേണ്ടതാണ്. അതിനാൽ

വരുന്ന കുട്ടികളുടെയും സ്റ്റാഫിന്റേയും എണ്ണം മാർച്ച് 25ന് മുമ്പായി ഓഫീസിൽ നിർബന്ധമായും അറിയിക്കേണ്ടതാണ്.

10. വൈകിട്ട് 3 മണിയോടെ മടങ്ങിപ്പോകാൻകഴിയത്തക്കവിധമാണ് പ്രോഗ്രാം ക്രമീകരിച്ചിട്ടുള്ളത്. സന്ദേശഭവനിൽ വാഷിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ടായിരിക്കും.

## മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷൻ

ഏപ്രിൽ 4-ാം തീയതി വള്ളോപ്പിള്ളി തീർത്ഥാടനത്തോടനുബന്ധിച്ച് നടത്തുന്ന മലബാർ കുടിയേറ്റ എക്സിബിഷനുവേണ്ടി കുടിയേറ്റ സ്മരണകൾ ഉണർത്തുന്നതും അറിവ് പകരുന്നതുമായ അമൂല്യമായ സാധനങ്ങൾ, ഉപകരണങ്ങൾ, പണിയായുധങ്ങൾ, പാത്രങ്ങൾ, ചിത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ സമാഹരിച്ചിരിക്കുന്ന സ്ഥലത്തെ ഹെഡ്മാസ്റ്റർമാർ ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ലഭിച്ച ലിസ്റ്റിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന സാധനങ്ങൾ ഇടവകാതലത്തിൽ ശേഖരിക്കുന്നതായിരിക്കും. കൂടാതെ സ്റ്റാമ്പ്, നാണയങ്ങൾ, പെയിന്റിംഗ്സ് തുടങ്ങിയവ ശേഖരിച്ചിരിക്കുന്നവർക്ക് അവ പ്രദർശിപ്പിക്കാനുള്ള അവസരവും ഈ എക്സിബിഷനിൽ ഉണ്ടായിരിക്കുന്നതാണ്. ഉടമസ്ഥന് ആവശ്യമുള്ള സാധനങ്ങൾ എക്സിബിഷനുശേഷം തിരിച്ചുതരുന്നതാണ്. അല്ലാത്തവ അതിരൂപതാ മ്യൂസിയത്തിൽ സ്ഥിരമായി സൂക്ഷിക്കുന്നതായിരിക്കും.

## 12. അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനങ്ങൾ

2018 ഫെബ്രുവരി 13 ബുധനാഴ്ച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അതിരൂപതാ മതബോധന കമ്മിറ്റിയുടെ തീരുമാനങ്ങൾ.

1. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷനും ഏപ്രിൽ 2,3,4 തീയതികളിലായി നടത്താൻ തീരുമാനിച്ചു. മൂന്ന് റീജനുകളായി തിരിച്ച് മേൽപറഞ്ഞ മൂന്ന് ദിവസങ്ങളിലായിട്ടാണ് പത്താം ക്ലാസിലെ കുട്ടികൾ പങ്കെടുക്കേണ്ടത്.
2. അധ്യാപകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി എല്ലാ വർഷവും ഏതെങ്കിലുമൊരു വിഷയം പ്രത്യേകമായി തിരഞ്ഞെടുത്ത് ക്ലാസുകൾ ഫൊറോനാതലത്തിൽ സംഘടിപ്പിക്കുക.
3. ആസ്പെക്ട് പഠനവിഷയത്തിന്റെ പുസ്തകങ്ങൾ എല്ലാ അധ്യാപകരും വാങ്ങേണ്ടതും പഠിക്കേണ്ടതുമാണ്. 55 വയസിനു മുകളിലുള്ളവർ പ്രബന്ധവും ബാക്കി അധ്യാപകർ പരീക്ഷയുമാണ് എഴുതേണ്ടതെന്ന് കമ്മിറ്റി തീരുമാനിച്ചു.
4. അധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും ക്ലാസുകൾ എടുക്കാൻ ഒരു റിസോഴ്സ് ടീമിനെ സജ്ജമാക്കണം.

5. സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശപ്രകാരമുള്ള ബൈബിൾ നഴ്സറി സാധിക്കുന്ന എല്ലാ സൺഡേസ്കൂളുകളിലും അടുത്ത അധ്യയനവർഷം മുതൽ ആരംഭിക്കേണ്ടതാണ്.

6. പന്ത്രണ്ടാം ക്ലാസിലെ കുട്ടികൾക്കായി നടത്തുന്ന രണ്ടു ദിവസത്തെ ധ്യാനം എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. താമസിച്ച് ധ്യാനം നടത്താൻ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ രാവിലെ മുതൽ വൈകുന്നേരംവരെ ഫൊറോന പള്ളിയിൽവച്ച് രണ്ടു ദിവസത്തെ ധ്യാനം നടത്തേണ്ടതാണ്.

7. യുവജനവർഷം പ്രമാണിച്ച് കെസിവൈഎം നടത്തുന്ന ഫൊറോനതല ക്ലാസുകളിൽ സംബന്ധിക്കുവാൻ 11,12 ക്ലാസിലെ കുട്ടികളെ അനുവദിക്കേണ്ടതാണ്.

8. പന്ത്രണ്ടാം ക്ലാസിലെ കുട്ടികൾക്ക് വരുന്ന അധ്യയനവർഷം 'സത്യമറിയാൻ' എന്ന പുസ്തകം ഉപപാഠമായി നല്കേണ്ടതും ആ പുസ്തകം കേന്ദ്രീകരിച്ച് അസൈൻമെന്റ് എഴുതിക്കേണ്ടതാണ്.

9. ഏപ്രിൽ 2 മുതൽ 5 വരെയാണ് ഈവർഷത്തെ വിശ്വാസോത്സവം. ആറാം തീയതി വെള്ളിയാഴ്ച്ച കുട്ടികൾക്ക് പരീക്ഷയ്ക്കു പഠിക്കാനുള്ള സ്റ്റഡി ലീവ് ആയിരിക്കും. 5 ദിവസത്തെ പാഠങ്ങളായി വിശ്വാസോത്സവ വർക്കുബുക്കുകൾ ക്രമീകരിച്ചിരിക്കുന്നതിനാൽ 5-ാം തീയതി വ്യാഴാഴ്ച്ച വൈകുന്നേരം വരെ ക്ലാസുകൾ സംഘടിപ്പിച്ച് രണ്ടു ദിവസത്തെ വർക്കുകൾ തീർക്കേണ്ടതാണ്.

10. മാർച്ച് 10-ാം തീയതി വിശ്വാസോത്സവ വർക്കുബുക്കുകളുടെ പരിശീലന ക്ലാസ് അധ്യാപകർക്കായി ഫൊറോനാതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

11. അടുത്ത അധ്യയനവർഷത്തിന്റെ ആരംഭത്തിൽ ക്ലാസടിസ്ഥാനത്തിൽ അധ്യാപകരെ വിളിച്ചുകൂട്ടി ഏകദിന പുസ്തകപരിചയ സെമിനാർ നടത്തേണ്ടതാണ്.

12. സാധിക്കുന്ന, താത്പര്യമുള്ള എല്ലാ അധ്യാപകരും ദൈവശാസ്ത്ര കോഴ്സുകൾ പഠിക്കേണ്ടതാണ്.

**13. ഡയറക്ടറച്ചന്റെ സന്ദർശനം**

പെരുമ്പുന്ന, പേരാവൂർ എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സെടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. പുതിയ ദൈവശാസ്ത്ര സെന്ററുകൾ

ഗൾഫ് മേഖലയിൽ ജബൽഅലി കേന്ദ്രമാക്കി പുതിയ ദൈവശാസ്ത്ര ബിരുദ കോഴ്സ് ആരംഭിച്ചു. പ്രവാസജീവിതത്തിൽ ദൈവവചനം ആധികാരികമായി പഠിക്കുവാനുള്ള വിശ്വാസികളുടെ താത്പര്യം തികച്ചും ശ്ലാഘനീയമാണ്. സെന്റ് ഫ്രാൻസീസ് ഓഫ് അസീസ്സി പള്ളിയെ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾക്ക് നേതൃത്വം നല്കുന്ന വികാരിയച്ചനും നേതൃത്വത്തിലുള്ള എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. സി.എം.സി. മാനന്തവാടി സേക്രട്ട് ഹാർട്ട് പ്രൊവിൻസിന്റെ ദൈവശാസ്ത്ര കോഴ്സ് നടവയലിൽ മാർച്ച് 3ന് ആരംഭിക്കുന്നു.

## 2. റസിഡൻഷ്യൽ ക്ലാസ്സ്: ഏപ്രിൽ 16–18

എം.റ്റി.എച്ച്, ഇന്റഗ്രേറ്റഡ് എം.റ്റി.എച്ച് വിദ്യാർത്ഥികൾക്കായി തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് 3 ദിവസത്തെ റസിഡൻഷ്യൽ ദൈവശാസ്ത്ര ക്ലാസ്സുകൾ നടത്തപ്പെടുന്നു. 2017–18 അദ്ധ്യയനവർഷത്തിൽ ബി.റ്റി.എച്ച്. വിദ്യാർത്ഥികൾക്കായി എടുത്ത ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നവർക്കും ഈ ദിവസങ്ങളിൽ ക്ലാസ്സുകൾ എടുത്ത് കൊടുക്കുന്നതായിരിക്കും. ക്ലാസ്സിൽ പങ്കെടുക്കുന്നവർക്ക് മെത്തഡോളജിയുടെ മാർക്കും ലഭ്യമാകുന്നതാണ്. വിഷയങ്ങളും ക്ലാസ്സുകളുടെ സമയവിവരങ്ങളും അടുത്ത മാസത്തെ ബുള്ളറ്റിനിൽ നല്കുന്നതായിരിക്കും.

## 3. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകൾ

ഈ മാസം നടക്കുന്ന ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| മാർച്ച് 3 | സി.എം.സി, സേക്രഡ് ഹാർട്ട് പ്രൊവിൻസ്, നടവയൽ | 9.30 – 4.30 | ദൈവശാസ്ത്ര പ്രവേശിക<br>പഞ്ചഗ്രന്ഥത്തിന്റെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |
| മാർച്ച് 4 | അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ്, ചാലക്കുടി | 9.00 – 4.00 | വി. മർക്കോസിന്റെ സുവിശേഷം<br>വി. ലൂക്കായുടെ സുവിശേഷം<br>ഹീബ്രു<br>സാർവ്വത്രികലേഖനങ്ങൾ |

| | | | |
|---|---|---|---|
| മാർച്ച് 10 | അസീസ്സി പ്രൊവിൻഷ്യൽ ഹൗസ്, തൃശ്ശൂർ | 9.30 - 4.30 | വി. ലൂക്കായുടെ സുവിശേഷം<br>കൂദാശകളുടെ ദൈവശാസ്ത്രം<br>അടിസ്ഥാന ധാർമ്മിക ദൈവശാസ്ത്രം<br>ഹീബ്രു |
| മാർച്ച് 11 | വിമല ഹൃദയ റിട്രീറ്റ് സെന്റർ, കൊല്ലം | 9.30 - 4.30 | പരിശുദ്ധത്രിത്വം<br>ഗ്രീക്ക്<br>വി. യോഹന്നാന്റെ സുവിശേഷം<br>മനുഷ്യദർശനം ദൈവശാസ്ത്ര വീക്ഷണത്തിൽ |
| മാർച്ച് 17 | ഡി.എം. കോൺവെന്റ് തിരുവനന്തപുരം | 9.30 - 4.30 | യോഹന്നാന്റെ സുവിശേഷം<br>മരിയവിജ്ഞാനീയം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം<br>ഗ്രീക്ക് |
| മാർച്ച് 17 | പാവനാത്മ പ്രൊവിൻഷ്യൽ ഹൗസ്, ഇരിങ്ങാലക്കുട | 9.30 - 4.30 | ഇതരമത ദൈവശാസ്ത്രം<br>ജീവന്റെ ധാർമ്മികത<br>വിജ്ഞാനഗ്രന്ഥങ്ങൾ<br>വെളിപാടു പുസ്തകം |
| മാർച്ച് 18 | ആലുവ എഫ്.സി.സി ക്ലാരപുരം | 9.30 - 4.30 | യോഹന്നാന്റെ സുവിശേഷം<br>മരിയവിജ്ഞാനീയം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം<br>ഗ്രീക്ക് |

## 4. മതാദ്ധ്യാപകർക്കുള്ള കോൺടാക്റ്റ് ക്ലാസ്സുകൾ

മതാദ്ധ്യാപകർക്കുള്ള മാർച്ച് മാസം നടക്കുന്ന ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| മാർച്ച് 4 | എടൂർ<br>പൈസക്കരി<br>ചെറുപുഴ<br>പനത്തടി<br>തോമാപുരം | 2.30 - 5.30 | ആദ്ധ്യാത്മിക ദൈവശാസ്ത്രം<br>ഗ്രീക്ക് |

## 5. ല്യൂമെൻ എക്ലേസിയ - പരീക്ഷാക്രമം

| | |
|---|---|
| **ഗ്രീക്ക്** | **- 18.03.2018 (2.30 - 4.30)** |
| **ആദ്ധ്യാത്മിക ദൈവശാസ്ത്രം** | **- 08.04.2018 (2.30 - 4.30)** |

### 6. ദൈവശാസ്ത്ര പ്രബന്ധം

2018ൽ ദൈവശാസ്ത്രപഠനം തീരുന്ന വിദ്യാർത്ഥികൾ ഏപ്രിൽ 30ന് മുൻപ് ബിരുദപഠനത്തിന്റെ ഭാഗമായി എഴുതേണ്ട പ്രബന്ധം സമർപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

### 7. ദൈവശാസ്ത്ര ക്ലാസ്സുകൾ Youtube - ൽ

അനേകം വർഷങ്ങളായി ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്തുകൊണ്ടിരുന്ന ആൽഫാ ദൈവശാസ്ത്ര വിഷയങ്ങൾ ഇപ്പോൾ പൂർണ്ണമായും Youtube-ൽ ലഭ്യമാണ്. Youtube - ൽ ആൽഫാ തിയോളജിയാ എന്ന് കൊടുത്താൽ 500ൽ പരം ക്ലാസ്സുകൾ ലഭിക്കും. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് alphathalassery - വെബ്സൈറ്റിലും ഈ ക്ലാസ്സുകൾ കാണാവുന്നതാണ്. 25 മിനിറ്റുകൾ വീതമുള്ള ക്ലാസ്സുകൾ ഓരോ വിഷയവും തിരിച്ച് നല്കിയിരിക്കുന്നു.

### 8. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്കൈപ്പ് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. അതാത് മാസത്തെ ക്ലാസ്സുകളുടെ സമയക്രമം, വിഷയം എന്നിവ ആൽഫായുടെ വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

## പരിശുദ്ധ ദൈവമാതാവിന്റെ നൊവേന

**(ഫാ. ഫിലിപ്പ് കാരക്കാട്ട്)**

നിർമ്മലഗിരി കോളേജ് വൈസ് പ്രിൻസിപ്പാൾ ഫാ. ഫിലിപ്പ് കാരക്കാട്ട് തയ്യാറാക്കിയ പരി. അമ്മയുടെ ഒരു പുതിയ നൊവേന അഭിവന്ദ്യ പിതാക്കന്മാരുടെ അനുവാദത്തോടും അംഗീകാരത്തോടുംകൂടി പ്രസിദ്ധീകരിച്ചിരിക്കുന്നു. ഹൃദ്യവും അനുഗ്രഹപ്രദവുമായ പ്രാർത്ഥനകൾ ഉൾകൊള്ളുന്ന ഈ നൊവേന പുസ്തകം ഇതിനകം പല ദൈവാലയങ്ങളിലും ഉപയോഗിച്ചു വരുന്നു. കോപ്പികൾ സന്ദേശഭവൻ ബുക്ക്സ്റ്റാളിൽ ലഭ്യമാണ്.

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞു പ്രേഷിതരേ,

ജീവിതത്തിന്റെ ഹ്രസ്വതയും ജീവിതസുഖങ്ങളുടെ വ്യർത്ഥതയും ഒരുവന് ബോധ്യമാകുന്ന ദിനങ്ങളാണ് അമ്പതു നോമ്പിന്റെ പുണ്യദിനങ്ങൾ. നാമെല്ലാം ഈ വിശുദ്ധദിനങ്ങളിലൂടെ കടന്നുപോയി, സ്വന്തം ആത്മവിശുദ്ധീകരണ പ്രക്രിയയിലൂടെ ഒന്ന് സ്നാനം ചെയ്ത് പുതുജീവനിലേക്ക് പ്രയാണം ചെയ്യുകയാണ്. ഞാനും ദൈവവുമായുള്ള ആത്മബന്ധത്തിന്; ഞാനും സഹോദരങ്ങളുമായുള്ള സ്നേഹബന്ധത്തിന്, എന്നോടുതന്നെയുള്ള സ്നേഹക്കുറവിന് എവിടെയൊക്കെ വിടവ് സംഭവിച്ചു എന്ന് സ്വയം കണ്ടെത്തി; ആ കണ്ടെത്തലിന്റെ ആഴത്തിൽനിന്നും മുളയെടുക്കുന്ന പ്രായശ്ചിത്തത്തിനും മാനസാന്തരത്തിനുമായി ഈ നോമ്പിന്റെ ദിനങ്ങൾ തീക്ഷ്ണതയോടെ അർത്ഥസമ്പുഷ്ടമാക്കാൻ നമുക്ക് പരിശ്രമിക്കാം...

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവിന്റെ തിരുനാൾ

„ വിശുദ്ധൻ : വി. യൗസേപ്പിതാവ്

പ്രാർത്ഥനാനിയോഗം : കുടുംബവിശുദ്ധീകരണം

സുകൃതജപം : ഈശോ, അങ്ങേ പരിശുദ്ധരോടുകൂടി നിത്യമായി സ്തുതിക്കുന്നതിന് അനുവദിക്കണമേ

സപ്തതി സുകൃതം : 70 കന്യാവ്രതക്കാരുടെ കാവൽക്കാരനായ മാർ യൗസേപ്പേ

## ശാഖകൾ ശ്രദ്ധിക്കാൻ

19 തിങ്കൾ – വി. യൗസേപ്പിതാവിന്റെ തിരുനാൾ

19 തിങ്കൾ – മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ഫീസ്റ്റ്

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, അഗതിമന്ദിരസന്ദർശനം, എസ്.എസ്.എൽ.സി. പ്ലസ്ടു വിദ്യാർത്ഥികൾക്കുവേണ്ടി തിരുസന്നിധിയിൽ ആരാധന.

## ടീം ക്വിസ്മത്സര വിജയികൾ

2018 ജനുവരി 26-ാം തീയതി തളിപ്പറമ്പിൽവച്ച് നടന്ന ടീം ക്വിസ് മത്സരത്തിൽ 11 മേഖലകളിൽനിന്നായി 66 കുട്ടികൾ പങ്കെടുത്തു. 189 പോയിന്റോടെ നെല്ലിക്കാംപോയിൽ മേഖല ഒന്നാംസ്ഥാനവും, 180 പോയിന്റോടെ ചെറുപുഴമേഖല രണ്ടാംസ്ഥാനവും, 178 പോയിന്റോടെ എടൂർമേഖ മൂന്നാം

സ്ഥാനവും കരസ്ഥമാക്കി. തളിപ്പറമ്പ് ശാഖയിലെ അൽഫോൻസ കാരന്താനം ഏറ്റവും കൂടുതൽ പോയിന്റ് നേടി വ്യക്തിഗതസമ്മാനം നേടി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## പരീക്ഷാവിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന

ഈ വർഷം 10-ാം ക്ലാസ്സ്, പ്ലസ്ടു പരീക്ഷ എഴുതുന്ന എല്ലാ മിഷൻലീഗ് അംഗങ്ങളെയും നമ്മുടെ പ്രാർത്ഥനവഴി ശക്തിപ്പെടുത്താം. ഓരോ ശാഖയിലും പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും പരീക്ഷാ ടൈംടേബിളും ശാഖയിലെ മറ്റ് കുട്ടികൾക്ക് നൽകി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാനും ദിവ്യബലിയിലും ആരാധനയിലും സന്ധ്യാപ്രാർത്ഥനയിലും ഇവർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും ഓർമ്മിപ്പിക്കുമല്ലോ.

## ശാഖാ ഇലക്ഷൻ

ചെറുപുഷ്പമിഷൻലീഗിന്റെ 2018-19 വർഷത്തേയ്ക്കുള്ള ശാഖാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ചുള്ള ദിവസങ്ങളിൽ നടത്തി പേര് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## അതിരൂപതാ മാനേജിംഗ് കമ്മിറ്റി

2018 മാർച്ച് 24-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് അതിരൂപതാ മാനേജിംഗ് കമ്മിറ്റി ചേരുന്നതാണ് എന്നുള്ള കാര്യം ശ്രദ്ധിക്കുമല്ലോ. 2017-18 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരും വർഷത്തെ പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയും ചെയ്യുന്നു. എല്ലാ മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ...

## ബഹു. വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2017-18 പ്രവർത്തനവർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലംമാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കിവയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കുകയും വാർഷിക റിപ്പോർട്ട് മെയ് 15നുള്ളിൽ മേഖലാഡയറക്ടർ അച്ചനെ ഏൽപ്പിക്കുകയും ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു.

## ഉണ്ണീശോയ്ക്കൊരു കട്ടിൽ

അദിലാബാദിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ച എല്ലാ ശാഖകൾക്കും സുമനസ്സുകൾക്കും ഒരിക്കൽക്കൂടി ഒരായിരം നന്ദി... പത്ത് കട്ടിലുനൽകിയ കല്ലുവയൽ ശാഖയ്ക്കും ഒപ്പം അട്ടക്കണ്ടം, ചരൾ, ഇരിട്ടി, ആര്യപ്പറമ്പ്, മുണ്ടാനൂർ, പൊട്ടംപ്ലാവ്, തേർമല, പടി

മരുത്, പുലിക്കുരുമ്പ, കല്ലുമുതിരകുന്ന്, നെടുവാലൂർ, ചട്ടമല, പച്ചാണി, ശാന്തി നഗർ, പാടിയോട്ടുചാൽ, കോട്ടൂർവയൽ, ശ്രീകണ്ഠാപുരം, ചേപ്പറമ്പ്, കോട്ടൂർ, ഏറ്റുപാറ, പാലാവയൽ, രണ്ടാംകടവ്, മുത്താറികുളം, കാഞ്ഞിരടുക്കം, എണ്ണപ്പാറ, ഒറ്റത്തൈ കുന്നോത്ത്, വാണിയപ്പാറ, പെരിങ്കരി, ആനപ്പന്തി, ചെമ്പേരി, നെല്ലിക്കുന്ന്, ചെറുപാറ, മഞ്ഞളാംപുറം, മാവുംഞ്ചാൽ, തോമാപുരം, ചാവറഗിരി, കൊളക്കാട്, ഉമ്മർപൊയിൽ, നെല്ലിപ്പാറ, പാലത്തിൻകടവ്, അരവഞ്ചാൽ, നവജീവൻ ജനശ്രീ (രാജഗിരി), ഭീമനടി, മണിക്കടവ്, പേരാവൂർ, കനകപ്പള്ളി, ചെറുപുഴ, ചായ്യോത്ത്, കുട്ടാപറമ്പ്, ദീപഗിരി, പനത്തടി, ആര്യപറമ്പ്, ചെമ്പന്തൊട്ടി, പടുപ്പ്, ആലക്കോട്, നടുവിൽ, ചീക്കാട്, കരുവഞ്ചാൽ, കൊന്നക്കാട് എന്നീ ശാഖകൾക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു...

## പ്രയർബാങ്ക്

കുട്ടികൾക്കായുള്ള മാതാപിതാക്കളുടെ പ്രാർത്ഥനാസംരംഭത്തിൽ പങ്കുചേർന്ന് മഞ്ഞളാംപുറം ശാഖയിലെ മാതാപിതാക്കൾ സമർപ്പിച്ച പ്രാർത്ഥനകൾ

| വി. കുർബ്ബാന | ജപമാല | സുകൃതജപം | ഉപവാസം | ആശയടക്കം |
|---|---|---|---|---|
| 480 | 1110 | 340100 | 75 | 125 |

## ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും-മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷനും

ഏപ്രിൽ 4-ാം തീയതി അഭിവന്ദ്യമാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 12-ാം ചരമവാർഷികം ആചരിക്കുകയാണല്ലോ. അന്നേദിനം അതിരൂപതാതീർത്ഥാടന ദിനമായി ആചരിക്കുമ്പോൾ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥാടനവും അതിരൂപതയിലെ വിവിധസ്ഥാപനങ്ങളെ പരിചയപ്പെടുവാനുമുള്ള അവസരവും ഒരുക്കിയിരിക്കുന്നു.... ഈ തീർത്ഥാടനം ദൈവാനുഗ്രഹപ്രദമാക്കിതീർക്കുന്നതിന് എല്ലാ മേഖലാഡയറക്ടർ അച്ചന്മാരും വൈസ്ഡയറക്ടർ സിസ്റ്റേഴ്സിനും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു...

## ഇടവകകളിൽ കുട്ടികൾക്കായുള്ള ധ്യാനങ്ങൾ

അതിരൂപതയിലെ എല്ലാ ഇടവകകളിലും ഈ വർഷം കുട്ടികൾക്കായുള്ള ധ്യാനങ്ങൾ നടത്തുവാനായി ആഗ്രഹിക്കുന്നു. ബഹു. വൈദികർ, മേജർ സെമിനാരി ബ്രദേഴ്സ്, വിവിധ കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സ്, അല്മായർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ടീമുകൾ തയ്യാറായിട്ടുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിൽ ധ്യാനങ്ങൾ, സെമിനാറുകൾ, ക്യാമ്പുകൾ

തുടങ്ങിയവ ഇടവകകളിൽ സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ എത്രയും വേഗം അതിരൂപതാ മിഷൻലീഗ് ഓഫീസുമായോ, മതബോധന ഓഫീസുമായോ, മൈനർ സെമിനാരിയുമായോ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ജൂൺമാസം മുതൽ ഇടവകകളിൽ അവധിയുള്ള ദിവസങ്ങളിലോ, ശനി, ഞായർ ദിവസങ്ങളിലോ ധ്യാനങ്ങൾ നടത്തുന്നതുമായിരിക്കും. ബഹു. അച്ചന്മാരും സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരും ദയവായി ഈ സൗകര്യം പ്രയോജനപ്പെടുത്തുമല്ലോ. അടുത്ത മാസത്തെ ബുള്ളറ്റിനിൽ ധ്യാനത്തെക്കുറിച്ചുള്ള കൂടുതൽ വാർത്തകളും, ടീമുകളുടെ ഫോൺനമ്പറും നല്കുന്നതായിരിക്കും.

**ബുക്ക് ചെയ്യാൻ വിളിക്കേണ്ട ഫോൺ നമ്പറുകൾ**

9947081543, 8547128523, 9061000659, 8281255847

## ക്രിസ്റ്റീൻ റിട്രീറ്റ് ആനിമേറ്റേഴ്സ് ട്രെയിനിംഗ്

കുട്ടികളുടെ ധ്യാനം നടത്തുന്നവർക്കായിട്ടുള്ള പ്രത്യേക ട്രെയിനിംഗ് പ്രോഗ്രാം ക്രിസ്റ്റീൻ റിട്രീറ്റ് ആനിമേറ്റേഴ്സ് ട്രെയിനിംഗ് ഫെബ്രു. 25 ഞായറാഴ്ച വൈകുന്നേരം 6 മണിമുതൽ 28 ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടന്നു. അതിരൂപതയിൽനിന്നും വൈദികർ, സന്യസ്തർ, അൽമായർ എന്നിവർ പങ്കെടുത്തു. ബ്രദർ. സന്തോഷ് ടിയുടെ നേതൃത്വത്തിലുള്ള കോട്ടയം ക്രിസ്റ്റീൻ ടീം ആയിരുന്നു ട്രെയിനിംഗിന് നേതൃത്വം നൽകിയത്.

## മിഷൻ അസംബ്ലി - പനത്തടി, കാഞ്ഞങ്ങാട്, ആലക്കോട്

സംഘടനാശാക്തീകരണത്തിന്റെ ഭാഗമായി ഫൊറോനതലത്തിൽ നടത്തുന്ന മിഷൻ അസംബ്ലി 17-2-18ന് കാഞ്ഞങ്ങാട് റീജണിലെ പനത്തടി, കാഞ്ഞങ്ങാട് മേഖലകളിൽ നടത്തി. പനത്തടി മേഖലയിൽ രാവിലെ 10 മണിക്ക് ആരംഭിച്ച അസംബ്ലി ഫൊറോന വികാരി റവ. ഫാ. തോമസ് പയ്യമ്പള്ളിൽ ഉദ്ഘാടനംചെയ്തു. കാഞ്ഞങ്ങാട് മേഖലാ സമ്മേളനം പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ഷിന്റോ ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു. ഡയറക്ടർമാരായ റവ. ഫാ. ജോസഫ് പണ്ടാരപ്പറമ്പിൽ, ഫാ. ജോസഫ് കുരിശുംമൂട്ടിൽ, പ്രസിഡന്റ്മാരായ ബാബു, ജിജോ, വൈസ്ഡയറക്ടർമാരായ സി. ടെസിൻ എസ്എബിഎസ്, സി. നീസാ മരിയ ഡിഎം എന്നിവരും മറ്റുമേഖലാഭാരവാഹികളും മീറ്റിംഗുകൾക്ക് നേതൃത്വം നൽകി. അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ചെറുപുഷ്പമിഷൻലീഗിന്റെ 2018-19 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചും ഗ്രൂപ്പു മീറ്റിംഗുകൾ ശക്തീകരിക്കേണ്ടതിനെക്കുറിച്ചുമുള്ള പ്രവർത്തനമാർഗരേഖ അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് അവതരിപ്പിച്ചു.

18-ാം തീയതി ഞായറാഴ്ച ആലക്കോട് മേഖലാ എംറ്റിസി ക്യാമ്പും മിഷൻ അസംബ്ലിയും കാർത്തികപുരം ശാഖയിൽവെച്ച് നടന്നു. മേഖലാഡ

യറക്ടർ റവ. ഫാ. മാർട്ടിൻ വരിക്കാനിക്കൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ച മീറ്റിംഗിൽ മേഖലാ പ്രസിഡന്റ് സുനിൽചെന്നിക്കര അദ്ധ്യക്ഷപദം അലങ്കരിച്ചു. സംസ്ഥാന റീജിയണൽ ഓർഗനൈസർ ശ്രീ. ജെയ്സൺ മർക്കോസ് അസംബ്ലിയിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. അതോടൊപ്പം അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് എംറ്റിസി ക്യാമ്പിന് നേതൃത്വം നൽകുകയും കുട്ടികൾക്ക് ക്ലാസ്സ് എടുക്കുകയും ചെയ്തു. ജെസി വട്ടക്കാട്ട്, വൈസ് ഡയറക്ടർ സി. ലിസ്സി ജോസ്, സിജി രാമനാട്ട്, ജെയ്സൻ കുന്നുംപുറം എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മിഷൻ അസംബ്ലിളിക്ക് വേണ്ട ക്രമീകരണങ്ങൾ ഒരുക്കിയ പനത്തടി, കാഞ്ഞങ്ങാട്, ആലക്കോട് മേഖലാ ഡയറക്ടേഴ്സിനും, വൈസ്ഡയറക്ടേഴ്സിനും, ഭാരവാഹികൾക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി...

**ശാഖാസന്ദർശനങ്ങൾ:** ചെമ്പേരി, ചെമ്പന്തൊട്ടി, ജോസ്മൗണ്ട്, ഏറ്റുപാറ, പയ്യാവൂർ, കരുണാ പുരം, പാടാൻകവല, ആടാംപാറ എന്നീ ശാഖകളിൽ അതിരൂപതാ ഭാരവാഹികൾ സന്ദർശനം നടത്തി.

## ആദരാഞ്ജലികൾ

ദൈവം തന്നെ ഭരമേൽപ്പിച്ച ദൗത്യം പൂർത്തിയാക്കി സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് പറന്നുയർന്ന എടൂർ ശാഖയിലെ മുൻ അതിരൂപതാ ഓർഗനൈസർ പി.സി. തോമസ് സാറിന്റെ പ്രിയ മാതാവ് റോസമ്മയുടെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും...

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

## അൽമായർക്കായി ദേശീയ സെമിനാർ

**2018 ഏപ്രിൽ 15-21 ബാംഗ്ലൂർ എൻ.ബി.സി.എൽ.സിയിൽവച്ച്**

"അൽമായ നേതൃത്വം സഭയിലും സമൂഹത്തിലും" എന്ന വിഷയത്തെ അടിസ്ഥാനമാക്കി അല്മായ നേതൃത്വം വളർത്താൻ സഹായിക്കുന്ന സെമിനാർ മലയാളഭാഷയിൽ നടത്തപ്പെടുന്നു. 18നും 65നും ഇടയ്ക്ക് പ്രായമുള്ള അല്മായർക്കാണ് പ്രവേശനം. സെമിനാർ ഫീസ് 3500 രൂപ എൻ.ബി.സി.എൽ.സി. സ്കോളർഷിപ്പ് നല്കും. രജിസ്ട്രേഷൻ ഫീസ് 300 രൂപയും യാത്രച്ചിലവും പങ്കെടുക്കുന്നവർ വഹിക്കണം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ മാർച്ച് 31ന് മുമ്പ് 300 രൂപ മണിയോഡർ അയച്ച് ബുക്ക് ചെയ്യണം. താത്പര്യമുള്ളവർ ബഹു. ചാൻസലറച്ചനുമായി ബന്ധപ്പെടുക.

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

മനോഭാവത്തിലും പെരുമാറ്റത്തിലും മഞ്ഞുപോലെ നിർമ്മലത കൈവരിക്കാനുള്ള കാലമാണ് നോമ്പ്കാലം. നോമ്പിലെ എല്ലാദിവസവും ദിവ്യബലിയിൽ സംബന്ധിച്ച് പ്രാർത്ഥിക്കുവാനും കൊച്ചുകൊച്ചു ത്യാഗപ്രവർത്തികളിലൂടെ ഈശോയുടെ സഹനത്തിൽ പങ്കുചേരാനും നമുക്ക് പരിശ്രമിക്കാം.

**തിരുബാലസഖ്യദിനം :** ഈ വർഷത്തെ അതിരൂപതാതല തിരുബാലസഖ്യദിനാചരണം ഫെബ്രുവരി 11-ാം തീയതി മട്ടന്നൂർ ശാഖയിൽവച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് കുട്ടികൾക്കായി ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

**തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റിംഗ് :** തലശ്ശേരി അതിരൂപതാ തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റിംഗ് 2018 ജനുവരി 26ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽവച്ച് നടന്നു. രാവിലെ 9.15ന് ദിവ്യബലിയോടെ ആരംഭിച്ച മീറ്റിംഗ് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. 2017-18 പ്രവർത്തനവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച, ക്രിസ്കാർഡ് മത്സരവിജയികൾക്കുള്ള സമ്മാനദാനം എന്നിവയും നടന്നു. മീറ്റിംഗിൽ സംബന്ധിച്ച ആനിമേറ്റർ സിസ്റ്റേഴ്സിന് സമ്മാനങ്ങൾ നൽകി ആദരിച്ചു.

**അഭിവന്ദ്യപിതാവിന്റെ തിരുനാൾ :** മാർച്ച് 19ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**മണിക്കടവ് ശാഖ:** 11.2.2018 ഞായറാഴ്ച തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് മണിക്കടവ് ശാഖയിൽ ഡയറക്ടർ റവ. ഫാ. ജോർജ് ഇലവുംകുന്നേലിന്റെ നേതൃത്വത്തിൽ അംഗത്വസ്വീകരണവും നവീകരണവും നടത്തുകയും കുട്ടികൾക്ക് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി 1 മുതൽ 4 വരെ ക്ലാസ്സുകളൽ പഠിക്കുന്ന കുട്ടികൾക്ക് സെമിനാർ നടത്തി.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചൻമാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

## യുവജന വർഷം 2018

2018 ഒക്ടോബർ മാസം റോമിൽവച്ച് നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ യുവജനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുക, തിരുസഭയുടെ മറ്റ് ശുശ്രൂഷ മേഖലകളിലൂടെ യുവജനശുശ്രൂഷാ ചൈതന്യം സഭയിലെയും, സമൂഹത്തിലെയും എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെയുള്ള കാലഘട്ടം കേരളസഭയിൽ യുവജന വർഷമായി കെസിബിസി പ്രഖ്യാപിച്ചു. തലശ്ശേരി അതിരൂപതയിൽ 2018 മാർച്ച് 18 മുതൽ 2019 മാർച്ച് 19 വരെ യുവജനവർഷമായി പ്രഖ്യാപിക്കുന്ന വിവരം അറിയിച്ചിരുന്നുവല്ലോ മാർച്ച് 18ന് കാഞ്ഞങ്ങാട് ഫൊറോനയുടെ ആതിഥേയത്വത്തിൽ പടന്നക്കാട് നല്ല ഇടയൻ ദൈവാലയത്തിൽ വച്ച് 9.30ന് തലശ്ശേരി അതിരൂപതയുടെ ഇടയൻ മാർ ജോർജ് ഞറളക്കാട്ട് ദിവ്യബലി അർപ്പിച്ച് യുവജനവർഷത്തിന് ആരംഭം കുറിയ്ക്കും. യുവജന വർഷത്തിന്റ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് എല്ലാ ഫൊറോനകളുടെയും ഡയറക്ടേഴ്സും, ആനിമേറ്റേഴ്സും, യുവജന സുഹൃത്തുക്കളും സഹകരിക്കുകയും പങ്കെടുക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. വിശ്വാസാധിഷ്ടിതമായ ഒരു യുവജന ശുശ്രൂഷ മേഖലവളർത്തിയെടുക്കാൻ നമുക്കോരോരുത്തർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

## കാൽവരി

കൊട്ടത്തലച്ചി തീർത്ഥാടനം – ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ മലബാറിലെ മലയാറ്റൂർ എന്നറിയപ്പെടുന്ന പുളിങ്ങോം കൊട്ടത്തലച്ചി മലയിലേക്ക് കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ കണ്ണൂരിന്റെ സമാധാനത്തിനുവേണ്ടി 16 ഫൊറോനകളിലെ യുവജനങ്ങൾ ഒന്നുചേർന്ന് പരിഹാരപീഢാസഹനയാത്ര (കുരിശിന്റെ വഴി) 2018 മാർച്ച് 4–ാം തിയതി ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിക്കുന്നു. എല്ലാ ഫൊറോനകളിൽ നിന്നും ഡയറക്ടേഴ്സും, ആനിമേറ്റേഴ്സും ഉൾപ്പെടെ പരമാവധി യുവജനങ്ങളും, വിശ്വാസികളും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് ഒർമ്മിപ്പിക്കുന്നു.

## കർമ്മപദ്ധതി

യുവജന വർഷത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ വരുന്ന ഒരു വർഷത്തേക്കുള്ള കർമ്മപദ്ധതികൾ രൂപപ്പെടുത്തുന്നതിന്റെ മുന്നോടിയായി

ആശയങ്ങളെ പ്രവർത്തിപഥത്തിലെത്തിക്കുന്ന 10 ഇന പരിപാടി ബഹു. ഡയറക്ടേഴ്സിന്റെ സാന്നിധ്യത്തിൽ തീരുമാനിച്ചത് ചുവടെ ചേർക്കുന്നു.

| നമ്പർ | പേര് | പരിപാടി | ലക്ഷ്യം |
|---|---|---|---|
| 1 | YOUTH BEATS | യുവജന കൺവെൻഷൻ<br>യൂത്ത് അസംബ്ലി | യുവജനസംഗമം |
| 2 | YOUTH ALIVE 2018 | സംഘടനാശാക്തികരണം (അതിരൂപത, ഫൊറോന ഭാരവാഹികൾ ചേർന്ന്) | സംഘടനയെ ശക്തിപ്പെടുപ്പെടുത്തുക |
| 3 | YOU FAITH | സത്യമറിയാൻ | |
| 4 | കാൽവരി | കൊട്ടത്തലച്ചി തീർത്ഥാടനം | |
| 5 | YOUTH EXCELLENCE AWADS | a. Youth Excellence Awads<br>b. മികച്ച യുവജനകർഷകൻ<br>c. മികച്ച സാഹിത്യ സംഭാവനകൾ പുരസ്ക്കാരം (കഥ, കവിത, ചെറുകഥ, നോവൽ, ചിത്രരചന, ഷോട്ട് ഫിലിം. etc മറ്റ്, സാഹിത്യമത്സരങ്ങൾ)<br>d. മികച്ച കായികതാര പുരസാകാരം<br>e. കലാരംഗത്ത്<br>f. പഠനരംഗത്ത്<br>g. സാമൂഹിക സാംസ്കാരിക രംഗം<br>h. ശാസ്ത്ര സാങ്കതിക രംഗം<br>i. SPECIAL ABLED TALANT AWARD | |
| 6. | YOUTH MEDIA MINISTRY | സത്യമറിയാൻ വീഡിയോ | |
| 7. | THE RISEN | പ്രവാസി യുവജന സംഗമം | |
| 8. | CAREER SPOT | തൊഴിലധിഷ്ടിത കോഴ്സുകൾ | |
| 9. | കനിവ് | സാമൂഹ്യസേവനകാരുണ്യ പ്രവർത്തികൾ | |
| 10 | LOVE & LOVE ONLY | യുവജന ജീവിതാന്തസ് | |

## ഇലക്ഷൻ വിജ്ഞാപനം

2018 വർഷത്തിൽ കെസിവൈഎം, എസ്എംവൈഎം പ്രസ്ഥാനത്തെ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് നയിക്കുവാൻ പ്രാപ്തരായ പുതിയ നേതൃത്വനിരയെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി യൂണിറ്റുതലത്തിൽ മാർച്ച് 15ന് ഉള്ളിലും, ഫൊറോന തലത്തിൽ മാർച്ച് 25ന് ഉള്ളിലും ഇലക്ഷൻ സെനറ്റ് ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതാണ്. ഇടവകാതലത്തിൽ ഡയറക്ടറും, ആനിമേറ്ററും, അൽമായ ആനിമേറ്ററും

കൂടാതെ 18 നും 30 നും ഇടയിൽ പ്രായമുള്ള 7 പേരെയാണ് തെരഞ്ഞെടുക്കേണ്ടത്.

## യൂണിറ്റ് എക്സിക്യുട്ടീവ് അംഗങ്ങൾ

| | | |
|---|---|---|
| ഡയറക്ടർ | ആനിമേറ്റർ | അൽമായ ആനിമേറ്റർ |
| പ്രസിഡന്റ് | വൈസ് പ്രസിഡന്റ് | |
| ജനറൽ സെക്രട്ടറി | സെക്രട്ടറി | |
| ട്രഷറർ | രണ്ട് കൗൺസലർമാർ (1 യുവാവ്, 1 യുവതി) | |

എന്നിവർ അടങ്ങുന്ന 10 പേരാണ് ഇടവക സമിതി. ഇത് യൂണിറ്റ് സമിതി എന്നറിയപ്പെടും. യുവതി യുവാക്കൻമാർക്ക് ഏത് ഭാരവാഹിത്വത്തിലേക്കും തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എന്നാൽ 3 പേർ എങ്കിലും ഇരുകൂട്ടരുടെയും ഭാഗത്തുനിന്ന് പ്രതിനിധികളായിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. അൽമായ ആനിമേറ്റർമാരെയും തെരഞ്ഞെടുക്കേണ്ടതാണ്.

ഫൊറോനതലത്തിൽ ഡയറക്ടറും, ആനിമേറ്ററും, അൽമായ ആനിമേറ്ററും ഉൾപ്പെടെ 12 അംഗങ്ങളായിരിക്കും ഫൊറോന എക്സിക്യുട്ടീവിൽ ഉണ്ടായിരിക്കുക.

| | | |
|---|---|---|
| ഡയറക്ടർ | ആനിമേറ്റർ | അൽമായ ആനിമേറ്റർ |
| പ്രസിഡന്റ് | വൈസ് പ്രസിഡന്റ് | ഡെപ്യൂട്ടി പ്രസിഡന്റ് |
| ജനറൽ സെക്രട്ടറി | സെക്രട്ടറി | ജോയിന്റ് സെക്രട്ടറി |
| ട്രഷറർ | രണ്ട് കൗൺസലർമാർ | 1 യുവതി, 1 യുവാവ് |

എന്നിവർ ആയിരിക്കും ഫൊറോന ഭാരവാഹികൾ. യുവതീയുവാക്കളുടെ പ്രതിനിധിയായി 3 പേർ വീതമെങ്കിലും എക്സിക്യുട്ടീവിൽ ഉണ്ടായിരിക്കണം. ഫൊറോനതലത്തിൽ തുടർച്ചയായി രണ്ട് വർഷത്തിൽ ഒരേ തസ്തികയിൽ ഒരേ വ്യക്തി തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

ക്രിസ്തീയ വിശ്വാസചൈതന്യം നഷ്ടപ്പെടാതെ വളർന്നവരും മാതൃകാപരമായ ജീവിതം നയിക്കുന്നവരും നല്ല നേതൃത്വഗുണവുള്ളവരും ആത്മാർത്ഥതയും നല്ല മനസുള്ളവരുമായ വ്യക്തികളെയാണ് നേതൃത്വനിരയിലേക്ക് തെഞ്ഞെടുക്കേണ്ടത്

പുതിയ ഫൊറോന ഭാവാഹികളുടെ ലിസ്റ്റ് ഫൊറോന ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ മാർച്ച് 30 ന് മുമ്പായി അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിങ്ങ്

കെ സി വൈ എം, എസ് എം വൈ എം ഫൊറോന ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റ് ജനുവരി 26 ന് തളിപ്പറമ്പ് സെന്റ്. മേരീസ് ഫൊറോന

ദൈവാലയത്തിൽ ഫാ.സോണി സ്കറിയ വടശ്ശേരിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തലശ്ശേരി ആർച്ച് ബിഷപ്പ് മാർ. ജോർജ് ഞരളക്കാട്ട് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ.എബിൻ കുമ്പയ്ക്കൽ സ്വാഗതം ആശംസിച്ചു. 16 ഫൊറോനകളുടെയും സാന്നിധ്യത്തിൽ യുവജന വർഷത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ചർച്ചചെയ്തു. പങ്കടുത്ത എല്ലാ ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## മതേതരത്വ സംരക്ഷണ പ്രതിജ്ഞ

ഭാരതത്തിൽ വർദ്ധിച്ചുവരുന്ന മതപീഡനങ്ങളെ അപലപിച്ചുകൊണ്ട് ജനുവരി 26 ന് തളിപ്പറമ്പ് സെന്റ്.മേരിസ് ഫൊറോന ദൈവാലയാങ്കണത്തിൽ വച്ച് തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് മതേതരത്വ സംരക്ഷണ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു.

## സത്യമറിയാൻ

തലശ്ശേരി അതിരൂപതാ കെസിവൈഎം, ഗുഡ്നസ് ചാനലും ചേർന്ന് നടത്തിവരുന്ന സത്യമറിയാൻ ചോദ്യോത്തര സംവാദ പരമ്പരയുടെ ഷൂട്ടിങ്ങ് ഫെബ്രു. 12,13 തിയതികളിൽ തലശ്ശേരി കത്തീഡ്രലിൽ വച്ചു നടത്തപ്പെട്ടു.

## എക്സപ്ലോറ – 2018 ഇലക്ഷൻ സെനറ്റ്

2018 പ്രവർത്തനവർഷത്തിലേക്കുള്ള കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുക എന്ന ലക്ഷ്യത്തോടെയും, പുതിയതായി തെരഞ്ഞെടുത്ത ഫൊറോന ഭാരവാഹികൾക്ക് സംഘടനയുടെ നേതൃത്വശൈലി മനസ്സിലാക്കുന്നതിനും, പഠിക്കുന്നതിനുമായി എക്സപ്ലോറ 2018 എന്ന പേരിൽ ഏപ്രിൽ 14,15,16 തിയതികളിലായി ത്രിദിന നേതൃത്വ പരിശീലന ശില്പശാല തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. 16 ഫൊറോനകളിൽനിന്നുള്ള എല്ലാ ഫൊറോന ഭാരവാഹികളും പ്രസ്തുത ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്യാമ്പിൽ മുഴുവൻ സമയവും പങ്കടുക്കുന്നവർക്ക് മാത്രമേ തെരഞ്ഞെടുക്കപ്പെടാനും തെരഞ്ഞെടുക്കാനും അനുവാദം ഉണ്ടായിരിക്കുകയുള്ളു. ഏപ്രിൽ 14ന് 9.30 തിന് വാർഷിക സെനറ്റോടുകൂടി ആരംഭിക്കുന്ന ക്യാമ്പ് 16ന് ഉച്ചയോടുകൂടി അവസാനിക്കുന്നതായിരിക്കും.

## മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി അനുസ്മരണ ഷട്ടിൽ ടൂർണ്ണമെന്റ്

തലശ്ശേരി അതിരൂപതാ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി അനുസ്മരണ ഷട്ടിൽ ടൂർണ്ണമെന്റ് ചെമ്പേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ ചെമ്പേരി വിമൽ ജ്യോതി എൻജിനിയറിങ്ങ് കോളജ് ഇൻഡോർസ്റ്റേഡിയ

ത്തിൽ വച്ച് ഫെബ്രുവരി 18ന് നടത്തപ്പെട്ടു. വിമൽജ്യോതി എൻജിനിയറിങ്ങ് കോളജ് ബർസാർ റവ.ഫാ. ജോർജ് ആശാരികുന്നേൽ ഉദ്ഘാടനം ചെയ്തു. ഡബിൾസിൽ നെല്ലിയ്ക്കാംപൊയ്യിൽ ഫൊറോനയിലെ ടി.കെ ലൈജു തട്ടാപറമ്പിൽ, ഹൃദയ് സന്തോഷ് കുറ്റിക്കാട്ടിൽ എന്നിവർ ജേതാക്കളായി, സിംഗിൾസിൽ ജോംസിൻ കല്ലിടുക്കനാനിക്കൽ, ജിബിൻ ചെമ്പേരിയും ജേതാക്കളായി. ഡബിൾസിൽ രണ്ടാം സ്ഥാനം ജോംസിൻ കല്ലിടുക്കനാനിക്കൽ, ജിബിൻ തുണ്ടത്തിൽ ചെമ്പേരി ഫൊറോന)യും സിംഗിൾസിൽ രണ്ടാം സ്ഥാനം നെല്ലിയ്ക്കാംപൊയ്യിൽ ഫൊറോനയിലെ ലൈജു തട്ടാപറമ്പിൽ ഹൃദയ് സന്തോഷ് കുറ്റിക്കാട്ടിൽ കരസ്ഥമാക്കി.

## യുവജനവർഷ എംബ്ലം




കെസിവൈഎം യുവജനവർഷത്തിനായ് രൂപകല്പന ചെയ്ത പ്രത്യേക എംബ്ലം ഈ വർഷത്തെ പ്രത്യേകതകളെ പ്രതിനിധാനം ചെയ്യുന്ന അടയാളങ്ങളാലും അക്ഷരങ്ങളാലും സമൃദ്ധമാണ്. എംബ്ലത്തിന്റെ മധ്യഭാഗത്തായി കാണപ്പെടുന്നത് കെസിബിസിയുടെ എംബ്ലം തന്നെയാണ്. കത്തിച്ച ദീപത്തിന്റെയുള്ളിൽ കാണുന്ന ഭൂമിയെ പ്രതിനിധീകരിക്കുന്ന വൃത്താകൃതമായ ഭാഗത്ത് കരയേയും കടലിനേയും വേർതിരിച്ചുകൊണ്ട്നിൽക്കുന്ന പച്ചപ്പൂകലർന്ന കേരളത്തെ കാണാം. അവിടേക്ക് പറന്നിറങ്ങുന്ന പരിശു

ദ്ധാത്മാവ് തോമാശ്ലീഹായിലൂടെ ഭാരതത്തിൽ കടന്നുവന്ന തിരുസഭയെ പ്രതിനിധാനം ചെയ്യുന്നു.

കേരളസഭ യുവജനവർഷമായി പ്രഖ്യപിക്കുമ്പോൾ വിശ്വാസത്തിലൂടെ വളരുന്ന യുവത്വം തുളുമ്പുന്ന കേരളസഭയേയും അതിലെ യുവജനസഭയേയും അവരുടെ ആഘോഷത്തെയും പ്രതിനിധാനം ചെയ്യുന്ന യുവാവിന്റെയും യുവതിയുടെയും ഐക്കൺ എംബ്ലത്തെ ആവരണം ചെയ്തു നിൽക്കുന്നു. ആഘോഷത്തിന്റെ ഈ യുവത്വം അടിസ്ഥാനപ്പെട്ടിരിക്കുന്നത് തിരുവചനത്തിലാണെന്നും ആദിയും അന്തവുമായവനാണ് ഈ വചനമെന്നും ഓർമ്മിപ്പിക്കുന്നു. ആൽഫയും ഒമേഗയും തുറന്നുവച്ചിരിക്കുന്ന വി. ബൈബിളിന്റെ ഉള്ളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവവിശ്വാസത്തിന്റെ ആത്മാവിനാൽ ശക്തിധരിച്ച യുവമിഷനറിമാരായി ആവശ്യമുള്ള ഇടങ്ങളിലേക്ക് പരിശുദ്ധാത്മിനാൽ നയിക്കപ്പെണമെന്ന ഓർമ്മപ്പെടുത്തലാണ് പറന്നുയരുന്ന പ്രാവ് പ്രതിനിധീകരിക്കുന്നത്.

## Early Cancer Detection Training

പ്രായഭേദമില്ലാതെ ക്യാൻസർ എന്ന മഹാവിപത്ത് നമ്മിൽ ഭീതിവളർത്തുമ്പോൾ സ്തീകൾക്ക് ക്യാൻസർ സാധ്യതയുണ്ടോ എന്ന് വളരെ നേരത്തെതന്നെ ചില പ്രാഥമിക ചെക്കപ്പിലൂടെ മനസ്സിലാക്കാനും, ഇപ്രകാരം കണ്ടുപിടിക്കാൻ കഴിഞ്ഞാൽ പല ക്യാൻസറുകളും ചികിത്സിച്ച് ഭേദമാക്കാമെന്നുമുള്ള ബോധവത്ക്കരണം സ്തീകൾക്ക് നല്കാൻ അതിരൂപതയിലെ സിസ്റ്റേഴ്സിനുവേണ്ടി ഒരു ട്രെയിനിങ്ങ് പ്രോഗ്രാം തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലെ പ്രഗത്ഭരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ 2018 മാർച്ച് 8 ന് 10 മണിമുതൽ തളിപ്പറമ്പ് സെന്റ് മേരിസ് പള്ളിയുടെ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നു. കെ സി വൈ എം ന്റെ ബഹു. എല്ലാ ആനിമേറ്റർ സിസ്റ്റേഴ്സും ഈ ട്രെയിനിങ്ങിന്റെ പ്രാധാന്യം മനസ്സിലാക്കി പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പങ്കെടുക്കുന്നവർ 3/3/2018 ന് മുമ്പ് തലശ്ശേരി ടി എസ് എസ് എസ് ഓഫീസിൽ അറിയിച്ചാൽ രജിസ്ട്രേഷൻ എളുപ്പമാകും.

> "നാം കാണാനാഗ്രഹിക്കുന്ന മാറ്റമായിരിക്കണം നാം"
> ഗാന്ധിജി

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

വലിയ നോമ്പിന്റെ ചൈതന്യത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. സ്വന്തം ജീവിതവും കുടുംബബന്ധങ്ങളും ആത്മാവിൽ വിശുദ്ധീകരിക്കപ്പെടേണ്ട ദിനങ്ങളാണല്ലോ ഇത്. ഓരോ കുടുംബവും ക്ഷമയുടെ പാഠശാലയാവണം. ഒരുവന്റെ പരിമിതികൾക്കും വിഴ്ചകൾക്കുമപ്പുറം അവനെ ആഴമായി സ്നേഹിക്കാൻ കുടുംബത്തിൽ നാം പഠിക്കണം. വിദ്വേഷത്തിന്റെയും അതിൽ നിന്നുൽഭവിക്കുന്ന വഴക്കുകളുടെയും ഇടമായി പലപ്പോഴും കുടുംബം മാറാറുണ്ട്. മറ്റുള്ളവരെക്കുറിച്ചുള്ള മുൻവിധികൾ, പങ്കുവയ്ക്കാനുള്ള താൽപര്യക്കുറവ് എന്നിവ കുടുംബബന്ധങ്ങളുടെ താളം തെറ്റിക്കുന്നു. തീക്ഷ്ണമായ പ്രാർത്ഥനയുടെയും ആഴമായ അനുതാപത്തിന്റെയും നാളുകളിലൂടെ നീങ്ങുമ്പോൾ പഴിക്കുന്നതിനേക്കാൾ അനുഗ്രഹിക്കാൻ; ഒഴിവാക്കുന്നതിനേക്കാൾ കൂടെയിരിക്കാൻ; വഴക്കിടുന്നതിനേക്കാൾ അംഗീകരിക്കാൻ ഓരോ അംഗവും ശീലിക്കണം. ഈടുറ്റതും വിശുദ്ധവുമായ ബന്ധങ്ങളുടെ സൗന്ദര്യം വിളിച്ചോതുന്ന ഉദാത്ത മാതൃകകളായി ഓരോ കുടുംബവും നിലകൊള്ളണം. നന്മയെ സ്വീകരിച്ച് ശീലമാക്കാനും, ദുശ്ശീലമായി മാറിയ തിന്മകളെ വേരോടെ പിഴുതെറിയാനുമുള്ള വിലപ്പെട്ട അവസരമായി ഈ നോമ്പുകാലം മാറട്ടെ. വലിയ ആഴ്ചയിലൂടെ കടന്നുപോകുമ്പോൾ അവാച്യമായ ആത്മീയാനന്ദം നുകരുവാൻ കുടുംബങ്ങൾക്കും ഓരോ വ്യക്തിക്കും സാധിക്കട്ടെ. ഉത്ഥാനതിരുനാളിന്റെ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു.

## I. സ്പർശം (കുടുംബബന്ധ ശാക്തീകരണം)

കുടുംബങ്ങൾക്കൊരുമിച്ച് പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ സെമിനാറുകൾ, പരിശീലനപരിപാടികൾ, സൗഹൃദകൂട്ടായ്മകൾ സംഘടിപ്പിക്കുക. മനഃശാസ്ത്ര വിദഗ്ദരുടെ സഹായത്തോടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കാനും ഗാഢബന്ധം രൂപീകരിക്കാനും പരിശീലനം നൽകുക.ഡോക്ടർമാരുടെ സഹായത്തോടെ ആരോഗ്യപരിപാലനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക. ആത്മീയ വളർച്ചയ്ക്കുപകരിക്കുന്ന ക്ലാസുകൾ സംഘടിപ്പിക്കുക എന്നിവയിലൂടെ കുടുംബബന്ധങ്ങളെ ശക്തിപ്പെടുത്താൻ പരിശ്രമിക്കുക. ക്ലാസ്സുകൾക്ക് ഏതെങ്കിലും വിധത്തിൽ സഹായങ്ങൾ ആവശ്യമുണ്ടെങ്കിൽ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.

### 1. റിസോഴ്സ് പേഴ്സൺസ് മീറ്റിംഗ്

2018 ഫെബ്രുവരി 10-ാം തീയതി ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ തല

ശ്ശേരി സന്ദേശഭവൻ ലൈബ്രറിയിൽ വച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ റിസോഴ്സ് പേഴ്സൺസിന്റെ മീറ്റിംഗ് നടത്തപ്പെട്ടു. ദമ്പതികളുടെ തുടർപരിശീലനം ലക്ഷ്യംവച്ച് വിവിധ മേഖലകളിൽ സജീവമായി പ്രവർത്തിച്ചുവരുന്നവരും വിവിധ വിഷയങ്ങളിൽ അവഗാഹമുള്ളവരുമായവരുടെ സംഗമത്തിന് അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് അദ്ധ്യക്ഷത വഹിച്ചു. 14 പേർ സംബന്ധിച്ച ഈ പരിപാടിയിൽ ക്ലാസെടുക്കുവാനുള്ള വിവിധങ്ങളായ വിഷയങ്ങൾ ചർച്ച ചെയ്യുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. അഖിലേന്ത്യാ മെത്രാൻ സമിതി വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ പിതാവിന് അനുമോദനങ്ങൾ നേർന്നു. മീറ്റിംങ്ങിൽ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ട് സ്വാഗതം ആശംസിക്കുകയും ആനിമേറ്റർ സിസ്റ്റർ ലിയ റോസ് ഏവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു. വൈകുന്നേരം ചായയോടെ മീറ്റിംഗ് സമാപിച്ചു.

**2. ഹോംമിഷൻ**

ഇടവകകളിൽ ഹോംമിഷൻ നടത്താൻ ആഗ്രഹിക്കുന്ന വികാരിയച്ചന്മാർ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസിൽ അറിയിക്കുകയാണെങ്കിൽ ടീമുകളെ തയ്യാറാക്കി വേണ്ട ക്രമീകരണങ്ങൾ ചെയ്തുതരുന്നതാണ്. ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ് ഹോംമിഷൻ. വിവിധങ്ങളായ അസ്വസ്ഥതകൾ അനുഭവിക്കുന്ന കുടുംബാംഗങ്ങളെ നേരിൽ കണ്ട് ആശ്വസിപ്പിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും അങ്ങനെ ആ കുടുംബത്തെ സമഗ്രവളർച്ചയിലേക്ക് നയിക്കാനും ഇതുവഴി സാധിക്കും.

**ഹോംമിഷൻ - കരുണാപുരം**

കരുണാപുരം സെന്റ് ജൂഡ് ഇടവകയിൽ തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ അതിരൂപതാ ഹോംമിഷൻ ടീം ഭവന സന്ദർശനം നടത്തുകയും കുടുംബങ്ങളെ പ്രാർത്ഥനയിലും വിശ്വാസത്തിലും ആഴപ്പെട്ട ജീവിതം നയിക്കാൻ പ്രചോദനം നൽകുകയും ചെയ്തു. സി.എം.സി., എസ്.എച്ച്, ഡി.പി.എം., എൻ.എസ്., എസ്.എ.ബി.എസ്. എന്നീ കോൺഗ്രിഗേഷനുകളിൽ നിന്നുള്ള 14 സിസ്റ്റേഴ്സാണ് ഹോംമിഷന് നേതൃത്വം നൽകിയത്. ഭവനസന്ദർശനത്തോടനുബന്ധിച്ച് സിസ്റ്റേഴ്സ് ഞായറാഴ്ച ദിവസം 60 കുട്ടികൾക്ക് കൗൺസിലിംഗ് നടത്തുകയുണ്ടായി. കുടുംബങ്ങളുടെ ജീവിതാവസ്ഥകളും ദുഃഖങ്ങളും കേട്ടറിഞ്ഞ് ആശ്വാസവും സമാധാനവും പകർന്നു നൽകാൻ ഹോംമിഷൻ ഏറെ സഹായകരമായിരുന്നു. വാർഡ് പ്രാർത്ഥന വൈകുന്നേരങ്ങളിൽ നടത്തിയതിൽ അംഗങ്ങൾ എല്ലാവരും സജീവമായി പങ്കുകൊണ്ടു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ടും ബ്രദർ അജേഷ് തുരുത്തേലും 11-ാം തിയ്യതി വൈകുന്നേരം ഹോംമിഷൻ നടക്കുന്ന ഇടവകയിൽ പോകുകയും ബഹു. അച്ചൻ ദിവ്യബലി മദ്ധ്യേ ഹോംമിഷനായി ഇടവകയെ ഒരുക്കുകയും

ചെയ്തു. തുടർന്ന് ടീം അംഗങ്ങളെ പ്രാർത്ഥിച്ചൊരുക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇടവകയെ മുൻകൂട്ടി പ്രാർത്ഥിച്ചൊരുക്കുകയും ഹോംമിഷൻ സുഗമമായി നടത്താൻ ആവശ്യമായ എല്ലാ ഒരുക്കങ്ങളും വളരെ താൽപര്യപൂർവ്വം നടത്തുകയും ചെയ്ത വികാരി ബഹു. ജിയോ പുളിക്കലച്ചനും കൈക്കാരന്മാർക്കും, കോ-ഓർഡിനേറ്റർ, ഇടവകയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ്, വാർഡ് പ്രതിനിധികൾ എന്നിവർക്കും ഹോംമിഷൻ നടത്തിയ ബഹു. സിസ്റ്റേഴ്സിനും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും അനുമോദനങ്ങളും നേരുന്നു.

### ജീവിത ദർശന കൗൺസലിംഗ്

അതിരൂപതാ ഹോംമിഷൻ ടീം കരുണാപുരം ഇടവകയിൽ നടത്തിയ ഹോംമിഷനോടനുബന്ധിച്ച് ഫെബ്രുവരി 18-ാം തീയതി 60 കുട്ടികൾക്ക് ജീവിതദർദശ കൗൺസലിംഗ് നടത്തി. വെല്ലുവിളികൾ നിറഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ എങ്ങനെ ഉത്തമ വ്യക്തിത്വം വളർത്തിയെടുക്കാം എന്നതിനെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകി.

### 3. ഫാമിലി കൗൺസിലിംഗ്

കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഫാമിലി കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

### 4. ക്ലാസുകൾ, സെമിനാറുകൾ

**പരിയാരം :** പരിയാരം മദർ തെരാസ പള്ളിയിൽ തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ട് ഫെബ്രുവരി 4-ാം തീയതി ഞായറാഴ്ച വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. 10.30 മുതൽ 12.30 വരെ ഇടവകയിലുള്ള അമ്മമാർക്ക് ക്ലാസെടുക്കുകയും മാതൃവേദിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. വിവിധങ്ങളായ കുടുംബപ്രേഷിതപ്രവർത്തനങ്ങളിലൂടെ ഇടവകയെ ഉണർത്തിക്കൊണ്ടിരിക്കുന്ന ബഹു. തോമസ് മാപ്പിളപ്പറമ്പിലച്ചനും, ആനിമേറ്റർ സിസ്റ്റർ സി. സിസിലി എഫ്.സി.സിക്കും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അഭിനന്ദനങ്ങൾ.

**അങ്ങാടിക്കടവ്:**

ഫെബ്രുവരി 18-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ അങ്ങാടിക്കടവ് തിരുഹൃദയ ദേവാലയത്തിൽ തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ട് വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ഇടവകയിലെ അമ്മമാർക്ക് ക്ലാസെടുത്തു 200 ഓളം അമ്മമാർ ക്ലാസിൽ പങ്കുകൊണ്ടു. വിവിധങ്ങളായ

പ്രവർത്തനങ്ങളിലൂടെ ഇടവകയെ ദൈവോന്മുഖമായി നയിക്കുന്ന ബഹു. തോമസ് മുണ്ടമറ്റത്തിലച്ചനും, ആനിമേറ്റർ സി. അഞ്ജലി സി.എം.സിക്കും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അഭിനന്ദനങ്ങൾ

**5. തിരുനാൾ കുർബ്ബാന, യൂണിറ്റ് സന്ദർശനം**

തലശ്ശേരി അതിരൂപതയിലെ പൈസക്കരി, മേരിപുരം, വിളക്കന്നൂർ, ചെമ്പേരി, നടുവിൽ കരയത്തുംചാൽ എന്നീ ഇടവകകളിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ട് ഇടവകാ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. കുടുംബജീവിതത്തിന്റെ സന്തോഷം പങ്കിട്ടുകൊണ്ട് വിശുദ്ധിയിൽ ജീവിച്ച് ദൈവത്തോട് സഹകരിക്കേണ്ടതിന്റെ പ്രാധാന്യം വിശദമാക്കുകയും ചെയ്തു.

**6. മാർഗ്ഗരേഖ – 2018**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ 2018 വർഷത്തിലെ പ്രവർത്തന മാർഗ്ഗരേഖ മാർച്ച് മാസം 10-ാം തീയതി പ്രകാശനം ചെയ്യുന്നതാണ്. മാതൃവേദി അംഗങ്ങൾ തങ്ങളുടെ യൂണിറ്റുകളുടെയും മേഖലകളുടെയും പ്രവർത്തന മാർഗ്ഗരേഖ അതിരൂപതാ മാതൃവേദിയുടെ പ്രവർത്തനങ്ങളുമായി സമന്വയിപ്പിച്ച് മാർച്ച് 30-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**7. പ്രവർത്തന റിപ്പോർട്ട്**

2017 വർഷത്തിലെ മാതൃവേദിയുടെ പ്രവർത്തന റിപ്പോർട്ട് ഫോം ഇനിയും തന്നിട്ടില്ലാത്ത യൂണിറ്റുകളും മേഖലകളും എത്രയും വേഗം അതിരൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

811, 812, 813 എന്നീ എം.പി.സി കോഴ്സുകൾ ജനുവരി 16-18, 23-25, ഫെബ്രുവരി 6-8 എന്നീ തീയതികളിൽ യഥാക്രമം പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, പടന്നക്കാട് പാസ്റ്ററൽ സെന്റർ, തലശ്ശേരി സന്ദേശഭവൻ എന്നീ സെന്ററുകളിൽവച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 149 ആൺകുട്ടികളും 137 പെൺകുട്ടികളും ഉൾപ്പെടെ ആകെ 286 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

**1. എം.പി.സി പേരന്റ്സ് മീറ്റ്**

തലശ്ശേരി സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, പടന്നക്കാട് പാസ്റ്ററൽ സെന്റർ എന്നീ സെന്ററുകളിൽവച്ച് ജനുവരി 18, 25 ഫെബ്രുവരി 8 എന്നീ തീയതികളിൽ എം പി സി 811, 812, 813 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് ക്ലാസ്സ് നയിക്കുകയുണ്ടായി.

2. പ്രീ മാരിറ്റൽ കൗൺസലിംഗ്

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 811, 812, 813 എം.പി.സി കോഴ്സുകളിൽ സംബന്ധിച്ചവരിൽനിന്നും ആവശ്യപ്പെട്ടതനുസരിച്ച് 41 പേർക്ക് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

## MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| MARCH | 6 - 8 | 13 - 15 | 20 - 22 |
| APRIL | 17 - 19, 24 - 26 | Nil | 10 - 12 |
| MAY | 22 - 24 | 8 - 10 | Nil |
| JUNE | 26 - 28 | 12 - 14 | Nil |
| JULY | 10 - 12 | Nil | 24 - 26 |
| AUGUST | 7 - 9, 21 - 23 | Nil | Nil |
| SEPTEMBER | 25 - 27 | 11 - 13 | Nil |
| OCTOBER | 9 - 11 | Nil | 23 - 25 |
| NOVEMBER | 6 - 8, 27 - 29 | 13 - 15 | Nil |
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

1. കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

2. കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. മുൻകൂട്ടി പണം അടക്കേണ്ട ആവശ്യമില്ല.

**എം.പി.സി ബുക്ക് ചെയ്യേണ്ട വിധം**

www.familytly.com എന്ന വെബ്സൈറ്റ് തുറക്കുക. എം.പി.സി. രജിസ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

കോഴ്സ് ബുക്ക് ചെയ്യേണ്ട ആളിന്റെ മുഴുവൻ ബയോഡാറ്റ ഫിൽ ചെയ്യുക.

പേജിന്റെ താഴെ കാണുന്ന സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക.

അപ്പോൾ കിട്ടുന്ന പേജിന്റെ പ്രിന്റൗട്ട് എടുത്ത് വികാരിയച്ചന്റെ സീലും

ഒപ്പുംവെച്ച് കോഴ്സിന് വരുമ്പോൾ കൊണ്ടുവരിക.

കൂടാതെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും 900 രൂപ കോഴ്സ് ഫീസും കൊണ്ടുവരിക.

അഡ്വാൻസ് പേയ്മെന്റ് ആവശ്യമില്ല.

എം.പി.സി. രജിസ്ട്രേഷൻ 9amന് ആരംഭിക്കും. കൃത്യസമയത്ത് എത്തിച്ചേരാനായി ശ്രദ്ധിക്കുക. 10 മണിക്കുശേഷം വരുന്നവരെ കോഴ്സിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

ഏതെങ്കിലും കാരണവശാൽ കോഴ്സിന് വരാൻ സാധിക്കുന്നില്ല എങ്കിൽ നേരിട്ട് ഓഫീസിൽ വിളിച്ച് Cancel ചെയ്യേണ്ടതാണ്. മറ്റൊരാളുടെ അവസരം നഷ്ടമാക്കരുതേ.

**Family Apostolate**
**Contact Number : 0490 2343414, Mob : 9400206974**

## III. മാതൃവേദി

### 1) സാന്ത്വനം

മാർച്ച് മാസത്തിൽ പ്രത്യേകമായി സാന്ത്വനം എന്ന പേരിൽ മാതൃവേദി അംഗങ്ങൾ ജീവകാരുണ്യപ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. അതാത് ഇടവകകളിലും സമീപപ്രദേശങ്ങളിലുമുള്ള അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിച്ച് ആശ്വാസവും സഹായവും പകർന്നു നൽകാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. വലിയ നോമ്പിന്റെ ചൈതന്യത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരിൽ ക്രിസ്തുവിനെക്കണ്ട് അവരെ ശുശ്രൂഷിക്കാനും അവരുടെ ആവശ്യങ്ങളിൽ നമുക്ക് സാധിക്കുന്നതുപോലെ അവരെ സഹായിക്കാനും പരിശ്രമിക്കുമല്ലോ.

- ഓരോ യൂണിറ്റുകളും അവരുടെ ഏരിയയിലുള്ള അഗതിമന്ദിരങ്ങൾ, അനാഥാലയങ്ങൾ, ജീവകാരുണ്യപ്രവർത്തന കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കുക.
- അവരോടൊത്ത് സമയം ചിലവഴിക്കുക. അവർക്കുവേണ്ടി പരിപാടികൾ അവതരിപ്പിക്കുക.
- ഭക്ഷ്യസാധനങ്ങളും, വസ്ത്രങ്ങളും സമാഹരിച്ച് എത്തിക്കുക.
- അത്യാവശ്യ സേവനങ്ങൾ ചെയ്തുകൊടുക്കുക.

### 2. അന്താരാഷ്ട്ര വനിതാദിനം - മാർച്ച് 8

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് 2018 മാർച്ച് 8 ന് രാവിലെ 10 മണിക്ക് മാതൃവേദിയുടെയും ഏ.കെ.സി.സിയുടെയും ആഭിമുഖ്യത്തിൽ വനിതകൾക്കായി തളിപ്പറമ്പിൽവച്ച് പ്രസംഗമത്സരവും സെമിനാറും സംഘടിപ്പിക്കുന്നു. ഒരു മേഖലയിൽ നിന്നും 2 പേർക്ക് പ്രസംഗമത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഓരോ മേഖലയിൽനിന്നും 10 പേർ വീതം സെമിനാറിൽ സംബന്ധിക്കേണ്ടതാണ്.

| |
|---|
| പ്രസംഗ വിഷയം : സ്ത്രീത്വം നേരിടുന്ന വെല്ലുവിളികൾ.<br>സമയം : പരമാവധി 7 മിനിറ്റ് |
| സ്ഥലം : സെന്റ് മേരീസ് ഓഡിറ്റോറിയം, തളിപ്പറമ്പ്<br>തീയതി : 08.03.2018 രാവിലെ 10 മണി |
| ഒന്നാം സമ്മാനം : 2001 രൂപ, എവറോളിങ്ങ് ട്രോഫി<br>രണ്ടാം സമ്മാനം : 1501 രൂപ, എവറോളിങ്ങ് ട്രോഫി<br>മൂന്നാം സമ്മാനം : 1001 രൂപ |

**3. സീറോ മലബാർ മാതൃവേദി അതിരൂപതാ എക്സിക്യൂട്ടീവും ആനിമേറ്റേഴ്സ് സംഗമവും**

സീറോ മലബാർ മാതൃവേദിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30ന് വി. കുർബ്ബാനയോടുകൂടി ആരംഭിക്കുന്നു. തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്ന മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികളും 16 മേഖലയിൽ നിന്നുമുള്ള ആനിമേറ്റർമാരും മേഖലാ പ്രസിഡണ്ടുമാരും ദേശീയ സെനറ്റ് അംഗങ്ങളുമാണ് സംബന്ധിക്കേണ്ടത്.

**4. ഹരിതം 2018**

മുൻ വർഷങ്ങളിൽ നാം നടത്തി വന്ന ഹരിതം എന്ന പച്ചക്കറിത്തോട്ട നിർമ്മാണം കുറേക്കൂടി വിപുലമായി ഈ വർഷം നടത്തുവാൻ ശ്രദ്ധിക്കുക. നാം ജീവിക്കുന്ന പ്രപഞ്ചത്തിന്റെയും നമ്മോടൊത്തു കഴിയുന്നവരുടെ ജീവന്റെയും സംരക്ഷകരാണ് നമ്മൾ എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് ഈ ജനുവരി മാസത്തിൽ അമ്മമാർ പരമാവധി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പൂച്ചെടികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഔഷധസസ്യങ്ങൾ, മറ്റുവൃക്ഷങ്ങൾ എന്നിവ നട്ടുവളർത്താൻ ശ്രദ്ധിക്കുക. ജൈവ വളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഈ കൃഷികളിലൂടെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് എത്തുവാനും ജീവന്റെയും പ്രപഞ്ചത്തിന്റെയും കാവലാളുകളായി തീരുവാനും നമ്മുക്ക് കഴിയണം. മേഖലാ, ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ വിത്തുകളും വിവിധ ഇനം തൈകളും എത്തിച്ച് കൊടുത്ത് മാറ്റാൾ പണിയിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ഇത് വിജയകരകമായി നടപ്പിലാക്കാനും എല്ലാ കുടുംബങ്ങളെയും ഇതിൽ ഉൾച്ചേർക്കാനും ശ്രദ്ധിക്കണെ. ഏറ്റവും കൂടുതൽ ഇനം പച്ചക്കറികളും, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവ നട്ടുവളർത്തി ഫലമെടുക്കുന്നവർക്ക് പ്രത്യേക സമ്മാനം നൽകുന്നതാണ്.

**5. സ്പർശം**

ഫെബ്രുവരി മാസത്തിൽ പ്രത്യേകമായി നിർദ്ദേശിച്ചിരുന്നതുപോലെ സ്പർശം എന്ന പേരിൽ മാതൃവേദി അംഗങ്ങൾ രോഗീശുശ്രൂഷ നിർവ്വഹിക്കുന്നുണ്ടെന്ന് കരുതുന്നു. അതാത് ഇടവകയിലെ രോഗികൾക്കും വിവിധ

ആശുപത്രികളിൽ കഴിയുന്ന രോഗികൾക്കും ഈ ശുശ്രൂഷ ഫലപ്രദമായി ചെയ്യുവാൻ എല്ലാവരും ശ്രദ്ധിക്കണെ.

- രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- രോഗികൾക്ക് ചികിത്സാസഹായം നൽകുക.
- രോഗീസന്ദർശനം, ഹോസ്പിറ്റൽ സന്ദർശനം കൃത്യമായി നടത്തുക
- വിവിധ ഹോസ്പിറ്റലുകളുമായി ബന്ധപ്പെട്ട് വിദഗ്ദ ചികിത്സ കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക.
- ആവശ്യമെങ്കിൽ സ്ഥിരം സഹായം നൽകുക.
- രോഗികൾക്കു വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുക.
- ഹോസ്പിറ്റലുകളിൽ കഴിയുന്ന ദരിദ്രരായ രോഗികൾക്ക് പൊതിച്ചോറുകൾ എത്തിക്കുക.

## IV. അമല പ്രോലൈഫ് - പ്രോലൈഫ് കൂട്ടായ്മകൾ

അതിരൂപതയിലെ എല്ലാ ഇടവകകളിലും പ്രോലൈഫ് യൂണിറ്റുകൾ രൂപീകരിക്കാനും ജീവന്റെ മഹത്വവും മൂല്യവും ഉയർത്തിപ്പിടിച്ച് ജീവന്റെ സംരക്ഷകരായിത്തീരുവാനുമുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സഹകരിക്കുമല്ലോ. അതിരൂപതാ പ്രോലൈഫ് ടീം ഓരോ ഇടവകയിലും വൈകുന്നേരങ്ങളിൽ വന്ന് വി. കുർബ്ബാന ചൊല്ലി, ജീവന്റെ മൂല്യത്തെക്കുറിച്ചും ജീവൻ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ക്ലാസുകൾ, വീഡിയോ പ്രദർശനങ്ങൾ, അനുഭവവിവരണങ്ങൾ എന്നിവ നൽകി, ജനങ്ങൾക്ക് ബോധവത്ക്കരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. പ്രോലൈഫ് ടീം നയിക്കുന്ന ആരാധനയോടെ പരിപാടി സമാപിക്കും. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ തങ്ങളുടെ ഇടവകയിൽ ഈ പ്രോഗ്രാം എന്ന് നടത്താൻ കഴിയും എന്ന വിവരം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ വിളിച്ച് (9400206974) അറിയിക്കുമല്ലോ. വൈകിട്ട് 5 മണി മുതൽ 8.30 വരെയുള്ള സമയം ക്രമീകരിച്ചാൽ മതിയാകും. ജീവന്റെ സംരക്ഷണത്തിനായുള്ള ഈ സംരംഭത്തിന് പരമാവധി പ്രോത്സാഹനം നൽകണെ.

### 1. അങ്ങാടിക്കടവ്

ഫെബ്രുവരി 18-ാം തീയതി ഞായറാഴ്ച അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് അങ്ങാടിക്കടവ് ഇടവകയിൽ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. ജീവന്റെ സംരക്ഷകരായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പ്രോലൈഫ് കൂട്ടായ്മയിൽ അംഗങ്ങളാകുന്നതിന്റെ അനിവാര്യതയെക്കുറിച്ചും അച്ചൻ സംസാരിച്ചു. ഫെബ്രുവരി 22ന് വൈകിട്ട് 5 മണിക്ക് അങ്ങാടിക്കടവ് ഇടവകയിൽവച്ച് നടക്കുന്ന പ്രോലൈഫ് കൂട്ടായ്മയിൽ സംബന്ധിക്കുവാൻ ജനങ്ങളെ ഒരുക്കുകയും ചെയ്തു. അന്നേ ദിവസം ജീസസ് യൂത്ത് പ്രവർത്തകരുടെ സഹകരണത്തോടെ പ്രോലൈഫ് എക്സി

ബിഷൻ നടത്തി. പ്രവർത്തനങ്ങൾക്ക് മികവുറ്റ നേതൃത്വം നൽകിയ തോമസ് മുണ്ടമറ്റമച്ചനും കൊച്ചച്ചനും സഹകരിച്ച എല്ലാവർക്കും ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ അഭിനന്ദനങ്ങൾ.

## V. അനുഗ്രഹ മാര്യേജ് ബ്യൂറോ - അവിവാഹിതരുടെ സംഗമം

തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് ഫെബ്രുവരി 13-ാം തീയതി രാവിലെ 10 മണി മുതൽ നമ്മുടെ അതിരൂപതയിൽപ്പെട്ട 30ഉം അതിൽ കൂടുതലും പ്രായമുള്ള അവിവാഹിതരുടെ സംഗമം നടത്തപ്പെട്ടു. അതിരൂപതയിലെ വിവിധ ഇടവകയിൽനിന്നുള്ള 250 പേർ സംബന്ധിച്ച മീറ്റിംഗിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും അവരുടെ വിവിധങ്ങളായ ആശങ്കകൾ ദുരീകരിക്കാനുതകുന്ന ദിശാബോധം നൽകി പ്രത്യാശയിലേക്ക് നയിക്കുകയും ചെയ്തു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ.ജോബി കോവാട്ട് ക്ലാസിന് നേതൃത്വം നൽകി. പ്രസ്തുത മീറ്റിംഗിൽ വച്ച് വിവിധ റീജിയൻ തിരിച്ച് അവിവാഹിതരുടെ സംഗമങ്ങൾ സംഘടിപ്പിക്കുവാനും പരിചയപ്പെടുവാനും അനുഗ്രഹ മാര്യേജ് ബ്യൂറോ- സീറോ മലബാർ മാട്രിമണി നെറ്റ്‌വർക്കിൽ പേര് രജിസ്റ്റർ ചെയ്യാനുമുള്ള അവസരം ഒരുക്കുകയും ചെയ്തു. പങ്കെടുത്തവരുടെ നിർദ്ദേശപ്രകാരം അവിവാഹിതർക്കായി ഒരു വാട്സ് ആപ്പ് കൂട്ടായ്മ രൂപീകരിച്ചു. നിലവിൽ നമ്മുടെ അതിരൂപതയിൽ 30 വയസ്സിന് മുകളിലുള്ളവരും വിവാഹം നടന്നിട്ടില്ലാത്തവരുമായ സ്ത്രീകളുടെ എണ്ണം അവരെ അറിയിച്ചു. പല കാരണങ്ങളാൽ വിവാഹബന്ധം വേർപെടുത്തി നിൽക്കുന്ന സ്ത്രീകളുമായും ചെറുപ്പക്കാരികളായ വിധവകളുമായും ഉള്ള വിവാഹ സാധ്യതകൾ പങ്കുവച്ചു. കേരളത്തിലെ പ്രത്യേകിച്ച് ലത്തീൻ രൂപതകളിലെ സ്ത്രീകളുമായി വിവാഹബന്ധത്തിലേർപ്പെടാനുള്ള സാധ്യതകളറിയിച്ചു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുള്ള വിവിധ മിഷൻ രുപതകളുമായി ബന്ധപ്പെട്ട് അവിടങ്ങളിൽനിന്നും പങ്കാളികളെ കണ്ടെത്താനുള്ള സാധ്യതകളെക്കുറിച്ച് ലഭ്യമായ വിവരങ്ങൾ പങ്കുവച്ചു. അവിവാഹിതരായിട്ടുള്ളവരുടെ സ്വഭാവത്തിലും കാഴ്ച്ചപ്പാടുകളിലും പെരുമാറ്റശൈലികളിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് വ്യക്തമാക്കികൊടുത്തു. ആത്മീയകാര്യങ്ങളിലും സഭാത്മക പ്രവർത്തനങ്ങളിലും കൂടുതൽ താൽപര്യം കാണിച്ച് സജീവമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിച്ചു. സൗഹൃദ കൂട്ടായ്മകളിലൂടെ പോസിറ്റീവ് എനർജി സ്വീകരിച്ച് മുന്നോട്ട് പോകാനുള്ള പ്രചോദനം നൽകി. ഉച്ചയ്ക്ക് 1 മണിയോടെ സംഗമം സമാപിച്ചു. വിവിധ റീജണുകളിലായി അവിവാഹിതരുടെ സംഗമം നടത്തപ്പെടണമെന്ന ആവശ്യം ഗൗരവമായെടുത്ത് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

## VI. മരിയൻ സിംഗിൾസ് സംഗമം - സന്ദേശഭവൻ

തലശ്ശേരി സന്ദേശഭവനിൽവച്ച് ഫെബ്രുവരി 15, 16 തീയതികളിൽ അതി

രൂപതയിൽ ഏകസ്ഥജീവിതം നയിക്കുന്നവരുടെ കൂട്ടായ്മയായ മരിയൻ സിംഗിൾസ് സംഗമം നടത്തപ്പെട്ടു. 15-ാം തീയതി വൈകുന്നേരം 6 മണിക്ക് ജപമാല പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടിയിൽ 15 പേർ സംബന്ധിച്ചു. കുമ്പസാരിക്കുവാനുള്ള അവസരം കൂടി ഒരുക്കിയിരുന്നു. അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് മരിയൻ സിംഗിൾസ് അംഗങ്ങളെ സന്ദർശിക്കുകയും അവരുടെ വിശേഷങ്ങൾ ചോദിച്ചറിയുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വിവിധ നിയോഗങ്ങൾക്കായി ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തേണ്ട ആവശ്യകത പിതാവ് ഊന്നിപ്പറഞ്ഞു. പിറ്റേ ദിവസം രാവിലെ മരിയൻ സിംഗിൾ അംഗങ്ങൾ അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിനോടൊപ്പം ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും വചനസന്ദേശം ശ്രവിക്കുകയും ചെയ്തു. ചെയ്തു. ബ്രദർ അജേഷ് തുരുത്തേൽ ഏകസ്ഥ ജീവിതത്തിന്റെ ആനന്ദം എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. ഫാ. ജോർജ് കോവാട്ടിന്റെ നേതൃത്വത്തിൽ ചർച്ചയും വിലയിരുത്തലും നടത്തുകയും വരുംകാല പ്രവർത്തനങ്ങളെക്കുറിച്ചുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു. അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് കൂട്ടായ്മയ്ക്കിടയിൽ അവരെ സന്ദർശിച്ച് വിശേഷങ്ങൾ ചോദിച്ചറിയുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തത് ഏവർക്കും സന്തോഷകരമായിരുന്നു. അഭിവന്ദ്യ പിതാവ് എല്ലാവർക്കും ജപമാല സമ്മാനിച്ചു. സി. ലിയ റോസ് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. എല്ലാവർക്കും സമ്മാനമായി ക്യാഷ് ബാഗ് വിതരണം ചെയ്തു. മാർ സെബാസ്റ്റ്യൻവള്ളോപ്പള്ളി മ്യൂസിയം, കടൽത്തീരം എന്നിവ സന്ദർശിച്ചത് വ്യത്യസ്തമായ ഒരനുഭവമായി ഏവരും പങ്കുവച്ചു. കരുവഞ്ചാൽ ശാന്തിഭവനിൽ വിശ്രമജീവിതം നയിക്കുന്ന വൈദികരെ ഓരോരുത്തർക്കും പ്രത്യേകം പ്രാർത്ഥിക്കുവാനായി നൽകി. 16-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് സമാപിച്ച് എല്ലാവരും ഭവനങ്ങളിലേക്ക് മടങ്ങി.

### അനുമോദനങ്ങൾ, പ്രാർത്ഥനകൾ

തലശ്ശേരി അതിരൂപതാ കുടുംബ പ്രേഷിതത്വ പ്രവർത്തനങ്ങളുടെ ആനിമേറ്ററായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റർ ലിയ റോസ് സി.എച്ച്.എഫ്. ഹോളി ഫാമിലി സന്യാസിനി സമൂഹത്തിന്റെ തലശ്ശേരി റീജണൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. പുതിയ കർമ്മരംഗത്ത് സിസ്റ്ററിന് ഫാമിലി അപ്പൊസ്റ്റൊലേ റ്റിന്റെ വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു!

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കോവാട്ട്**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## വിദ്യാലയ വിലയിരുത്തൽ

ഏതൊരു പദ്ധതിയുടെയും കാര്യക്ഷമമായ തുടർപ്രവർത്തനത്തിനും മികവിനും വിലയിരുത്തൽ ആവശ്യമാണ്. വിദ്യാർത്ഥികളുടെ അക്കാദമിക് മികവുകൾ പരിശോധിക്കുന്നതിനാണ് പരീക്ഷകൾ സംഘടിപ്പിക്കുന്നത്. നിരന്തരമായ വിലയിരുത്തലിലൂടെ മാത്രമേ വിദ്യാലയ പ്രവർത്തനങ്ങൾ മികവോടെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. പരീക്ഷയുടെ റിസൾട്ടിനെ മാത്രം അടിസ്ഥാനമാക്കി ഒരു വിദ്യാലയത്തിന്റെ മികവ് നിർണ്ണയിക്കാനാവില്ല. സമഗ്രമായ വിലയിരുത്തൽ ആവശ്യമാണ്. കലാലയങ്ങളെ വിലയിരുത്തുന്ന സർക്കാരിന്റെ ഔദ്യോഗിക സംവിധാനങ്ങൾ ഇപ്രകാരം സമഗ്രമായ ഒരു വിലയിരുത്തൽ നടത്താറുണ്ട്.

സ്കൂൾ വാർഷിക റിപ്പോർട്ട് കൃത്യമായ ഒരു വിലയിരുത്തലിന്റെ ബാക്കി പത്രമാകണം. എന്നാൽ സ്കൂൾ വാർഷികങ്ങളിൽ അവതരിപ്പിക്കാൻ തയ്യാറാക്കുന്ന പല റിപ്പോർട്ടുകളും സമഗ്രവും സമ്പൂർണ്ണവും അല്ല. വിദ്യാലയപ്രവർത്തനങ്ങളെ വിലയിരുത്തി കൃത്യമായ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ ഒരു മാർഗ്ഗരേഖ എല്ലാ വർഷവും കോർപ്പറേറ്റിൽ നിന്ന് അയക്കാറുണ്ട്. ഈ ഫോർമാറ്റ് അവാർഡ് ലഭിക്കുന്നതിനുവേണ്ടി മാത്രമല്ല, വിദ്യാലയത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് കോർപ്പറേറ്റ് ഓഫീസിൽ നിന്നയക്കുന്ന സ്കൂൾ പെർഫോമയെ അടിസ്ഥാനമാക്കി പ്രധാനധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ യഥാവിധി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം. മുൻ വർഷങ്ങളിലെ പെർഫോമയിൽ നിന്ന് വലിയ വ്യത്യാസം ഇല്ലാത്ത പെർഫോമയാണ് ഈ വർഷം അയച്ചു തരുന്നത്.

എല്ലാവർഷവും ഇത്തരമൊരു സർക്കുലറിനു കാത്തു നിൽക്കാതെ വർഷാരംഭം മുതൽ ഡോക്യുമെന്റേഷൻ ആരംഭിക്കണം. പെർഫോമ ഒരു മാനദണ്ഡം മാത്രമാണ്. ഇതു കൂടാതെയുള്ള ഇതര വിദ്യാലയ പ്രവർത്തനങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

ഇപ്രകാരം അയച്ചു തരുന്ന വാർഷിക വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഈ അധ്യയന വർഷം കോർപ്പറേറ്റ് മാനേജരുടെ നേതൃത്വത്തിൽ സ്കൂൾ സന്ദർശിച്ച് നടത്തിയ വിലയിരുത്തലിനെ അടിസ്ഥാനമാ

ക്കിയും ഈ അധ്യയനവർഷവും മികച്ച വിദ്യാലയങ്ങൾക്ക് അവാർഡ് നൽകുന്നതാണ്.

ഫെബ്രുവരി 25-ാം തീയതിക്കു മുമ്പായി വാർഷിക വിലയിരുത്തൽ റിപ്പോർട്ട് കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്. നിർബന്ധമായും എല്ലാ വിദ്യാലയങ്ങളിൽനിന്നും റിപ്പോർട്ട് അയച്ചു തരേണ്ടതാണ്. ഈ റിപ്പോർട്ടിന്റെ ഒരു കോപ്പി വിദ്യാലയ ഡോക്യുമെന്റേഷന്റെ ഭാഗമായി സ്കൂളിൽ സൂക്ഷിക്കണം. വിലയിരുത്തൽ പെർഫോമയുടെ കോപ്പി എല്ലാ സ്കൂളുകളിലേക്കും ഇ-മെയിൽ ചെയ്തിട്ടുണ്ട്.

## ബഹു. പയസ് പടിഞ്ഞാറെമുറിയിലച്ചന് സ്വാഗതം

തലശ്ശേരി അതിരൂപതയുടെ ചിരകാല സ്വപ്നമായ പരിശീലന പദ്ധതികൾക്ക് നേതൃത്വം നൽകുന്നതിന് അഭിവന്ദ്യ പിതാവ് ബഹു. പയസ് പടിഞ്ഞാറെമുറിയിലച്ചനെ നിയമിച്ചിരിക്കുകയാണ്. ഇടവകകളിൽ നിന്നും അതിരൂപതയിലെ സമിതികളിലും പ്രത്യേകിച്ച് അതിരൂപത അസംബ്ലിയിലും വിവിധ പരിശീലനങ്ങൾക്ക് നമ്മുടെ അതിരൂപതയിൽ സംവിധാനമുണ്ടാകണമെന്ന നിരന്തര ആവശ്യത്തെ അടിസ്ഥാനമാക്കിയാണ് പിതാവ് പുതിയ ഉത്തരവാദിത്വം പയസ് അച്ചനെ ഏൽപ്പിച്ചിരിക്കുന്നത്. പി.എസ്.സി. പരീക്ഷ പരിശീലനങ്ങൾ, എൻട്രൻസ് പരിശീലനം, പത്താം ക്ലാസ്സ് കഴിഞ്ഞവർക്കുള്ള ബ്രിഡ്ജ് കോഴ്സ് തുടങ്ങിയ പരിശീലന പരിപാടികൾക്കുള്ള പദ്ധതികൾ അച്ചന്റെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു. സാൻജോസ് മെട്രോപോളിറ്റൻ അക്കാദമി എന്ന പേരിൽ ആരംഭിക്കുന്ന പുതിയ സംവിധാനത്തോട് പ്രധാനാധ്യാപകരും എല്ലാ അധ്യാപകരും സഹകരിക്കണം. സാൻജോസ് മെട്രോപോളിറ്റൻ അക്കാദമിയിലൂടെ ബഹു. പയസ് അച്ചന്റെ നേതൃത്വത്തിൽ കുട്ടികൾക്കു വേണ്ടി ആരംഭിക്കുന്ന പ്രോഗ്രാമുകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാനും മികവുള്ളവരാക്കുവാനും ശ്രദ്ധിക്കണം. ബഹു. പയസ് അച്ചന് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ എല്ലാ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്ത് ആദരപൂർവ്വം സ്വാഗതം ചെയ്യുന്നു. പുതിയ സംരംഭത്തിന് വിജയാശംസകൾ.

## പ്രധാനാധ്യാപക സംഗമവും യാത്രയയപ്പ് യോഗവും

കോർപ്പറേറ് വിദ്യാഭ്യാസ ഏജൻസിയിലെ 2017-2018 അധ്യയന വർഷാവസാനം സർവ്വീസിൽനിന്നും വിരമിക്കുന്ന പ്രധാനാധ്യാപകർക്കും അധ്യാപകർക്കും ഓഫീസ് ജീവനക്കാർക്കും തലശ്ശേരി അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും സംയുക്താഭിമുഖ്യത്തിൽ യാത്രാമംഗളങ്ങൾ ആദരപൂർവ്വം നൽകുന്നു.

**സ്ഥലം		തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയം**
**സമയം		10.00 am**
**തീയതി		2018 മാർച്ച് 10 ശനിയാഴ്ച**

റിട്ടയർ ചെയ്യുന്ന അധ്യാപക അനധ്യാപകർക്ക് ഈ സമ്മേളനത്തിലേക്ക് ക്ഷണിച്ചു കൊണ്ടുള്ള കത്ത് അയച്ചിട്ടുണ്ട്. കത്ത് ലഭിച്ചിട്ടില്ലെങ്കിൽ പ്രധാനാധ്യാപകർ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ ഓരോ സ്കൂളിൽ നിന്നും റിട്ടയർ ചെയ്യുന്നവരെ ഈ സമ്മേളനത്തിലേക്ക് പ്രധാനാധ്യാപകരും ക്ഷണിക്കണം. ഈ സമ്മേളനത്തിൽ റിട്ടയർ ചെയ്യുന്ന എല്ലാവരുടെയും സാന്നിധ്യം ഉറപ്പുവരുത്താനുമുള്ള ഉത്തരവാദിത്വം പ്രധാനാധ്യാപകരെ ഏൽപ്പിക്കുകയാണ്. അതീവ ഗുരുതര കാരണത്താൽ ആർക്കെങ്കിലും പങ്കെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ ആ കാര്യം ഫെബ്രുവരി 28-ാം തീയതിക്കു മുമ്പ് അറിയിക്കുമല്ലോ.

യാത്രയയപ്പ് സമ്മേളനത്തോടനുബന്ധിച്ച് പ്രധാനാധ്യാപകരുടെ സമ്മേളനവും, അവാർഡ് ദാനവും ഉണ്ടാകും. എല്ലാ പ്രധാനാധ്യാപകരും നിർബന്ധമായും സമ്മേളനത്തിൽ പങ്കെടുക്കണം.

***പ്രത്യേകം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ:***

1) ഫെബ്രുവരി 25-ാം തീയതിക്കു മുമ്പായി എല്ലാ സ്കൂളുകളുടെയും സ്കൂൾ വിലയിരുത്തൽ റിപ്പോർട്ട് കോർപ്പറേറ്റ് ഓഫീസിൽ ലഭിക്കണം.
2) ഓരോ വിദ്യാലയത്തിലും തയ്യാറാക്കിയിരിക്കുന്ന മാസ്റ്റർ പ്ലാനിന്റെ കോപ്പി മാർച്ച് 10-ാം തീയതി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.
3) അടുത്ത വർഷം അഡ്മിഷന് പ്രതീക്ഷിക്കുന്ന കുട്ടികളുടെ എണ്ണം
4) യു.പി. സ്കൂളുകളിൽ റിട്ടയർമെന്റുണ്ടെങ്കിൽ പകരം ഏത് വിഷയം പഠിപ്പിക്കുന്ന അധ്യാപകരെയാണവശ്യമെന്ന് റിപ്പോർട്ട് തരണം.
5) സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് അടിയന്തരമായി നടപ്പിലാക്കേണ്ട കാര്യങ്ങൾ രേഖാമൂലം തരണം.
6) ജനറൽ ട്രാൻസ്ഫറിന്റെ സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ രേഖാമൂലം കൊണ്ടു വരണം.
7) ഈ വർഷം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യാൻ വന്ന അധ്യാപകർ ഓരോരുത്തരെക്കുറിച്ചുമുള്ള റിപ്പോർട്ട് തരണം.
8) നമ്മുടെ സ്കൂളുകളുടെയും കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി മുഴുവന്റെയും നവീകരണത്തിനും വളർച്ചയ്ക്കും ഉതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സ്റ്റാഫംഗങ്ങളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി കൊണ്ടുവരണം.

9) അടുത്ത വർഷത്തേക്കുള്ള ട്രാൻസ്ഫർ, പ്രെമോഷൻ അപേക്ഷകൾ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ സോഫ്റ്റ് വെയറിലേക്ക് മാർച്ച് 20ന് ശേഷം മാത്രം അയച്ചാൽ മതി. അതിനുമുമ്പ് അയച്ച രേഖകൾ പരിശോധിക്കുന്നതല്ല. മുമ്പ് അപേക്ഷ സമർപ്പിച്ചവർ വീണ്ടും പരിഗണിക്കാൻ താൽപര്യപ്പെടുന്നുണ്ടെങ്കിൽ അപേക്ഷ വീണ്ടും അയ്ക്കേണ്ടതാണ്. പ്രധാനാധ്യാപകർ ട്രാൻസ്ഫർ അപേക്ഷകൾ ലഭിച്ച ഉടൻ തന്നെ കോർപ്പറേറ്റ് ഓഫീസിലേക്ക് അയ്ക്കാൻ ശ്രദ്ധിക്കണം.

10) സോഫ്റ്റ്വെയറിലൂടെ അയച്ച അപേക്ഷ പ്രിന്റ് എടുത്ത് ബഹു. ലോക്കൽ മാനേജരുടെ ഒപ്പോടു കൂടി തപാൽ മാർഗ്ഗവും അയ്ക്കേണ്ടതാണ്.

11) എച്ച്.എസിലേക്ക് പ്രെമോഷന് അർഹതയുള്ള അധ്യാപകരെ ഓരോ വിഷയത്തിനും അടിസ്ഥാനമാക്കി കോർപ്പറേറ്റ് ഓഫീസിൽ വിളിച്ചു ചേർത്ത് പ്രെമോഷൻ സാധ്യത അറിയിക്കുന്നതാണ്. അധ്യാപകർ ഓരോരുത്തരും നേരിട്ട് ഓഫീസിലേക്ക് വരേണ്ടതില്ല.

12) മാതൃകാധ്യാപക അവാർഡ്, മാർ വള്ളോപ്പിള്ളി എക്സലൻസ് അവാർഡ്, ടോക്കൺ ഓഫ് അപ്രിസിയേഷൻ എന്നിങ്ങനെ മൂന്നു തലങ്ങളിലായിട്ടാണ് അധ്യാപക അനധ്യാപക അവാർഡ് നൽകുന്നത്. അവാർഡിനുള്ള ശുപാർശകൾ ഫെബ്രുവരി 28നു മുമ്പായി ഓഫീസിൽ ലഭിക്കണം. വിശദാംശങ്ങൾ മറ്റൊരു സർക്കുലറിലൂടെ അറിയിക്കാവുന്നതാണ്.

2 മുതൽ 8 വരെയുള്ള നമ്പറുകളിൽ പറഞ്ഞിരിക്കുന്നവ രേഖാമൂലം തയ്യാറാക്കി മാർച്ച് 10-ാം തീയതി വരുമ്പോൾ കൊണ്ടുവരണം.

## പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് സെലക്ഷൻ

പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് തസ്തികകളിലേക്ക് നിയമനത്തിന് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകരിൽ നിന്ന് ന്യൂനപക്ഷാവകാശത്തെ അടിസ്ഥാനമാക്കി സെലക്ഷൻ നടത്തി നിയമനം നൽകുന്നതായിരിക്കും. അപേക്ഷകർ ഫെബ്രുവരി 28-ാം തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. അപേക്ഷാഫോം സ്കൂളുകളിലേക്ക് ഇമെയിൽ ചെയ്യുന്നതാണ്.

## ഹെഡ്മാസ്റ്റർ സെലക്ഷൻ മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും

➢ രജിസ്ട്രേഷൻ : ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന യോഗ്യതയുള്ള അധ്യാപകർക്ക് പ്രധാനാധ്യാപക തസ്തികയിൽ പ്രെമോഷൻ ലഭിക്കുന്നതിനുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

- അപേക്ഷയോടൊപ്പം യോഗ്യതാസർട്ടിഫിക്കറ്റുകൾ, ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മറ്റ് മെറിറ്റ് സർട്ടിഫിക്കറ്റുകളുണ്ടെങ്കിൽ അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ എന്നിവ സമർപ്പിക്കേണ്ടതാണ്.
- പൂർണ്ണമല്ലാത്തതും, തെറ്റായ വിവരങ്ങൾ നൽകുന്നതുമായ അപേക്ഷകൾ തിരസ്കരിക്കപ്പെടുന്നതാണ്.
- അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 28/02/2018
- രജിസ്റ്റർ ചെയ്യുന്നവരെ ഇന്റർവ്യൂവിന് ക്ഷണിക്കുന്നതാണ്.
- മുൻ അധ്യയന വർഷങ്ങളിൽ അപേക്ഷ സമർപ്പിച്ച് സെലക്ഷൻ ലഭിക്കാത്തവർ പ്രൊമോഷൻ ആഗ്രഹിക്കുന്നുവെങ്കിൽ അപേക്ഷ പുതുക്കേണ്ടതാണ്.
- നമ്മുടെ കോർപ്പറേറ്റിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ന്യൂനപക്ഷ അവകാശത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഹെഡ്മാസ്റ്റർ നിയമനം.
- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അപേക്ഷ ഫോമിന്റെ ഒരു കോപ്പി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം.
- ലോക്കൽ മാനേജരുടെയും പ്രധാന അധ്യാപകരുടെയും റിപ്പോർട്ട് കോർപ്പറേറ്റ് ഓഫീസിൽ നിന്ന് നേരിട്ട് അഭ്യർത്ഥിക്കുന്നതാണ്.

## സെലക്ഷന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

ധാർമ്മിക കാര്യങ്ങളിൽ മാതൃകയാവുക, ശിക്ഷാനടപടികൾക്ക് വിധേയരാകാതിരിക്കുക, നേതൃത്വ വാസന, സഹകരണമനോഭാവം, സംഘാടനാവൈഭവം, പ്രസംഗ ചാതുര്യം, സമൂഹത്തോടും ഇടവകയോടും സഭയോടും ഉള്ള പ്രതിബദ്ധത, അക്കാദമിക് വിഷയങ്ങളിലുള്ള താൽപര്യവും അധികയോഗ്യതയും, പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലുള്ള പ്രതിബദ്ധത, സംശുദ്ധമായ മുൻകാല സേവനചരിത്രം, സാമൂഹികതിന്മകളിൽ നിന്നും അകന്നു നിൽക്കുന്ന ജീവിതശൈലി എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും സെലക്ഷൻ.

മേൽപറഞ്ഞ കാര്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ സാക്ഷ്യപത്രങ്ങൾ, രേഖകൾ എന്നിവ അപേക്ഷഫോറത്തോടൊപ്പം സമർപ്പിക്കാവുന്നതാണ്.

## അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ റിസൾട്ട് 2017-2018

### ക്ലാസ് - IX

**1-ാം സ്ഥാനം:** നയന നാരായണൻ കെവി, ചെറുപുഴ എച്ച്.എസ്.

**2-ാം സ്ഥാനം:** ആൻസൽ എലിസബത്ത് കുര്യാക്കോസ്, ചെറുപുഴ എച്ച്.എസ്.

**3-ാം സ്ഥാനം:** സിജിൻ യു.കെ., എടൂർ എച്ച്.എസ്.

**4-ാം സ്ഥാനം:** ജിത്ത് ഫീലിപ്പോസ് സേവ്യർ, അങ്ങാടിക്കടവ് എച്ച്.എസ്.

## ക്ലാസ് - VIII

**1-ാം സ്ഥാനം:** ആൽഫിയ പി.എ., തോമാപുരം എച്ച്.എസ്.

**2-ാം സ്ഥാനം:** അൽക്ക എലിസബത്തി ഗിൽബെർട്ട്, ചെമ്പേരി എച്ച്.എസ്.

**3-ാം സ്ഥാനം:** പാർവ്വതി വിനോദ്, ചെറുപുഴ എച്ച്.എസ്.

## ക്ലാസ് - VII

**1-ാം സ്ഥാനം:** അർഷ ബിജു തോട്ടത്തിൽ, അങ്ങാടിക്കടവ് യു.പി.

**1-ാം സ്ഥാനം:** ഷോൺ ഷാജി, കുടിയാന്മല യു.പി.

**2-ാം സ്ഥാനം:** റോസ് മരിയറ്റ് ബാബു, തോമാപുരം എച്ച്.എസ്.

**3-ാം സ്ഥാനം:** സിദ്ധാർത്ഥ് കെ.പി., വായാട്ടുപറമ്പ് യു.പി.

## ക്ലാസ് - VI

**1-ാം സ്ഥാനം:** ഡെയ്ൻ ജോസഫ് ജെയ്സൺ, കരിക്കോട്ടക്കരി യു.പി.

**2-ാം സ്ഥാനം:** അഭിഷേക് ജോർജ്, പാലാവയൽ എച്ച്.എസ്.

**2-ാം സ്ഥാനം:** ആഞ്ചലീന തെരേസ് ടോം, ചെമ്പേരി യു.പി.

## ക്ലാസ് - V

**1-ാം സ്ഥാനം:** ആൻ മരിയ ബിനു, തോമാപുരം എച്ച്.എസ്.

**2-ാം സ്ഥാനം:** ശിവ പ്രിയ പി.വി., മഞ്ഞളാംപുറം യു.പി.

**2-ാം സ്ഥാനം:** ഫാത്തിമ കെ., ചെമ്പന്തൊട്ടി യു.പി.

**3-ാം സ്ഥാനം:** ഷംജിത്ത് കൃഷ്ണൻ എം.വി., ചെമ്പന്തൊട്ടി യു.പി.

## ക്ലാസ് - IV

**1-ാം സ്ഥാനം:** അലോഷ്യസ് ജോർജ്, ചന്ദനക്കാംപാറ എൽ.പി.

**2-ാം സ്ഥാനം:** ടോമിൻ സ്ക്കറിയ, ചെമ്പന്തൊട്ടി യു.പി.

**3-ാം സ്ഥാനം:** ഹിബ സാനി, വയത്തൂർ യു.പി.

## ക്ലാസ് - III

**1-ാം സ്ഥാനം:** അമയ മനോജ്, വയത്തൂർ യു.പി.

**2-ാം സ്ഥാനം:** ടീന മരിയ, കച്ചേരിക്കടവ് യു.പി.

**3-ാം സ്ഥാനം:** അലക്സ് ജെയിംസ്, തോമാപുരം എൽ.പി.

**3-ാം സ്ഥാനം:** റീജ ഫാത്തിമ, വയത്തൂർ യു.പി.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാദമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

**ഫോൺ : 8281750777 , 8281730777**
E-mail : sanjoseacademytly@gmail.com , sanjoactly@gmail.com

പ്രിയ വൈദികരേ, അധ്യാപകരേ, സഹോദരങ്ങളേ,

തലശ്ശേരി അതിരൂപതയുടെ ചിരകാല സ്വപ്നമായ ഉപരിവിദ്യാഭ്യാസ മേഖലകളിലേക്ക് ആവശ്യമായ പരീക്ഷാപരിശീലനങ്ങൾ നല്കുവാനായി ഒരു നൂതന സംരംഭത്തിന് തുടക്കം കുറിക്കുകയാണ്. തലശ്ശേരി അതിരൂപതയുടെ വിവിധ ചർച്ചകളിലും പ്രത്യേകിച്ച് അതിരൂപതാ അസംബ്ലിയിലും ഉയർന്ന ആവശ്യങ്ങളുടെ ഫലമായി ഉപരിപഠന-തൊഴിൽ മേഖലകൾക്കാവശ്യമായ ഒരു പരിശീലന കേന്ദ്രം **സാൻജോസ് മെട്രോപോളിറ്റൻ അക്കാദമി ഫോർ റിസേർച്ച് ആന്റ് ട്രെയ്നിംങ് (സാൻജോസ് അക്കാദമി)** എന്ന പേരിൽ ആരംഭിക്കുകയാണ്. എൻട്രൻസ്, പി.എസ്.സി, സിവിൽ സർവ്വീസ് തുടങ്ങിയ പരീക്ഷാ പരിശീലനങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഈ സംരംഭം നമ്മൾ ആരംഭിക്കുന്നത്.

ഭാരതത്തിലെ പ്രശസ്ത സ്ഥാപനങ്ങളിൽ പഠിക്കുക എന്നത് മലബാർ മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് പലപ്പോഴും അപ്രാപ്യമാണെന്ന സത്യം നിങ്ങൾക്കറിവുള്ളതാണല്ലോ. ആയതിനാൽ നമ്മുടെ കുട്ടികൾക്ക് ഈ മേഖലയിലുള്ള വിദഗ്ധ-പ്രഗല്ഭപരിശീലകരുടെ സേവനങ്ങൾ ഇവിടെ സാധ്യമാക്കി വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും പരിശീലിപ്പിക്കുകയും, ഉപരിപഠന - ജോലി മേഖലകൾക്ക് അവരെ പ്രാപ്തരാക്കുകയുമാണ് സാൻജോസ് അക്കാദമിയുടെ ലക്ഷ്യം. ഈ പ്രയാണത്തിൽ സാൻജോസ് അക്കാദമിയുടെ ഡയറക്ടറായി പയസ് പടിഞ്ഞാറെമുറിയിലച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചിരിക്കുകയാണ്. ഏവരുടെയും സഹായ സഹകരണങ്ങളും അനുഗ്രഹങ്ങളും അഭ്യർത്ഥിക്കുന്നു. പുതിയ പദ്ധതികൾ താഴെ ചേർക്കുന്നു.

### 1. ബ്രിഡ്ജ് +

ഈ വർഷം S.S.L.C പരീക്ഷ എഴുതി ഹയർസെക്കണ്ടറി സ്കൂളുകളിൽ ഉപരിപഠനത്തിനായി ചേരുന്ന കുട്ടികൾക്ക് സയൻസ് വിഷയങ്ങളിൽ Entrance Oriented Coaching ക്ലാസ്സുകൾ **Bridge** + എന്ന പേരിൽ ആരംഭിക്കുകയാണ്. ആദ്യഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ ഇരിട്ടി മേഖലയിൽ കുന്നോത്ത് ഹയർസെക്കണ്ടറി സ്കൂളിലും കാസർഗോഡ് ജില്ലയിൽ തോമാപുരം ഹയർസെക്കണ്ടറി സ്കൂളിലുമായി ആകെ 200 വിദ്യാർത്ഥികൾക്ക്

പഠനസൗകര്യം ക്രമപ്പെടുത്തുകയാണ്. **2018 ഏപ്രിൽ 16,17** തിയതികളിലായി ക്ലാസുകൾ രണ്ടു സെന്ററുകളിലും ആരംഭിക്കുന്നതാണ്. 2018-19 അധ്യയന വർഷത്തിലെ അവധി ദിവസങ്ങളിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന എൻട്രൻസ് പരീക്ഷ ലക്ഷ്യമിട്ടുള്ള ഒരു പാഠ്യപദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. കേരളത്തിലെ മികച്ച അദ്ധ്യാപകരുടെ സേവനം ലഭ്യമാകുന്നതാണ്. കോഴ്സ് ഫീസ് ഉണ്ടായിരിക്കുന്നതാണ്.

### രജിസ്ട്രേഷൻ കേന്ദ്രങ്ങൾ

**ഇരിട്ടി** സെന്റ് ജോസഫ് ദൈവാലയം 05-03-2018, 06-03-2018 (സമയം: 10 am - 4 pm)

**തോമാപുരം** സെന്റ് തോമസ് ദൈവാലയം ചിറ്റാരിക്കാൽ (തിയതി: 12-03-18, 13-03-18 (സമയം: 10 am - 4 pm)

**സന്ദേശഭവൻ, തലശ്ശേരി** മാർച്ച് 19-21 സമയം : 10 am - 4 pm.

മികച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതായിരിക്കും. താല്പര്യമുള്ള കുറച്ചു കുട്ടികൾക്ക് താമസസൗകര്യം ക്രമപ്പെടുത്തുന്നതാണ്. കൂടുതൽ വിശദാംശങ്ങൾക്ക് ഫോൺ : 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

## 2. സാൻജോസ് ഇൻമേറ്റ് (SANJOSE INMATE)

ബ്രിഡ്ജ് കോഴ്സിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽനിന്നും മികച്ച വിദ്യാർത്ഥികൾക്ക് തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ CBSE സിലബസിൽ ഹോസ്റ്റൽ സൗകര്യങ്ങളോടെ താമസിച്ച് പഠിക്കുവാനുള്ള ക്രമീകരണമാണ് സാൻജോസ് ഇൻമേറ്റ്. ഇവർക്ക് ദൈനംദിന പഠനത്തോടൊപ്പം പ്രത്യേക എൻട്രൻസ് പരീക്ഷാ പരിശീലനവും ലഭ്യമാക്കുന്നതായിരിക്കും. സീറ്റുകൾ പരിമിതമായിരിക്കും. സാൻജോസ് ഇൻമേറ്റിൽ പഠിക്കുവാനാഗ്രഹിക്കുന്നവർ നേരത്തെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 3. സാൻജോസ് അക്കാദമി പി.എസ്.സി. കോച്ചിംഗ്

നമ്മുടെ അതിരൂപതയിലെ യുവജനങ്ങൾക്ക് ഗവൺമെന്റ് തലത്തിൽ ജോലി നേടിയെടുക്കുവാനുള്ള മികച്ച പരിശീലനം നല്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ക്രമീകരണങ്ങളുടെ വിശദീകരണത്തിനായി അതിരൂപതയുടെ 3 റീജണുകളിൽവച്ച് കൂട്ടായ്മകൾ ക്രമപ്പെടുത്തുകയാണ്. നമ്മുടെ ഇടവകകളിലെ പ്ലസ്ടു, ഡിഗ്രി കഴിഞ്ഞ തൊഴിൽരഹിതരായ എല്ലാ യുവജനങ്ങൾക്കുംവേണ്ടിയുള്ള കൂട്ടായ്മകളാണിത്. കൂട്ടായ്മകൾ നടക്കുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

**ഇരിട്ടി** സെന്റ് ജോസഫ് പാരീഷ് ഹാൾ – തീയതി : 07–03–18 (ബുധൻ) സമയം: 9.30 am – 12.30 pm

**തോമാപുരം** വെള്ളിയേപ്പള്ളിൽ ഓഡിറ്റോറിയം – തീയതി : 15–03–18 (വ്യാഴം) സമയം : 9.30 am – 12.30 pm

**ചെമ്പേരി** അൽഫോൻസ ഓഡിറ്റോറിയം – തീയതി : 16–03–18 (വെള്ളി) സമയം : 9.30 am – 12.30 pm

പി. എസ്. സി. സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കപ്പെടുന്നതായിരിക്കും. നമ്മുടെ കോർപ്പറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടതാണ്. താല്പര്യമുള്ള 50 പേരെ തലശ്ശേരി മാതാ സെന്ററിൽ താമസിപ്പിച്ച് ഏപ്രിൽ 1 മുതൽ മെയ് 30 വരെയുള്ള ദിവസങ്ങളിൽ റസിഡൻഷ്യൽ കോഴ്സ് നല്കുന്നതായിരിക്കും. പി. എസ്. സി. കോച്ചിംഗ് രംഗത്തെ പ്രഗല്ഭരുടെ സേവനങ്ങൾ ലഭ്യമായിരിക്കും. ഫീസ് ഉണ്ടായിരിക്കുന്നതാണ്. കോർപ്പറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

## 4. സാൻജോസ് സ്മാർട്ട് (SANJOSE SMART) കുട്ടികൾക്കുവേണ്ടിയുള്ള പരിശീലന ശില്പശാലകൾ

"If you wish to fly high start from the bottom" എന്ന തത്ത്വമനുസരിച്ച് ചെറുപ്രായം മുതൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് വിവിധ തലങ്ങളിൽ നല്കുന്ന പരിശീലനങ്ങളാണ് – സാൻജോസ് സ്മാർട്ട്. മെയ് മാസത്തിൽ വിവിധ കേന്ദ്രങ്ങളിൽ 3, 4 ദിവസങ്ങൾ താമസിച്ച് നല്കപ്പെടുന്ന പരിശീലന പദ്ധതിയാണിത്.

**i. The leader -** ആദ്യസംരംഭമായി നമ്മുടെ അതിരൂപതയിലെ ആറാം ക്ലാസു മുതൽ ഒൻപതാം ക്ലാസു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 09–05–2018 (ബുധൻ) വൈകുന്നേരം 6.00 മണി മുതൽ 12–05–2018 (ശനി) 1.00 മണി വരെ നീണ്ടുനിൽക്കുന്ന നേതൃത്വ പരിശീലന ശില്പശാല തലശ്ശേരി സന്ദേശഭവനിൽ വച്ച് The leader എന്ന പേരിൽ നടത്തപ്പെടുന്നു. സീറ്റുകൾ 80 പേർക്ക് മാത്രം. പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 500/ രൂപ.

**ii. തൂലിക 2018** – പുത്തൻ തലമുറയിലെ കുഞ്ഞുങ്ങളുടെ സാഹിത്യ – അഭിനയ വാസനകളെ വളർത്തിയെടുക്കുവാനായി സാൻജോസ് അക്കാദമിയുടെയും, കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെയും, ചെറുപുഷ്പ മിഷൻലീഗിന്റെയും സംയുക്താഭിമുഖ്യത്തിൽ അതിരൂപതയിലെ V- X വരെ ക്ലാസുകളിൽ പഠിക്കുന്ന 80 കുട്ടികൾക്ക് പടന്നക്കാട്

റീജണൽ പാസ്റ്ററൽ സെന്ററിൽവച്ച് സാഹിത്യ അഭിനയ ശില്പശാല സംഘടിപ്പിക്കുന്നു. പരിശീലന തീയതി: 15-05-2018 10.00 am മുതൽ 17-05-2018 4.00 pm വരെ. രജിസ്ട്രേഷൻ ഫീസ് 500/ രൂപ.

നമ്മുടെ ഇടവകയിലെ, സ്കൂളുകളിലെ താല്പര്യമുള്ള വിദ്യാർത്ഥികളെ ഈ ശില്പശാലയിൽ പങ്കെടുപ്പിക്കുവാൻ ബഹു.വികാരിയച്ചൻമാരും ഹെഡ്മാസ്റ്റർമാരും പ്രത്യേകം താല്പര്യപ്പെടുമല്ലോ.

ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
സാൻജോസ് അക്കാദമി - ഡയറക്ടർ

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

## യുവജനവർഷ പ്രാർത്ഥന

യുവജനസ്നേഹിതനായ ഈശോയേ,

യുവത്വം എന്ന ദൈവീക ദാനം നൽകി മനുഷ്യമക്കളെ അനുഗ്രഹിക്കുന്നതിനെയോർത്ത് അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു. ഈ യുവജനവർഷത്തിൽ എല്ലാ യുവജനങ്ങളെയും അങ്ങേ തിരുഹൃദയത്തിൽ ഞങ്ങൾ സമർപ്പിക്കുന്നു. വിശ്വാസത്തിന്റെ പ്രഘോഷകരും തിരുസഭയുടെ കാവൽക്കാരുമായി എല്ലാ യുവജനങ്ങളെയും മാറ്റണമേ. മൂല്ല്യബോധവും സൻമാർഗ ചിന്തകളും അവരിൽ നിറയ്ക്കണമേ. ലോകമോഹങ്ങളിൽ വീഴാതെ ആത്മീയവും ശാരീരികവുമായ എല്ലാ അപകടങ്ങളിൽ നിന്നും അവരെ കാത്തുകൊള്ളണമേ. ഉയർന്ന വിദ്യാഭ്യാസവും സ്ഥിരമായ ജോലിയും അവർക്ക് നൽകണമേ. അങ്ങ് ആഗ്രഹിക്കുന്ന ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ യുവജനങ്ങളെ പ്രാപ്തരാക്കണമേ. വിവാഹപ്രായമായ യുവതീയുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളികളെ നൽകി അനുഗ്രഹിക്കണമേ. അങ്ങയുടെ പദ്ധതിയനുസരിച്ച് സുവിശേഷം ജീവിക്കുവാനും സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായി മാറുവാനും എല്ലാ യുവജനങ്ങളെയും പരിശുദ്ധാവിനാൽ അഭിഷേകം ചെയ്യണമേ. യുവജനവർഷത്തിലെ എല്ലാ പ്രവർത്തനങ്ങളെയും അങ്ങ് ആശീർവദിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡ് 2017 – വിമൽ ജ്യോതിക്ക്

കേരള സർക്കാർ സ്ഥാപനമായ അനർട്ട് നൽകുന്ന ഒരു അവാർഡാണിത്. പാരമ്പര്യേതര വൈദ്യുതി ഉപഭോഗത്തിന്റെ നവീന സംഭാവനകൾ പരിഗണിച്ച് വിദ്യാഭ്യാസ മേഖലയിൽ അഖില കേരള തലത്തിൽ അവാർഡിന് അർഹത നേടി. വിമൽജ്യോതി എൻജിനീയറിംഗ് കോളേജിനെ പ്രതിനിധീകരിച്ച് പ്രൊഫ. ലാലി ജെയിംസ്, അസി. പ്രൊഫ. ജിജോ ജോസഫ് എന്നിവരാണ് പ്രസന്റേഷൻ നടത്തിയത്. ഇലക്ട്രിക്കൽ വകുപ്പ് മേധാവി പ്രൊഫ. ലാലി ജെയിംസ് – IEEE കേരള ചാപ്റ്ററിന്റെ വൈസ് ചെയർ ആയി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. വിമൽ ജ്യോതിയുടെ അഭിനന്ദനങ്ങൾ!

## International Conference on Control Power, Communication & Computing Technology (ICCPCCT)

വിമൽ ജ്യോതിയിൽ 2018 മാർച്ച് 23,24 തീയതികളിൽ IEEEയുടെ ആഭിമുഖ്യത്തിൽ അന്തർദേശീയ സെമിനാർ നടക്കുന്നു. എൻജിനീയറിംഗ് മേഖലയിലെ നവീന ഗവേഷണങ്ങളേയും, കണ്ടുപിടുത്തങ്ങളേയും കുറിച്ചുള്ള ഒരു അന്തർദേശീയ ചർച്ചാവേദിയാണ് ICCPCCT 2018 എന്ന പേരിൽ ഒരുക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, ചൈന, സിങ്കപ്പൂർ, മലേഷ്യ, ടാൻസാനിയ, എത്യോപ്യ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. മുൻകൂട്ടി രജിസ്റ്റർ ചെയ്ത 200 പേർക്കാണ് പങ്കെടുക്കാൻ അവസരമുണ്ടാവുക.

## പ്ലേസ്മെന്റ് വാർത്തകൾ

2018 ഫെബ്രുവരി 7,8,9 തീയതികളിൽ ഫ്ളാഗ് 2018 എന്ന പേരിൽ വിമൽ ജ്യോതിയിൽവച്ച് ഒരു ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചു. 10 പ്രമുഖ കമ്പനികൾ ഇതിൽ പങ്കെടുത്തു. വിവിധ കമ്പനികളിലായി 25 കുട്ടികൾക്ക് ജോലി ലഭിച്ചു.

## ബോംബെ ഐ.ഐ.റ്റി.യുടെ വിദൂര പഠനകേന്ദ്രം വിമൽ ജ്യോതിയിൽ അനുവദിച്ചിരിക്കുന്നു

ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വിമൽ ജ്യോതിയിലെയും സമീപ കോളേജുകളിലെയും അദ്ധ്യാപകർക്ക് ഐ.ഐ.റ്റി അദ്ധ്യാ

പകർ നയിക്കുന്ന ക്ലാസ്സുകൾ അറ്റന്റ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## തെരുവുനാടകം

വിമൽ ജ്യോതി എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 22.02.2018ന് വൈകുന്നേരം കോളേജ് ക്യാമ്പസിൽ ഒരു തെരുവുനാടകം നടത്തി. സാമൂഹ്യതിന്മകൾക്കും, അനീതിക്കും, അക്രമത്തിനും എതിരെയുള്ള യുവ എൻജിനിയർമാരുടെ വികാരമാണ് പ്രകടിപ്പിക്കപ്പെട്ടത്. എൻഎസ്.എസ് കോ-ഓർഡിനേറ്റർ പ്രൊഫ. തോമസ് ജോൺ നേതൃത്വം നൽകി.

## റെസിഡൻഷ്യൽ ക്രാഷ് കോഴ്സ്

മുൻവർഷങ്ങളിൽ നടത്തിയിരുന്നതുപോലെ ഈ വർഷവും വിമൽ ജ്യോതിയിൽ എൻജിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് നടത്തുന്നു. 2018 ഏപ്രിൽ 2 മുതൽ ഏപ്രിൽ 21 വരെയാണ് ക്ലാസ്സുകൾ. പങ്കെടുക്കാനാഗ്രഹിക്കുന്ന കുട്ടികൾക്ക് നേരിട്ടോ ഫോൺ വഴിയോ കോളേജിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവിരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0460 2212240, 2213399.

## ബി.ടെക്, എം.ടെക് അഡ്മിഷൻ

വിമൽ ജ്യോതിയിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർ കോളേജുമായി നേരിട്ടു ബന്ധപ്പെടുക. കോഷൻ ഡെപ്പോസിറ്റ് ഒരു ലക്ഷം രൂപ ഈ വർഷവും ഒഴിവാക്കിയിരിക്കുന്നു. ആവശ്യക്കാർക്ക് വാർഷിക ഫീസ് രണ്ടു സെമസ്റ്ററുകളിലായി അടയ്ക്കുവാനുള്ള സൗകര്യം നൽകുന്നു. അർഹരായ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾക്ക് ഉന്നതവിജയം നേടിയവർക്ക് പ്രത്യേക സ്കോളർഷിപ്പുകളും നൽകുന്നതാണ്. ഫോൺ: 0460 2212240, 2213399.

## എം.ബി.എ അഡ്മിഷൻ

എം.ബി.എ കോളേജിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. യോഗ്യരായ ബിരുദധാരികൾക്ക് നേരിട്ട് എം.ബി.എ കോളേജിൽ എത്തി അഡ്മിഷൻ എടുക്കാവുന്നതാണ്. ഫോൺ : 9400512240.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# കരിസ്മാറ്റിക് നവീകരണരംഗം

**കണ്ണൂർ സോൺ**

കത്തോലിക്ക കരിസ്മാറ്റിക് നവീകരണ മുന്നേറ്റം പുതിയ സർവ്വീസ് ടീം നിലവിൽവന്നു.

കണ്ണൂർ സോൺ സർവ്വീസ് ടീം ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ ആനിമേറ്റർ, ബിജു മണ്ണനാൽ-കോ-ഓഡിനേറ്റർ (വെമ്പുവ), മാത്യു പുല്ലാട്ട് - സെക്രട്ടറി (ചെമ്പന്തൊട്ടി), ബെന്നി കൊട്ടാരം - ട്രഷറർ (ചെമ്പേരി), സജി കാക്കനാട്ട് - അരീക്കമല, അഡ്വ. കെ.ജെ. തോമസ് - തളിപ്പറമ്പ, അഡ്വ. ജയിംസ് നീണ്ടുകുന്നേൽ - കണ്ണൂർ, സി. ജോസഫൈൻ ജെ.എം.ജെ. - വിളക്കന്നൂർ, മിനി ആശാരിപ്പറമ്പിൽ - പരിയാരം, ബേബി ചേരോലിക്കൽ - ആലക്കോട് കെ.എ.സി., ഏലിയാമ്മ ജോസ് - അലക്സ്നഗർ കെ.എ.സി., സുപ്രിയൻ ലിയോ - പിലാത്തറ കെ.എ.സി.

**ഏകദിന കൺവൻഷൻ :** ഫെബ്രുവരി 24 ശനി കരുവഞ്ചാൽ ചെറുപുഷ്പ ദൈവാലയത്തിലും ചെമ്പന്തൊട്ടി സെന്റ് ജോർജ് ദൈവാലയത്തിലും വച്ച് ബ്രദർ സന്തോഷ് കരുമത്ര നയിച്ച ഏകദിന ശുശ്രൂഷകൾ നടത്തപ്പെട്ടു.

**കുരിശിന്റെ വഴി പരിഹാരപ്രദിക്ഷണം :** വലിയനോമ്പിന്റെ ചൈതന്യം ഏറ്റുവാങ്ങി ലോകം മുഴുവനുംവേണ്ടിയും പ്രത്യേകിച്ച് ലോകസമാധാനത്തിനുവേണ്ടിയും കണ്ണൂർ ജില്ലയിൽ സമാധനാത്തിനുവേണ്ടിയും കൊലപാതക രാഷ്ട്രീയത്തിന് അറുതി വരുന്നതിനുമായി 2018 മാർച്ച് 16 വെള്ളിയാഴ്ച രാവിലെ 8 മണിക്ക് ആലക്കോട് സെന്റ് മേരീസ് പള്ളിയിൽ നിന്ന് കാൽനടയായി തളിപ്പറമ്പ സെന്റ് മേരീസ് പള്ളിയിലേയ്ക്ക് കുരിശിന്റെവഴി പദയാത്ര നടത്തപ്പെടുന്നു ആനിമേറ്റർ ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ നേതൃത്വം കൊടുക്കുന്നു.

**ഹോംമിഷൻ :** വെണ്ണക്കല്ല് സെന്റ് ആന്റണീസ് ഇടവകയിൽ നടക്കുന്ന ഇടവകധ്യാനത്തിന് മുന്നൊരുക്കമായി കണ്ണൂർ സോണിന്റെ നേതൃത്വത്തിൽ ഹോംമിഷൻ നടത്തപ്പെടുന്നു.

**മരിയൻ ധ്യാനം :** കണ്ണൂർ സോൺ നേതൃത്വം കൊടുക്കുന്ന നോമ്പുകാല മരിയൻ ധ്യാനം മാർച്ച് 4,5,6,7 തീയതികളിലായി ദർശനധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്നു. ഫാ. ബാബു കുഴുമ്പിൽ നേതൃത്വം കൊടുക്കുന്നു.

സോണൽ സർവ്വീസ് ടീം പ്രാർത്ഥനകൂട്ടായ്മ എല്ലാ മാസത്തിലും 24 മണിക്കൂർ ദിവ്യകാരുണ്യ ആരാധനയോടുകൂടി പാത്തംപാറ സെന്റ് ആന്റണീസ് പള്ളിയിൽ നടത്തപ്പെടുന്നു. നോമ്പുകാല ശുശ്രൂഷ-ചെങ്ങളായി സമരിറ്റിൻ ഹോമിൽ മാർച്ച് 26ന് കണ്ണൂർ സോണൽ ടീം ഒരുമിച്ച് കൂടുന്നു.

സ്നേഹപൂർവ്വം

**ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ** — **ബിജു മണ്ണനാൽ**
ആനിമേറ്റർ — കോ-ഓഡിനേറ്റർ

# കത്തോലിക്കാ കോൺഗ്രസ്സ്

## അതിരൂപതാവാർഷികം ഏപ്രിൽ 12

കത്തോലിക്കാ കോൺഗ്രസ്സ് തലശ്ശേരി അതിരൂപതാവാർഷികവും ശതാബ്ദി ആഘോഷങ്ങളുടെ അതിരൂപതതല സമാപനവും ഏപ്രിൽ 12ന് വ്യാഴാഴ്ച റാലിയോടും പൊതുസമ്മേളനത്തോടുംകൂടി കരുവഞ്ചാലിൽവെച്ച് നടത്തുന്നതിന് തീരുമാനിച്ചു. സമ്മേളനത്തിന്റെ വിജയത്തിനായുള്ള സ്വാഗതസംഘരൂപീകരണ യോഗം മാർച്ച് 6ന് ചൊവ്വാഴ്ച 4 മണിക്ക് കരുവഞ്ചാൽ ലിറ്റിൽഫ്ളവർ പാരീഷ്ഹാളിൽ ചേരുന്നതാണ്.

## കത്തോലിക്കാ കോൺഗ്രസ് ശതാബ്ദിയാഘോഷസമാപനം മെയ് 13ന് തൃശൂരിൽ

കത്തോലിക്കാ കോൺഗ്രസ് ശതാബ്ദിയാഘോഷങ്ങളുടെ സമാപനം മെയ് 13ന് തൃശൂരിൽ വെച്ച് നടത്തുന്നതിന് കേന്ദ്രവർക്കിംഗ് കമ്മിറ്റിയോഗം തീരുമാനിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുന്നതിനായി കേന്ദ്രവർക്കിംഗ് കമ്മിറ്റിയോഗം മാർച്ച് 4ന് തൃശൂർ ആർച്ച് ബിഷപ്പ് ഹൗസിൽ രാവിലെ 10 മണിക്ക് ചേരുന്നതാണ്.

## കുടുംബസംഗമം - ഭരണങ്ങാനം ഫെബ്രുവരി 10

കത്തോലിക്കാ കോൺഗ്രസ് ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായുള്ള കേന്ദ്രസമിതി ഭാരവാഹികളുടെയും അതിരൂപത ഭാരവാഹികളുടെയും കുടുംബസംഗമം ഫെബ്രുവരി 10ന് ഭരണങ്ങാനത്ത് അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ നടന്നു. രാവിലെ 9 മണിക്ക് സീറോമലബാർ സഭയുടെ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടെ ആരംഭിച്ചു. തുടർന്ന് നടന്ന കുടുംബസംഗമം കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയനിലത്തിന്റെ അധ്യക്ഷതയിൽ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ റവ. ഫാ. ജിയോ കടവി, റവ. ഫാ. റോയികണ്ണംചിറ (ദീപിക) ഫാ. മാത്യു ചന്ദ്രൻകുന്നേൽ കേന്ദ്ര സമിതി ഭാരവാഹികൾ തുടങ്ങിയവർ ആശംസകളർപ്പിച്ചു. വിവിധ രൂപതകളിൽനിന്ന് എത്തിയ നേതാക്കളും കുടുംബങ്ങളും സ്വയം പരിചയപ്പെടുത്തി. സമാപനസമ്മേളനം പാലാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. നമ്മുടെ അതിരൂപതയിൽനിന്ന് ഗ്ലോബൽ സമിതി ജനറൽ സെക്രട്ടറി അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേലും കുടുംബവും അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല ഭാരവാഹികളായ ജോണി തോമസ് വടക്കേക്കര, ബേബി നെട്ടനാനി, ഡേവീസ് ആലങ്ങാടൻ, വർഗീസ് പള്ളിച്ചിറ, ജോസഫ് മുണ്ടുപാലം എന്നിവർ പങ്കെടുത്തു.

## അതിരൂപത എക്സിക്യൂട്ടീവ്

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം ഫെബ്രുവരി 12ന് പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ ചേർന്നു. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ച റാകത്ത് ഉദ്ഘാടനം ചെയ്തു. ഉണർവ്വ് 2018 ഫൊറോന സന്ദർശനയാത്ര ഫെബ്രുവരി 19 മുതൽ ആരംഭിക്കുന്നതിന് തീരുമാനിച്ചു. ശതാബ്ദിയാഘോ ഷങ്ങളുടെ ഭാഗമായി കത്തോലിക്കാകോൺഗ്രസ് അതിരൂപതാഭാരവാഹി കളുടെയും എക്സിക്യൂട്ടീവ്കമ്മിറ്റിയംഗങ്ങളുടെയും കുടുംബസംഗമം മെയ് ആദ്യവാരത്തിൽ നടത്തുന്നതിന് തീരുമാനിച്ചു. വിശദാംശങ്ങൾ തയ്യാറാക്കി അടുത്ത കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതിന് ബെന്നി പുതിയാപുറം, അബ്രാഹം ഈറ്റക്കൽ എന്നിവരെ ചുമതലപ്പെടുത്തി. എല്ലാവർക്കും മെമ്പർഷിപ്പ് എന്ന ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായുള്ള മെമ്പർഷിപ്പ് ക്യാമ്പയിൻ ഫെബ്രുവരി15 മുതൽ ഏപ്രിൽ 20വരെ അതിരൂപതയിൽ നടത്തു ന്നതിന് തീരുമാനിച്ചു. അതിരൂപത വാർഷികത്തോടനുബന്ധിച്ച് മികച്ച യൂണിറ്റ് ഫൊറോന അവാർഡുകൾ നൽകുന്നതാണ്. മെയ് 8ന് വനിതാദി നത്തോടനുബന്ധിച്ച് മാതൃവേദിയുമായി സഹകരിച്ച് വനിതകൾക്കായി പ്രസംഗമത്സരം തളിപറമ്പിൽവെച്ച് നടത്തുന്നതിന് തീരുമാനിച്ചു. കത്തോ ലിക്കാ കോൺഗ്രസ് ഏർപ്പെടുത്തുന്ന എവർറോളിംഗ് ട്രോഫികൾ വിജയി കൾക്ക് നൽകുന്നതാണ്.

## ഉണർവ്വ് 2018

കത്തോലിക്കാ കോൺഗ്രസ്സ് തലശ്ശേരി അതിരൂപത ഉണർവ്വ് 2018 അതി രൂപത ഭാരവാഹികളുടെ ഫൊറോന സന്ദർശന യാത്രയ്ക്ക് തുടക്കമായി. ഫെബ്രുവരി 19ന് തിങ്കളാഴ്ച കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ പാരീഷ് ഹാളിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ് വായാട്ടുപറമ്പ് ഫൊറോന കമ്മിറ്റി യോഗത്തിൽ ഫൊറോന ഡയറക്ടർ റവ. ഫാ. മാത്യു പാലമറ്റം അധ്യക്ഷം വഹിച്ചു. കത്തോലിക്കാകോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല യോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറ ക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് വിഷയാവതരണം നടത്തി. അത്മായ ശാക്തീകരണവും സമുദായമുന്നേറ്റവും ലക്ഷ്യമിട്ട് മുഴുവൻ ഇടവകകളിലും കത്തോലിക്കാകോൺഗ്രസ് യൂണിറ്റുകൾ ആരംഭിച്ച് കത്തോലിക്കാ കോൺഗ്രസ് സമ്പൂർണ്ണ ഫൊറോനയാക്കുക. ശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി വിളംബരജാഥകളും സെമിനാറുകളും സംഘടിപ്പിക്കുക എല്ലാ വർക്കും മെമ്പർഷിപ്പ് വനിത,യുവജന, കർഷികസെമിനാറുകൾ, ഫൊറോന തലത്തിൽ ഭാരവാഹികളുടെ കുടുംബസംഗമങ്ങൾ, തീർത്ഥയാത്രകൾ, സർക്കാർ ആനുകൂല്യങ്ങളും ക്ഷേമപെൻഷനുകളും ജനങ്ങളിലെത്തിക്കു

ന്നതായി പഞ്ചായത്ത് തലസമിതികളുടെ രൂപീകരണവും ഹെൽപ് ലൈൻ തുടങ്ങിയവയാണ് ഉണർവ് 2018 ഫൊറോന സന്ദർശന യാത്രയിലൂടെ ലക്ഷ്യ മിട്ടിരിക്കുന്നത്. യോഗത്തിൽ അതിരൂപത ജനറൽ സെക്രട്ടറി ചാക്കോച്ചൻ കാരമയിൽ, ട്രഷറർ ബെന്നി പുതിയാപുറം, അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിമെമ്പർ അഡ്വ. ബിനോയ് തോമസ് ഓമത്താട്ടം എന്നിവർ പ്രസം ഗിച്ചു. ഏപ്രിൽ മാസത്തിൽ കരുവഞ്ചാലിൽവച്ച് നടത്തുന്ന കത്തോലിക്കാ കേൺഗ്രസ്സ് ശതാബ്ദി ആഘോഷങ്ങളുടെ തലശ്ശേരി അതിരൂപതാതല സമാപനവും കത്തോലിക്കാ കോൺഗ്രസ് അതിരൂപത വാർഷികവും വിജ യിപ്പിക്കുന്നതിന് യോഗം തീരുമാനിച്ചു. സമ്മേളനത്തിന്റെ വിജയത്തിനായി യോഗം തീരുമാനിച്ചു. സമ്മേളനത്തിന്റെ വിജയത്തിനായി മാർച്ച് 6ന് കരു വഞ്ചാലിൽ വിപുലമായ സ്വാഗതസംഘരൂപീകരണയോഗം നടക്കുന്നതി നാണ്. ചർച്ചയ്ക്ക് വർക്കി പാഴുത്തടത്തിൽ, ജോസ് ഏത്തക്കാട്ട്, മാത്യു കുളംകുത്തിയിൽ, ലീലാമ്മ പുത്തൻപുര, മാത്യു പൂച്ചാലിൽ എന്നിവർ നേതൃത്വം നൽകി. വായാട്ടുപറമ്പ ഫൊറോനപ്രസിഡന്റ് ജോർജ് വില്ല ന്താനം സ്വാഗതവും ഫൊറോന സെക്രട്ടറി തോമസ് കണ്ണാമ്പടത്തിൽ നന്ദി യും പറഞ്ഞു. ഫൊറോന സന്ദർശന തീയതികൾ ഫെബ്രുവരി 21 മേരി ഗിരി, 24 ആലക്കോട്, 25 ചെമ്പന്തൊട്ടി, 26 തളിപ്പറമ്പ്, 28 ചെമ്പേരി, മാർച്ച്1 പൈസക്കരി, 3 തോമാപുരം, 4 കാഞ്ഞങ്ങാട് & പനത്തടി 5 എടൂർ, 7 കുന്നോ ത്ത്, 8 നെല്ലിക്കാംപൊയിൽ, 10 ചെറുപുഴ, 12 പേരാവൂർ, ഉണർവ്വ് 2018 ഫൊറോന സന്ദർശനയാത്ര മാർച്ച് 31ന് സമാപിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

*"........... നിന്റെ ചെയ്തികൾ ഞാനറിയുന്നു ........ അതുകൊണ്ട് നീ സ്വീകരിച്ചതും കേട്ടതും എന്തെന്ന് അനുസ്മരിച്ച് അത് കാത്തുസൂക്ഷിക്കുകയും അനുതപിക്കുകയും ചെയ്യുക" (വെളി 3:1-3)*

പ്രിയ സഹോദരരെ,

അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അനുരഞ്ജനത്തിന്റെയും നാളുകളിലൂടെ കൂടുതൽ വിശുദ്ധീകരിക്കപ്പെടുവാൻ വീണ്ടുമൊരു നോമ്പുകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നാം ജീവിച്ചിരുന്നവരാണെങ്കിലും നമ്മുടെ പ്രവർത്തികൾ മൂലം നാം മൃതരാണെന്ന് വി. യോഹന്നാൻ ശ്ലീഹായ്ക്കു ലഭിച്ച വെളിപാടുവഴി സാർദീസിലെ സഭയ്ക്കു നല്കുന്ന ഉപദേശത്തിലൂടെ വിശുദ്ധ ശ്ലീഹാ നമ്മെയും ഉദ്ബോധിപ്പിക്കുകയാണ്. "സുഖാനുഭവങ്ങളിൽ മുഴുകിയിരിക്കുന്നവർ ജീവിച്ചിരിക്കുമ്പോൾതന്നെ മരിച്ചുകഴിഞ്ഞിരിക്കുന്നു" എന്ന് വി. പൗലോസ് ശ്ലീഹായും നമ്മെ പഠിപ്പിക്കുന്നു (1 തിമോ 5:6).

ലൗകീകാഗ്രഹങ്ങളിലും അതിന്റെ വ്യഗ്രതയിലും സുഖലോലുപതയിലും ജീവിച്ച് മൃതരായിരിക്കുന്ന നമ്മുടെ ജീവിതാവസ്ഥയിൽനിന്ന് മോചിതരാകുന്നതിന് നാം കേട്ടതും സ്വീകരിച്ചതുമായ വിശ്വാസം അനുസ്മരിച്ച്, അത് കാത്തുസൂക്ഷിക്കുവാനും അനുതപിക്കുവാനും ആസന്നമരണമായി അവശേഷിപ്പിക്കുന്നതിനെ (വിശ്വാസത്തെ) ഉത്തേജിപ്പിച്ച്, ഉണർവുള്ളവരാകുവാനും ദൂതൻമുഖേന ദൈവം നമ്മോട് ആഹ്വാനം ചെയ്യുന്നു (വെളി 3:1-3). നമ്മുടെ വിശ്വാസം കൂടുതൽ പ്രശോഭിതമാകുവാൻ വചനാധിഷ്ഠിതജീവിതം നയിക്കുവാൻ ഈ നോമ്പുകാലം പ്രചോദനമാകട്ടെ. വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ യഥാർത്ഥമായ ഉപവാസമെന്ന് (ഏശയ്യ 58) പ്രവാചകന്റെ ചോദ്യം മനനം ചെയ്തുകൊണ്ട് സൊസൈറ്റിയുടെ ഉപവിപ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേർന്ന് ഈ നോമ്പുകാലം അർത്ഥപൂർണ്ണമാകുവാൻ നമുക്ക് പരിശ്രമിക്കാം. റൂബി ജൂബിലിഭവനപദ്ധതിയും ഇതരകാരുണ്യ പ്രവർത്തനങ്ങളും വഴി നമ്മുടെ നോമ്പും ഉപവാസവും യാഥാർത്ഥ്യമായി തീരട്ടെയെന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.

# ഇൻഫാം വാർത്തകൾ

കാർഷിക മേഖലയിലെ അരാജകത്വം കർഷകരെ വീണ്ടും ഒന്നിപ്പിക്കുവാനും സംഘടിക്കുവാനും തയ്യാറാകുന്നു എന്നത് ശുഭകരമാണ്. പ്രതീക്ഷയോടെ കാത്തിരിക്കുന്ന കർഷകന് അവഗണനയും ചൂഷണവുമാണ് ലഭിക്കുന്നത്. ഇൻഫാമിന്റെ ആരംഭത്തിൽ ഉണ്ടായ കർഷക മുന്നേറ്റം ഭരണാധികാരികളുടെയും രാഷ്ട്രീയ നേതാക്കളുടെയും കണ്ണുതുറപ്പിക്കാൻ ഇടയാക്കിയെന്നത് യാഥാർത്ഥ്യമാണ്. ഈ കർഷക മുന്നേറ്റത്തെ ഭയപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇൻഫാമിന്റെ തകർച്ചയ്ക്കായി പരിശ്രമിച്ചപ്പോൾ കർഷകർ വീണ്ടും രാഷ്ട്രീയക്കാരന്റെ വലംകൈയായി മാറി. ചരിത്രം വീണ്ടും ആരംഭിച്ചു. നാണ്യവിളകൾക്ക് വിലയില്ലാതായി. കർഷകർ സാമ്പത്തീകത്തകർച്ചയിലേയ്ക്ക് കൂപ്പുകുത്തി. ഇൻഫാമിന്റെ നേതൃത്വത്തിൽ വാജ്പേയി സർക്കാരിൽ സമ്മർദ്ദം ചെലുത്തി നടപ്പിലാക്കിയ ഇറക്കുമതിക്കുള്ള തുറമുഖനിയന്ത്രണം ഇറക്കുമതിചുങ്കവും മൻമോഹൻസിംഗ് സർക്കാർ റദ്ദാക്കി രാജ്യത്തെ വൻകിട വ്യവസായികൾക്ക് കർഷകരെ ഒറ്റുകൊടുത്തപ്പോൾ ഇവിടെ ഒരു രാഷ്ട്രീയ നേതാക്കളും കർഷകന്റെ ഒപ്പമു

➔ ----------------------

## തളിപ്പറമ്പ് എസി സെമിനാർ

തളിപ്പറമ്പ് എസിയുടെ ഈ വർഷത്തെ 2-ാമത് ആദ്ധ്യാത്മിക സെമിനാർ 03.02.2018ന് പരിയാരം വി. മദർ തെരേസ പള്ളിഹാളിൽ വെച്ച്, നടന്നു. റവ.ഫാ. മാത്യു കണ്ണാടൻ ഞാനാരെന്നും എന്റെ വിളിയും ദൗത്യവും എന്താണെന്നും ലളിതമായ ഭാഷയിൽ ദൈവവചനം വ്യാഖ്യാനിച്ചുകൊണ്ട് ക്ലാസ്സ നയിച്ചു. റവ. ഫാ. മനു മാപ്പിളപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. എസി പ്രസിഡന്റ് ബ്ര. പൗലോസ് പറേടം അദ്ധ്യക്ഷത വഹിച്ചു. ബ്ര. ബേബി സിറിയക്ക് ഉള്ളാട്ട് ആശംസാപ്രസംഗവും പരിയാരം കോൺഫറൻസ് പ്രസിഡന്റ് സിസ്റ്റർ ഷൈനി മുകളേപറമ്പിൽ സ്വാഗതവും ബ്ര. ജോർജ് മറ്റം നന്ദിയും പറഞ്ഞു. ബ്ര. ദേവസ്യ ആലുംതടത്തിന്റെ നേതൃത്വത്തിൽ പരിയാരം കോൺഫറൻസ് അംഗങ്ങൾ സെമിനാറിന് നേതൃത്വം നൽകി.

സ്നേഹപൂർവ്വം,

തലശ്ശേരി
12.02.2018

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സിസി. പ്രസിഡന്റ്

ണ്ടായില്ല. കേന്ദ്രത്തിൽ മോദി സർക്കാരും കർഷക വിരുദ്ധ നയങ്ങളുമായി മുന്നോട്ടുപോകുമ്പോൾ കർഷകന് യാതൊരു പ്രതീക്ഷയ്ക്കും വകയില്ല.

ഈ സാഹചര്യത്തിൽ വീണ്ടും കർഷക ശാക്തീകരണത്തിനായി ഇൻഫാം പരിശ്രമിക്കുമ്പോൾ ശക്തമായ കർഷക മുന്നേറ്റത്തിനായി നമുക്ക് പരിശ്രമിക്കാം അതോടൊപ്പം നല്ല കർഷകനേതാക്കളെ വളർത്തുവാനും നമുക്ക് സാധിക്കട്ടെ.

**ഇൻഫാം ജില്ലാ കമ്മറ്റി:** 8.4.18ന് തളിപ്പറമ്പ് പാരീഷ്ഹാളിൽ ഇൻഫാം ജില്ലാ കമ്മറ്റി ചേർന്നു. മേഖലാ തിരഞ്ഞെടുപ്പുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചു. സർക്കാരിന്റെ ഭൂനികുതി വർദ്ധനയ്ക്കെതിരെ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

**ചെറുപുഴ മേഖലാഭാരവാഹികൾ:** പ്രസിഡന്റ് - മാത്യു തറപ്പേൽ, വൈസ് പ്രസി. സണ്ണി മുണ്ടമറ്റം, സെക്രട്ടറി - ജോയി മംഗലത്തിൽ, ജോ. സെക്രട്ടറി - ജറിൻ വട്ടക്കുന്നേൽ, ട്രഷറർ - വർക്കി മറ്റത്തിൽ, ജില്ലാപ്രതിനിധികൾ: മനോജ് വടക്കൻ, സണ്ണി തോപ്പിൽ.

**ചെമ്പന്തൊട്ടി മേഖല:** പ്രസിഡന്റ് - ശ്രീ സണ്ണി തുണ്ടത്തിൽ, വൈസ് പ്രസിഡന്റ് - ജോസ് മുരിയകാവുങ്കൽ, സെക്രട്ടറി - ജയ്സൻ ചിറമാട്ടേൽ, ജോ.സെക്രട്ടറി- വർഗീസ് കുന്നപ്പറമ്പിൽ, ട്രഷർ - ജേക്കബ് ചക്കിങ്കൽ, ജില്ലാ പ്രതിനിധി - ആന്റണി ജീരകത്തിൽ.

**തളിപ്പറമ്പ് മേഖല:** പ്രസിഡന്റ് - തോമസ് ഉള്ളാടംപറമ്പിൽ, വെസ് പ്രസിഡന്റ് - എൽസമ്മ കൈപ്പൻപ്ലാക്കൽ, സെക്രട്ടറി - ജോർജ് കൊല്ലംപറമ്പിൽ, ജോ.സെക്രട്ടറി - ജോർജ് അറയ്ക്കൽ, ജില്ലാപ്രതിനിധി - ഡോ. ജോസഫ് തോമസ്.

**കുന്നോത്ത് മേഖല:** പ്രസിഡന്റ് - ബേബി നെല്ലൂർ, വൈസ് പ്രസിഡന്റ് - അപ്പച്ചൻ തച്ചിലേട്ട്, സെക്രട്ടറി-ബിനു വെട്ടിക്കാട്ട്, ജോ. സെക്രട്ടറി - ലില്ലി മൂലേച്ചാലിൽ, ഖജാൻജി - മാത്യു തറപ്പേൽ.

**ജില്ലാ പ്രതിനിധി**

ജെയിംസ് അറവനാനിക്കൽ, ജെസി ഏഴുകുന്നേൽ, ജോസ് അണിയറ.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാ പ്രസിഡന്റ്

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## ബിഷപ്പ് വള്ളോപ്പിള്ളി ട്രോഫി മലബാർ ബി എഡ് കോളേജിന്

ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി സ്മാരക എവർറോളിംഗ് ട്രോഫിക്ക്വേണ്ടി 20.01.2018 ശനിയാഴ്ച തളിപ്പറമ്പ ടൗൺ സ്വകയറിൽ വച്ച് നടത്തിയ 17-ാമത് ലഹരി വിരുദ്ധ തെരുവുനാടകമത്സരത്തിൽ പേരാവൂർ മലബാർ ബിഎഡ് കോളേജ് ബിഷപ്പ് വള്ളോപ്പിള്ളി റോളിംഗ് ട്രോഫിയും 5000 രൂപ ക്യാഷ് അവാർഡും കരസ്ഥമാക്കി. പി.കെ. ഗ്രിഗറി മാസ്റ്റർ എവർറോളിംഗ് ട്രോഫിയും 3000 രൂപ ക്യാഷ് അവാർഡും നേടിക്കൊണ്ട് നിർമ്മലഗിരി കോളേജ് രണ്ടാംസ്ഥാനത്ത് എത്തി. മൂന്നാം സ്ഥാനത്തെത്തിയ കുന്നോത്ത് സെന്റ് ജോസഫ് യുപി സ്കൂൾ അഗസ്റ്റിൻ കിഴക്കരക്കാട്ട് എവർ റോളിംഗ് ട്രോഫിയും 2000 രൂപ ക്യാഷ് അവാർഡിനും അർഹത നേടി. ഫാ. തോമസ് തൈത്തോട്ടം വിജയികൾക്ക് റോളിംഗ് ട്രോഫികളും ക്യാഷ് അവാർഡുകളും വിതരണം ചെയ്തു.

തളിപ്പറമ്പ നഗരസഭ കൗൺസിലർ കെ. മുഹമ്മദ് ബഷീറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് തളിപ്പറമ്പ നഗരസഭാ ചെയർമാൻ അള്ളംകുളം മുഹമ്മദ് നാടകമത്സരം ഉദ്ഘാടനം ചെയ്തു. റവ. ഫാ. അബ്രാഹം പോണാട്ട്, ലൂക്കോസ് പള്ളിത്തറ എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി. ശ്രീ. ജോർജ് വടകര സ്വാഗതവും ശ്രീ ജോയി മണ്ഡപത്തിക്കുന്നേൽ നന്ദിയും പ്രകാശിപ്പിച്ചു.

## ലഹരിവിരുദ്ധ ബോധവൽക്കരണം

പേരാവൂർ മലബാർ ബിഎഡ് കോളേജിന്റെ നേതൃത്വത്തിൽ 2018 ഫെബ്രുവരി 15ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പേരാവൂർ ടൗണിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ റാലി നടത്തി. തുടർന്ന് പേരാവൂർ ബസ്റ്റാന്റിൽ പ്രിൻസിപ്പാൾ ശ്രീമതി ഇന്ദു മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ഫാ. തോമസ് തൈത്തോട്ടം ഉദ്ഘാടനം ചെയ്തു. ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക തെരുവുനാടകമത്സരത്തിൽ ട്രോഫി കരസ്ഥമാക്കിയ മലബാർ ബിഎഡ് കോളേജിന്റെ "ഇരുട്ട് തിന്നുന്നവൻ" എന്ന തെരുവുനാടകം ജനശ്രദ്ധ പിടിച്ചുപറ്റി. ഈ നാടകം മദ്യവർജ്ജന ഞായറിനോടനുബന്ധിച്ച് പേരാവൂർ ഫൊറോനാപ്പള്ളിയിൽ രാവിലെ 7.30നും 10 മണിക്കും അർപ്പിച്ച കുർബാനക്കുശേഷം അവതരിപ്പിച്ചു.

## ഡോ. സുകുമാർ അഴീക്കോട് സാമൂഹ്യസേവനപുരസ്ക്കാരം ഫാ. തോമസ് തൈത്തോട്ടത്തിന്

ഉത്തരകേരള കവിതാസാഹിത്യവേദിയുടെ 2017ലെ ഡോ. സുകുമാർ അഴീക്കോട് സാമൂഹ്യസേവാപുരസ്കാരത്തിന് ഫാ. തോമസ് തൈത്തോട്ടം അർഹനായി.

2018 ജനുവരി 28ന് ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് കണ്ണൂർ വീറ്റ് ഹൗസ് ഹാളിൽ പ്രൊഫസർ എംഎൻ നമ്പ്യാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ വച്ച് ഫോക് ലോർ അക്കാദമി മുൻ ചെയർമാനും 'സമയം' പത്രാധിപനുമായ പ്രൊഫസർ മുഹമ്മദ് അഹമ്മദ് പുരസ്ക്കാരം ഫാ. തോമസ് തൈത്തോട്ടത്തിന് സമർപ്പിച്ചു. ഉത്തരകേരള കവിതാ സാഹിത്യവേദി പ്രസിഡന്റ് കവിയൂർ രാഘവൻ സ്വാഗതം ആശംസിച്ചു.

## കെ.സി.ബി.സി. എക്സിക്യൂട്ടീവ് കമ്മറ്റി

2018 ഫെബ്രുവരി 3ന് ശനിയാഴ്ച സന്ദേശഭവനിൽ ചേർന്ന മദ്യവിരുദ്ധ സമിതി എക്സിക്യൂട്ടീവ് കമ്മറ്റിയിൽ പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യു അദ്ധ്യക്ഷത വഹിച്ചു. ശ്രീ സണ്ണി പായ്ക്കാട്ട് സ്വാഗതം ആശംസിച്ചു.

ദിയാക്കോണിയയിൽ നടന്ന ചർച്ചയുടെയും അഭിവന്ദ്യപിതാവിന്റെ സർക്കുലറിന്റെയും വെളിച്ചത്തിൽ 2018 ഫെബ്രു. 22ന് മുമ്പ് അതിരൂപതയിലെ എല്ലാ ഇടവകകളിലും എല്ലാ സംഘടനകളുടെയും യൂണിറ്റുകൾ സ്ഥാപിച്ച് കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം പ്രായോഗികമാക്കുന്ന കാര്യത്തിൽ മേഖലാ ഡയറക്ടറച്ചൻമാരോടും ആനിമേറ്റർ സിസ്റ്റർമാരോടുംചേർന്ന് കമ്മിറ്റി അംഗങ്ങൾ സജീവമായി പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്യുകയും മുക്തശ്രീ എന്ന വനിത സംഘടനയുടെ ആരംഭം, ലക്ഷ്യം കർമ്മപരിപാടികൾ എന്നിവയുടെ കരട്രേഖ ചർച്ചക്കുവേണ്ടി അവതരിപ്പിച്ചുകൊണ്ട് ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രഭാഷണം നടത്തി.

### ആന്റി ഡ്രഗ്സ് സ്റ്റുഡൻസ് യൂണിയൻ (ADSU), മുക്തിശ്രീ കർമപദ്ധതി - 2018

| | | | |
|---|---|---|---|
| 1 | ജനുവരി 20 10 am | : | ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക തെരുവുനാടക മത്സരം - തളിപ്പറമ്പ |
| 2 | ഏപ്രിൽ 13 10 am | : | മദ്യവിരുദ്ധ സമിതി - പ്രവർത്തകസമ്മേളനം ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് |
| 3 | ഏപ്രിൽ 27 10 am | : | മുക്തി ശ്രീ പ്രവർത്തക സമ്മേളനം - ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി |
| 4 | മെയ് 1-15വരെ | : | ലഹരി വിമുക്ത ബോധവത്കരണ വാഹനജാഥ - കാസർഗോഡ് ജില്ല |
| 5 | മെയ് 19 10 am | : | മുക്തി ശ്രീ ഉപവാസം - ഇരിട്ടി ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് |
| 6 | ജൂൺ | : | ശാന്തിഗ്രാം |
| 7 | ജൂലൈ 6 10 am | : | ADSU - ആനിമേറ്റേഴ്സ് ശില്പശാല & ചീഫ് ആനിമേറ്റർ ശ്രീ ബേബി നെട്ടനാനിക്ക് യാത്രയയപ്പ് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി |

| | | | |
|---|---|---|---|
| 8 | ആഗസ്റ്റ് 12 2 pm | : | ബിഷപ്പ് വള്ളോപ്പിള്ളി ജയന്തി & അവാർഡ് സമർപ്പണം ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് |
| 9 | സെപ്റ്റം. 14 2pm | : | ADSU 23-ാം വാർഷികവും ബെസ്റ്റ് സ്കൂൾ അവാർഡ് സമർപ്പണവും ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി |
| 10 | സെപ്റ്റം. 20 | : | ലഹരി വിരുദ്ധ കലോത്സവം |
| 10 | ഒക്ടോ. 2 10am | : | മുക്തിശ്രീ ഉപവാസം - തളിപ്പറമ്പ ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി |
| 11 | ഒക്ടോബർ | : | സർക്കാർ മദ്യനയത്തിൽ പ്രതിഷേധംകണ്ണൂർ കളക്ട്രേറ്റ് - കാഞ്ഞങ്ങാട് ആർ.ഡി.ഒ. ഓഫീസ് മാർച്ച് |
| 12 | ഒക്ടോബർ | : | മുക്തിശ്രീ - ജപമാലറാലി |
| 13 | നവംബർ 3 | : | മുക്തിശ്രീ ഉപവാസം - കാഞ്ഞങ്ങാട് ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി |
| 14 | ഡിസം. 1-14വരെ | : | ലഹരി വിമുക്ത ബോധവത്കരണ വാഹനജാഥ - കണ്ണൂർ ജില്ല |
| 15 | ഡിസം. 16 2pm | : | റൂബീ ജൂബിലി സമാപനം, മദ്യവിരുദ്ധ സമിതി 41-ാം വാർഷികം, മുക്തിശ്രീ 1-ാം വാർഷികം ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് |
| 16 | ഡിസംബർ 26-30 | : | ADSU നവദർശൻ ക്യാമ്പ് |

## സ്ത്രീ സമൂഹം ലഹരി വിരുദ്ധ സാമൂഹ്യസേവന പാതയിൽ - മുക്തിശ്രീ

മദ്യപാനത്തിന്റെയും മയക്കുമരുന്ന് ഉപയോഗത്തിന്റെയും ദുരിതങ്ങൾക്ക് ഇരകളായി സ്വന്തം ജന്മത്തെ ശപിച്ചുകൊണ്ട് ജീവിതം ജീവിച്ചുതീർക്കുന്ന ലക്ഷക്കണക്കിന് അമ്മമാരുടെ തിളച്ചുമറിയുന്ന വികാരങ്ങളെ നെഞ്ചേറ്റി സ്ത്രീ സമൂഹത്തെ പ്രബുദ്ധരാക്കാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി വിഭാവനം ചെയ്യുന്ന സംഘടനയാണ് മുക്തിശ്രീ.

തളിപ്പറമ്പ തൃച്ചംബരത്തെ ബാർ ജനവാസകേന്ദ്രമായ പുളിമ്പറമ്പിലേയ്ക്ക് മാറ്റി സ്ഥാപിക്കാനുള്ള സർക്കാർ നീക്കത്തെ തളിപ്പറമ്പിലെ പ്രബുദ്ധരായ ഒരുകൂട്ടം സ്ത്രീകളുടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ ധീരമായി നേരിട്ട് പരാജയപ്പെടുത്തിയ സംഭവം മുക്തിശ്രീ എന്ന വിമോചക സംഘടന രൂപീകരിക്കുന്നതിന് കാരണമായി.

2017 ഏപ്രിലിൽ നടന്ന പുളിമ്പറമ്പ് സമരത്തെത്തുടർന്ന് 03-05-2017 ന് തലശ്ശേരി സന്ദേശഭവനിൽ ചേർന്ന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വനിതാവിഭാഗം രൂപീകരിക്കാനുള്ള തീരുമാനം ഉണ്ടായി. അഭിവന്ദ്യ പിതാവിന്റെ അനുമതിയോടെ 10 വനിതകളെയെങ്കിലും ചേർത്ത് ഓരോ ഇടവകയിലും യൂണിറ്റ് സ്ഥാപിക്കാനും, 22-05-2017ന് നടന്ന 'ഊർജം 2017' പ്രവർത്തക കൺവെൻഷനിൽ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ വനിതാ യൂണിറ്റുകൾ സ്ഥാപിക്കാനും അതിനുവേണ്ടി സിസ്റ്റേഴ്സ് കൺവെൻഷൻ നടത്താനും തീരുമാനിച്ചു.

22-08-2017 ന് തളിപ്പറമ്പിൽ മാർജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്ത കെ.സി.ബി.സി മദ്യവിരുദ്ധ സമിതി മേഖലാ ഡയറക്ടേഴ്സിന്റെയും ആനിമേറ്റർ സിസ്റ്റേഴ്സിന്റെയും മദ്യവിരുദ്ധ സമിതി രൂപതാ ഭാര

വാഹികളുടെയും യോഗത്തിൽവച്ച് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയ്ക്ക് വനിതാവിഭാഗം രൂപീകരിക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തുകയും, 12-09-2017 ന് അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവ് അതിരൂപതയിലെ എല്ലാ വൈദികർക്കും സംഘടനാരൂപീകരണം സംബന്ധിച്ച് സർക്കുലർ അയയ്ക്കുകയും തുടർന്ന് തളിപ്പറമ്പ ഫൊറോനാ ഇടവകയിൽ ആദ്യത്തെ വനിതാ യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തു. സംഘടനയുടെ ഔപചാരികമായ ഉദ്ഘാടനം 2017 ഡിസംബർ 31ന് തലശ്ശേരി അതിരൂപതാ മദ്യവർജന പ്രസ്ഥാനത്തിന്റെ (40-ാം വാർഷികം) റൂബി ജൂബിലി പ്രഖ്യാപന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംബ്ലാനി പിതാവിന്റെ സാന്നിധ്യത്തിൽ, പേരാവൂരിൽവച്ച് നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. സെലീന എൻ.ജെ, മുക്തിശ്രീ പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യു ചാമക്കാലായ്ക്ക് മുക്തിശ്രീ പതാക കൈമാറിക്കൊണ്ട് നിർവഹിച്ചു.

## സംഘടനയുടെ ഘടനയും പ്രവർത്തനങ്ങളും

1. സംഘടനയുടെ യൂണിറ്റ് സ്ഥാപിക്കുക
2. താൽക്കാലിക ഭാരവാഹികളെ തെരഞ്ഞെടുക്കുക.
3. ബഹു. വികാരിയച്ചൻ രക്ഷാധികാരി
4. ബഹു. സിസ്റ്റർ ആനിമേറ്റർ
5. സംഘടനയുടെ കാലിക പ്രസക്തിയെപ്പറ്റി യൂണിറ്റ് അംഗങ്ങൾക്ക് ക്ലാസുകളിലൂടെ ബോധ്യം നല്കുക.
6. യൂണിറ്റ് ഭാരവാഹികളുടെ ഫൊറോനാ കൺവെൻഷൻ നടത്തുക. താൽകാലിക ഫൊറോനാ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ തെരഞ്ഞെടുക്കുക.
7. യൂണിറ്റുകളിലെ മുഴുവൻ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ഫൊറോനാ കൺവെൻഷൻ നടത്തുക. അതിരൂപതാസമിതിയിലേയ്ക്ക് രണ്ട് പ്രതിനിധികളെ തെരഞ്ഞെടുക്കുക.
8. സംഘടനയുടെ തനിമ കാത്തുസൂക്ഷിക്കുക.
9 സംഘടനാപ്രവർത്തനങ്ങളിലും പൊതുപ്രവർത്തനങ്ങളിലും അംഗങ്ങൾ എല്ലാവരും പങ്കെടുക്കണം. അത് ഭാരവാഹികൾ ഉറപ്പുവരുത്തണം.
10. സംഘടനയിലെ അംഗങ്ങളുടെ കൂട്ടായ്മ ശക്തിപ്പെടുത്തണം. അത് പ്രകടനാപരമായിരിക്കണം. അംഗങ്ങൾക്ക് യൂണിഫോമോ ബാഡ്ജോ ഉണ്ടായിരിക്കണം
11. മാസത്തിലൊരിക്കൽ നിശ്ചിത ദിവസം നിശ്ചിത സമയം യൂണിറ്റ് യോഗം ചേരുക. മുടക്കം വരുത്താൻ പാടില്ല.
12. മദ്യപാനികളുടെ മാനസാന്തരം, സർക്കാരിന്റെ തെറ്റായ മദ്യനയം പിൻവലിക്കൽ, മദ്യപാനികളുടെ കുടുംബസമാധാനം, എന്നീ നിയോഗങ്ങൽക്കായി ഒരു മണിക്കൂർ ആരാധന തുടർന്ന് യോഗം, പ്രസിഡന്റ്

അദ്ധ്യക്ഷം വഹിക്കുക. സെക്രട്ടറി റിപ്പോർട്ടും ട്രഷറർ വരവു ചെലവു കണക്കുകളും അവതരിപ്പിക്കുക. കഴിഞ്ഞ പരിപാടികൾ വിലയിരുത്തുക. പുതിയവ ആസൂത്രണം ചെയ്യുക.

13. അംഗങ്ങൾ ഇഷ്ടമുള്ള ഒരു തുക രഹസ്യപിരിവിലൂടെ സംഭാവന നല്കുക.
14. അംഗങ്ങൾ തമ്മിലുള്ള പരസ്പര ധാരണയും കൂട്ടായ്മയും പ്രകടനാത്മകമായ രീതിയിൽ ഉണ്ടായിരിക്കണം.
15. ഭവന സന്ദർശനവും സർവേയും - മദ്യം, മയക്കുമരുന്ന്, പുകയില, പാൻമസാല തുടങ്ങിയ ലഹരി പദാർഥങ്ങൾക്ക് അടിമപ്പെട്ടവരെ സർവേയിലൂടെ കണ്ടെത്തുക. അവരെ കൗൺസിലിംഗ് നടത്തി ധ്യാനകേന്ദ്രങ്ങളിലേയ്ക്കോ മദ്യപാനരോഗചികിത്സാ കേന്ദ്രങ്ങളിലേയ്ക്കോ എത്തിക്കുക. സാമ്പത്തിക സഹായം വേണ്ടവർക്ക് ചെയ്തുകൊടുക്കണം. ലഹരി ആസക്തരുടെ കുടുംബാംഗങ്ങളെ സ്വാന്ത്വനപ്പെടുത്തുക. സംഘടന അവരുടെ ദുഖങ്ങളിലും നിരാശകളിലും താങ്ങായിരിക്കണം.
16. ലഹരിമുക്ത ബോധവത്ക്കരണ പരിപാടികൾ നടത്തണം. സെമിനാറുകൾ, റാലികൾ, ഉപവാസപ്രാർഥനായജ്ഞം, പദയാത്രകൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, ബാനറുകൾ മുതലായവ...
17. ഇടവകയുടെ വലിപ്പമനുസരിച്ച് മൂന്നോ, അഞ്ചോ,പത്തോ വാർഡുകൾ സംയോജിപ്പിച്ച് നിരന്തരവും ശക്തവുമായ ബോധവത്ക്കരണ പരിപാടികളിലൂടെ സമ്പൂർണ ലഹരിമുക്ത വാർഡുകളാക്കുക
18. ജപമാല റാലി, കുരിശിന്റെ വഴി - ഇടവകയ്ക്കകത്തും അയൽ ഇടവകയിലേയ്ക്കും ജപമാല റാലി, കുരിശിന്റെ വഴി എന്നിവ നടത്തുക.
19. പൊതുസ്ഥലത്ത് ഉപവാസ പ്രാർഥന - സർക്കാരിന്റെ തെറ്റായ മദ്യനയത്തിൽ പ്രതിഷേധിച്ചുകൊണ്ട് പൊതുസ്ഥലത്ത് സ്ത്രീകൾ മാത്രം പങ്കെടുക്കുന്ന ഉപവാസപ്രാർഥന നാലു റീജനുകളിൽ നടത്തുക. ഇരിട്ടി, ചെമ്പേരി, ആലക്കോട്, കാഞ്ഞങ്ങാട് എന്നിവയാണ് റീജനുകൾ
20. ക്രിസ്മസ്, ഈസ്റ്റർ, തിരുനാളുകൾ തുടങ്ങിയ വിശേഷദിവസങ്ങൾ ലഹരമുക്തമായിരിക്കാൻ മുക്തിശ്രീ ശക്തമായി ഇടപെടണം.
21. വീടുകളിലെ ഭക്ഷണമേശകളിൽ മദ്യം വിളമ്പാൻ അനുവദിക്കരുത്.
22. മധുരം വയ്ക്കലിന് വീഞ്ഞ് ഉപയോഗിക്കന്നതിനെതിരെ മുക്തിശ്രീ കർശന നിലപാട് എടുക്കണം.
23. 25,50 നോമ്പുകൾ പൂർണമായും മദ്യരഹിതമായി ആചരിക്കുവാൻ മുക്തിശ്രീ സമ്മർദം ചെലുത്തണം
24. മദ്യവ്യവസായികളിൽനിന്നും ഒരു തരത്തിലുള്ള ആനുകൂല്യങ്ങളും പറ്റാൻ പാടില്ല. അവരുടെ പണം ലക്ഷക്കണക്കിന് സ്ത്രീകളുടെയും കുട്ടികളുടെയും കണ്ണീരിൻെറയും ശാപത്തിന്റെയും പൈസയാണ്.

**25. ആചരിക്കേണ്ട വിശേഷദിവസങ്ങൾ**

| | |
|---|---|
| ജനുവരി 1 | കുടുംബദിനം - ലഹരി മുക്ത കുടുംബം |
| മാർച്ച് 8 | അന്താരാഷ്ട്രാ വനിതാദിനം - സ്വതന്ത്രസ്ത്രീ സമൂഹം |
| ഏപ്രിൽ 4 | ബിഷപ്പ് വള്ളോപ്പിള്ളി ചരമദിനം - ലളിത ജീവിത സമൂഹം |
| മെയ് 31 | ലോക പുകയില വിരുദ്ധ ദിനം |
| ജൂൺ 26 | ലോക ലഹരി വിരുദ്ധ ദിനം |
| ജൂലൈ 28 | പ്രകൃതി സംരക്ഷണ ദിനം - പരിസ്ഥിതി സൗഹൃദ സമൂഹം |
| ആഗസ്റ്റ്17 | കർഷക ദിനം - ലഹരി മുക്ത കർഷക സമൂഹം |
| ആഗസ്റ്റ് 11 | ബിഷപ്പ് വള്ളോപ്പിള്ളി ജയന്തി - ധൂർത്ത് മുക്ത സമൂഹം |
| ഒക്ടോബർ 2 | ഗാന്ധി ജയന്തി -അന്താരാഷ്ട്രാ അഹിംസാദിനം - സ്ത്രീ പീഡന വിമുക്ത സമൂഹം |
| നവംബർ 1 | കേരളപ്പിറവി - ലഹരി മുക്ത കേരളം |
| നവംബർ 19 | മാതൃദിനം - സ്ത്രീ സംരക്ഷണ ദിനം |
| ഡിസംബർ 25 | ലഹരി മുക്ത ക്രിസ്മസ് |

**മുക്തിശ്രീ - അതിരൂപതാ താത്കാലിക ഭാരവാഹികൾ**

പ്രസിഡന്റ് - മാർഗരറ്റ് മാത്യു ചാമക്കാലായിൽ - നെല്ലിക്കുറ്റി
വൈ. പ്രസിഡന്റ് - ഐ.സി. മേരി മുണ്ടാട്ടുചുണ്ടയിൽ - കണ്ണൂർ
ജന. സെക്രട്ടറി - ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ - ചെമ്പേരി
കോഡിനേറ്റർ - സി. നോബിൾ എഫ്സിസി - പ്രൊവിൻഷ്യൽ - കണ്ണൂർ
അസി. കോഡിനേറ്റർ - റവ. സി. ജോസ് മരിയ സി.എം.സി - അങ്ങാടിക്കടവ്

**നെല്ലിക്കാമ്പോയിൽ ഫൊറോന കെ.സി.ബി.സി യൂണിറ്റുകൾ**

**ഇരിട്ടി :** പ്രസിഡന്റ് - ജോർജ് മടത്തിനാത്ത്

**പടിയൂർ:** പ്രസിഡന്റ് - അലക്സ് മൈലാഡിയിൽ, വൈ. പ്രസിഡന്റ് - ജോസ് തടത്തിൽ, സെക്രട്ടറി - അപ്പച്ചൻ പൂവത്താനിക്കുന്നേൽ, ജോ. സെക്രട്ടറി - ടോമി അറുപത്ചിറയിൽ, ട്രഷറർ - ചാക്കോച്ചൻ ഓഴുചിറ.

**തേർമല:** പ്രസിഡന്റ് - കുര്യാക്കോസ് മണിപ്പാടത്ത്, വൈ. പ്രസിഡന്റ് - ബേബി കോയിക്കലാട്ട്, സെക്രട്ടറി - ജോർജ് പുളിക്കക്കുന്നേൽ, ജോ.സെക്രട്ടറി - ജോൺസൺ ചെരുവിളപുത്തൻവീട്ടിൽ, ട്രഷറർ - സുനിൽ പുത്തൻപുര

**മുണ്ടാനൂർ:** പ്രസിഡന്റ് - ജോണി പുതുമറ്റത്തിൽ, വൈ.പ്രസിഡന്റ് - ടോമി പാലത്തിങ്കൽ, സെക്രട്ടറി - ജിജി കണ്ടത്തിൽ, ജോ.സെക്രട്ടറി - മാത്യു ഇടവകുന്നേൽ, ട്രഷറർ - ജേക്കബ് ചിറത്തലയാട്ട്

**ഉളിക്കൽ:** പ്രസിഡന്റ് - മാത്യു ഈന്തുംകുഴി, വൈ.പ്രസിഡന്റ് - ജോയി ഇഞ്ചിപ്പറമ്പിൽ, സെക്രട്ടറി - തങ്കച്ചൻ വള്ളോംകോട്ട്, ജോ.സെക്രട്ടറി - ബേബി മാരാംകുഴി, ട്രഷറർ - ജോയി വള്ളോംകോട്ട്

**വായാട്ടുപറമ്പ്:** പ്രസിഡന്റ് - ജോർജ് അർത്തമാംകുന്നേൽ, സെക്രട്ടറി - ഫ്രാൻസിസ് ചൊവ്വാറ്റുകുന്നേൽ, ട്രഷറർ - സണ്ണി മരുതാനിക്കാട്ട്

**എടൂർ:** പ്രസിഡന്റ് - അബ്രാഹം പാരിക്കാപ്പള്ളി, വൈ.പ്രസിഡന്റ് - ബേബി കോഴിക്കാടൻ, സെക്രട്ടറി - വർക്കി കുളത്തുങ്കൽ, ജോ.സെക്രട്ടറി - ജോർജ് തകിടിയേൽ, ട്രഷറർ - സി.എ. ജോസ് ചെമ്പാട്ടിക്കൽ

**പാലാവയൽ:** പ്രസിഡന്റ് -ടോമി വട്ടോത്ത്, വൈ.പ്രസിഡന്റ് - ജോസ് മാളിയേക്കൽ, സെക്രട്ടറി - മാത്യു അരിക്കാട്ട്, ജോ.സെക്രട്ടറി - സോമി അറയ്ക്കൽ, ട്രഷറർ - ജോയി വണ്ടനാനി

**മുക്തിശ്രീ യൂണിറ്റുകൾ**

**വായാട്ടുപറമ്പ:** പ്രസിഡന്റ് - ഗ്രേസി കുന്നേൽ, വൈ.പ്രസിഡന്റ് - അന്നമ്മ പിണക്കാട്ട്, സെക്രട്ടറി -റ്റിൻസി തെക്കേക്കൊട്ടാരം, ജോ.സെക്രട്ടറി - റോസിലി കലയന്താനം, ട്രഷറർ - ഹെൽന കുഴിക്കാട്ടിൽ

**എടൂർ:** പ്രസിഡന്റ് - മേരി ആലയ്ക്കാമറ്റം, വൈ.പ്രസിഡന്റ് - തങ്കമ്മ പതിയിൽ, സെക്രട്ടറി - മിനി കുഴിയാലിൽ, ജോ.സെക്രട്ടറി - ഷോളി കൊച്ചുമല, ട്രഷറർ - ചിന്ന വലിയകണ്ടത്തിൽ

**പാലാവയൽ:** പ്രസിഡന്റ് - മോളി ചെറുവള്ളിപ്പാറയ്ക്കൽ, വൈ.പ്രസിഡന്റ് - ലിസി കണ്ണന്താനം, സെക്രട്ടറി - ബെറ്റി പാമ്പക്കൽ, ജോ.സെക്രട്ടറി - മേരിക്കുട്ടി പാമ്പക്കൽ, ട്രഷറർ - ഓമന പുതുപ്പള്ളി

**പടിയൂർ:** പ്രസിഡന്റ് - മേരി കഴുചിറ, വൈ.പ്രസിഡന്റ് - മോളി വള്ളിക്കാവുങ്കൽ, സെക്രട്ടറി - സാനി കാവുംകട്ടയിൽ, ജോ.സെക്രട്ടറി - മോളി വണ്ടിപ്പുരയ്ക്കൽ, ട്രഷറർ - ലില്ലി കഴുചിറ

**തേർമല:** പ്രസിഡന്റ് - ഏലിക്കുട്ടി പായിക്കാട്ട്, വൈ.പ്രസിഡന്റ് - ബീന കുഴിവേലിൽ, സെക്രട്ടറി - മഞ്ജു വിലങ്ങോലിൽ, ജോ.സെക്രട്ടറി - മേരി കുളക്കോട്ട്, ട്രഷറർ -ജിഷ ഐക്കരക്കുന്നേൽ

**മുണ്ടാനൂർ:** പ്രസിഡന്റ് - മിനി കളപ്പുരയ്ക്കൽ, വൈ.പ്രസിഡന്റ് - മേഴ്സി ഓലിക്കൽ, സെക്രട്ടറി - ബിന്ദു ചക്കാങ്കൽ, ജോ.സെക്രട്ടറി - സീന റോയി ചിറത്തലയാട്ട്, ട്രഷറർ - എൽസി ചിറത്തലയാട്ട്

**ഉളിക്കൽ:** പ്രസിഡന്റ് - മേരിക്കുട്ടി പാലക്കലോടി, വൈ.പ്രസിഡന്റ് - മിനി കോവിലകത്ത്, സെക്രട്ടറി - ബിന്ദു എണ്ണമ്പ്രായിൽ, ജോ.സെക്രട്ടറി - ജാൻസി ഇരട്ടാണിയിൽ, ട്രഷറർ - ലൗലി പുഷ്പമംഗലം.

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### ക്രെഡിറ്റ് യൂണിയൻ കുടുംബസംഗമം

2018 ഫെബ്രുവരി 3-ാം തീയതി ചൂരപ്പടവ് ക്രെഡിറ്റ് യൂണിയന്റെ കുടുംബസംഗമവും ജൂബിലി ആഘോഷങ്ങളും ചൂരപ്പടവ് ഹോളിക്രോസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് നടന്നു. ചൂരപ്പടവ് ക്രെഡിറ്റ് യൂണിയൻ ഡയറക്ടർ റവ. ഫാ. ജോസഫ് മഞ്ഞളാംകുന്നേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഈ സംഗമം TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ ഉദ്ഘാടനം ചെയ്തു. ആദ്യകാല മെമ്പർമാരെയും ഭരണസമിതി അംഗങ്ങളെയും ഈ ചടങ്ങിൽ ആദരിച്ചു.

**വരക്കാട്:** 14/2/2018 നു വരക്കാട് ക്രെഡിറ്റ് യൂണിയൻ ഫാ. മാത്യു അടാട്ടിന്റെ അദ്ധ്യക്ഷതയിൽ കുടുംബബന്ധം എന്ന വിഷയത്തെക്കുറിച്ച് ശ്രീ. അഭിജിത്ത് മേനോൻ പാലക്കാട് ക്ലാസ് എടുത്തു. 100 അംഗങ്ങൾ ഈ ക്ലാസിൽ പങ്കെടുത്തു.

### സേവ് എ ഫാമിലി ഡയറക്ടേഴ്സ് മീറ്റിംഗ്

2018 ഫെബ്രുവരി 13-ാം തീയതി കാലടി ഐശ്വര്യഗ്രാമിൽ വച്ച് SAFP ജനറൽബോഡി മീറ്റിംഗ് നടന്നു. ടിഎസ്എസ്എസിനെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. തോമസ് തയ്യിൽ പങ്കെടുത്തു. സേവ് എ ഫാമിലി ഇന്ത്യാ ഓഫീസ് പ്രസിഡന്റ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, സേവ് എ ഫാമിലി കാനഡ ഓഫീസ് പ്രസിഡന്റ് മിസ് ലൂയിസ് കോട്ട്, എക്സിക്യൂട്ടീവ് ഡയറക്ടർ മിസ് മാരിസ തോർസൺ എന്നിവരും മറ്റ് രൂപത ഡയറക്ടർമാരും പങ്കെടുത്തു. The role of NGO in the present Indian context എന്ന വിഷയത്തെ ആസ്പദമാക്കി Dr. Joseph Sebastian - Global Head Faizal and Shabana Foundation ക്ലാസ് നയിച്ചു.

### ഇ-ശക്തി

SHG ഇ-ശക്തി പ്രോഗ്രാമിന്റെ ഭാഗമായി TSSS-ന്റെ കീഴിലുള്ള 200 SHG കളെ നബാർഡുമായി ബന്ധിപ്പിച്ചു.

### വിവാഹ സഹായ ഫണ്ട് വിതരണം

വിവാഹപ്രായമെത്തിയിട്ടും സാമ്പത്തികബുദ്ധിമുട്ടുകൾ മൂലം വിവാഹം മാറ്റിവെയ്ക്കേണ്ടിവന്ന 24 യുവതികൾക്കായി ഈ വർഷത്തെ വിവാഹസഹായ ഫണ്ട് വിതരണം ചെയ്തു. 23-02-2018 തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ബഹു. കേരള കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ ഉദ്ഘാടനം

ചെയ്തു. തളിപ്പറമ്പ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. ജെയിംസ് മാത്യു മുഖ്യപ്രഭാഷണം നടത്തി. വിവാഹസഹായ ഫണ്ട് സ്വരൂപിക്കാൻ ശ്രമിച്ച എല്ലാ ജനകീയ സംഘങ്ങൾക്കും, ഈ ഉദ്യമത്തിനു നിർലോഭം സഹായം നൽകിയ എല്ലാ സുമനസ്സുകളോടുമുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു.

## കിണർ റീചാർജിംഗ്

TSSS-ന്റെ നേതൃത്വത്തിൽ പനത്തടി പഞ്ചായത്തിൽ നടത്തി വരുന്ന കിണർ റീചാർജിംഗ് പദ്ധതി പൂർത്തികരിച്ചു. ബളാൽ പഞ്ചായത്തിന്റെ കീഴിലുള്ള 150 വീടുകളിൽ കിണർ റീചാർജിംഗ് നടത്തുന്നതിനായി പഞ്ചായത്തും TSSS-ഉം തമ്മിൽ ധാരണയായി. കിണറുകളിലെയും ജലാശയങ്ങളിലെയും വെള്ളത്തിന്റെ അളവ് വർഷം തോറും ക്രമാതീതമായി കുറയുന്ന സാഹചര്യത്തിൽ കിണർ റീചാർജിംഗ് അനിവാര്യമായി മാറുന്നു. ഈ കാര്യം ജനങ്ങളെ അറിയിച്ച് ഓരോരുത്തരുടെയും വീടുകളോട് ചേർന്നുള്ള കിണറുകൾ റീചാർജ് ചെയ്യാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ. പുതുതായി നിർമിക്കുന്ന വീടുകൾക്ക് പഞ്ചായത്ത് ലൈസൻസിനു കിണർ റിചാർജിംഗ് മാനദണ്ഡമാക്കിയിരിക്കുന്നു. ഈ സാഹചര്യത്തിൽ കിണർ റീചാർജിംഗ് ചെയ്യാൻ TSSS സഹായിക്കുന്നതാണ്.

## മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഭവനനിർമാണ പദ്ധതി

നമ്മുടെ അതിരൂപതയിലെ ഭവന രഹിതരായവർക്ക് അടുത്ത 10 വർഷംകൊണ്ട് വീട്‌വെച്ച് കൊടുക്കുന്ന പദ്ധതിയാണല്ലോ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഭവനനിർമാണപദ്ധതി. ഈ പദ്ധതി കൃത്യമായി നടപ്പിലാക്കാൻ ഭവനരഹിതരുടെ ഒരു സർവ്വേ നടത്തി മുൻഗണനാക്രമത്തിൽ ലിസ്റ്റ് ആക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു സർവ്വേ നടത്തി 2018 മാർച്ച് 31 നു മുമ്പ് TSSS-ൽ അറിയിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഭവനനിർമാണ പദ്ധതിയുടെ അക്കൗണ്ട് നമ്പർ ചുവടെ ചേർക്കുന്നു. ഭവനനിർമാണ സഹായം നൽകുന്നവർ ഈ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുമല്ലോ.

***A/c. Name - MAR SEBASTIAN VALLOPILLY BHAVANA NIRMANA PADHATHI***

***A/c. No - 008903938618195001***

***IFSC – CSBK0000089***

***Catholic Syrian Bank, Thalassery Branch***

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമാണ ഫണ്ട് സ്വീകരണ ഉദ്ഘാടനം 2018 ഏപ്രിൽ 4നു തലശ്ശേരി കത്തീഡ്രൽ പള്ളിയിൽവച്ച് നടക്കുന്നു. ഇതിനോടകം തന്നെ വള്ളോപ്പിള്ളി പിതാവിന്റെ പേരിൽ ഭവന നിർമാണം ആരംഭിച്ചവർ വീടിന്റെ ആരംഭത്തിലുള്ള ഫോട്ടോയും പണികഴിയുമ്പോൾ വീട്ടുകാർ ഉൾപ്പെടെയുള്ള വീടിന്റെ ഫോട്ടോയും TSSS-ന്റെ

ഓഫീസിൽ നൽകിയാൽ ഈ പദ്ധതിയുടെ ഡോക്യുമെന്റേഷന് സഹായകമായിരിക്കും.

## മൈക്രോക്രെഡിറ്റ് വായ്പ

കേരള സംസ്ഥാന പിന്നോക്കവിഭാഗ കോർപ്പറേഷന്റെ നേതൃത്വത്തിൽ TSSS-ന്റെ കീഴിലുള്ള 40 SHG-കൾ മൈക്രോ ക്രെഡിറ്റ് വായ്പയ്ക്ക് അർഹരായി. മൂന്ന് വർഷംകൊണ്ട് തിരിച്ചടയ്ക്കേണ്ട ഈ തുകയ്ക്ക് 5% പലിശയാണ് ഈടാക്കുന്നത്. ഈ സംരഭത്തിലൂടെ പിന്നോക്ക സമുദായക്കാർക്കും, ന്യൂനപക്ഷ വിഭാഗങ്ങൾക്കും സ്വയം തൊഴിൽ പദ്ധതികൾക്കും, SHG ഗ്രൂപ്പുകളുടെ കൂട്ടായ പദ്ധതികൾക്കും ഈ പണം വിനിയോഗിക്കാവുന്നതാണ്.

## *മാർച്ച് 8 വനിതാദിനം* – ആരോഗ്യജ്യോതി

കാൻസർ രോഗം മൂലം ചെറിയ പ്രായത്തിൽ തന്നെ മരിച്ചു പോകുന്ന സ്ത്രീകളുടെ എണ്ണം നമ്മുടെ നാട്ടിലും വർദ്ധിച്ച് വരുന്നതായി നമുക്ക് അറിവുള്ളതാണല്ലോ. മകളെ നഷ്ടപ്പെട്ട മാതാപിതാക്കളുടെയും, അമ്മയെ നഷ്ടപ്പെട്ട മക്കളുടെയും, ഭാര്യയെ നഷ്ടപ്പെട്ട ഭർത്താവിന്റെയും ദുഃഖം വാക്കുകൾക്ക് അതീതമാണല്ലോ. സ്ത്രീകൾക്ക് കാൻസർ സാധ്യതയുണ്ടോ എന്ന് വളരെ നേരത്തെതന്നെ ചില പ്രാഥമിക ചെക്കപ്പിലൂടെ മനസിലാക്കാൻ കഴിയും. ഇപ്രകാരം കണ്ടുപിടിക്കാൻ കഴിഞ്ഞാൽ പല കാൻസറുകളും ചികിത്സിച്ച് ഭേദമാക്കാവുന്നതേയുള്ളു. ഈ കാര്യത്തെകുറിച്ച് നമ്മുടെ അതിരൂപതയിലെ ഇടവകകളിൽ ഉള്ള സ്ത്രീകളെ ബോധവതികളാക്കാൻ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട സിസ്റ്റർമാർക്ക് കഴിയും.

ആയതിനാൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും മലബാർ കാൻസർ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ നമ്മുടെ അതിരൂപതയിലെ സിസ്റ്റേഴ്സിനുവേണ്ടി Early Cancer Detection Training നടത്താൻ ആഗ്രഹിക്കുകയാണ്. ഓരോ ഇടവകയിലെയും കോൺവെന്റുകളിൽ നിന്ന് ഒരാളെങ്കിലും പങ്കെടുത്താൽ ഇടവകയിലെ ഒരുപാടുപേരെ സഹായിക്കാൻ കഴിയും. ഈ ട്രെയിനിംങ്ങ് നൽകുന്നത് തലശ്ശേരി മലബാർ കാൻസർ സെന്ററിലെ പ്രഗത്ഭരായ ഡോക്ടർമാരാണ്. **2018 മാർച്ച് 8-ാം** തിയതി രാവിലെ 9.30 മുതൽ **തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി** ഓഡിറ്റോറിയത്തിൽവെച്ചാണ് ഈ ട്രെയിനിങ്ങ് നടത്തുക. സ്ത്രീ ശാക്തീകരണം ആരോഗ്യത്തിലൂടെ, ആഹാരരീതിയും കാൻസർ പ്രതിരോധവും, കാൻസർ രോഗികൾ ഉള്ള കുടുംബങ്ങൾക്ക് നൽകേണ്ട Psychological Support എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ നൽകുന്നതായിരിക്കും. ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെ ഈ പരിപാടിയിലേക്ക് ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

## ബോധവൽക്കരണ ഏകദിന സെമിനാർ

ജനുവരി 20ന് ചികിത്സാ കേന്ദ്രത്തിൽ വച്ച് കണ്ണൂർ എക്സൈസ് ഉദ്യോഗസ്ഥൻ മോഹൻദാസിന്റെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടത്തപ്പെട്ടു. 'തകർക്കപ്പെടുന്ന കുടുംബങ്ങളും ലഹരിയുടെ ലോകവും' എന്ന വിഷയത്തെക്കുറിച്ചുള്ള ക്ലാസ്സുകളും ഗ്രൂപ്പുതിരിഞ്ഞുള്ള പ്രവർത്തനങ്ങളും നടത്തപ്പെട്ടു.

**മെത്രാപ്പോലീത്തായുടെ സന്ദർശനം:** 24-ാം തീയതി ആർച്ച്ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് ചികിത്സാകേന്ദ്രം സന്ദർശിച്ചു. ഡയറക്ടർ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യപിതാവിന്റെ സന്ദേശത്തിനുശേഷം ചികിത്സാർത്ഥികൾ അനുഭവം പങ്കുവച്ചു. സിജോ കുറ്റിക്കൽ നന്ദിയും പറഞ്ഞു.

## ഏകദിന പരിശീലനം ജനുവരി 31ന്

തലശ്ശേരി മുബാറക് ഹയർ സെക്കന്ററി സ്കൂളിലെ 70 വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായ മദ്യവിമുക്ത ചികിത്സാരീതികളെയും ചികിത്സാകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെയും സംബന്ധിച്ച് ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സെടുത്തു. സിന്ധു വി. ആർ സ്വാഗതവും ഫാത്തിമ കെ.ഇ. നന്ദിയും പറഞ്ഞു.

**അർധദിനസെമിനാർ :** ഫെബ്രുവരി ഒന്നിന് ചികിത്സാ കേന്ദ്രത്തിൽ വച്ച് അർധദിന ബോധവൽക്കരണ സെമിനാർ നടത്തി. റ്റി.ടി പത്രോസ് അർദ്ധദിന ബോധവൽക്കരണ സെമിനാർ നയിച്ചു. ചികിത്സാർത്ഥികളും സ്റ്റാഫും പങ്കാളികളായി.

**എ.എ. മീറ്റിംഗ്:** ഫെബ്രുവരി 4-ന് ചികിത്സാകേന്ദ്രത്തിൽ വച്ച് എ.എ. മീറ്റിംഗ് നടത്തപ്പെട്ടു. സമ്മേളനത്തിൽ സി.സിസിലി അധ്യക്ഷത വഹിച്ചു. റവ. ഫാ. ജോസഫ് കദളിയിൽ (പൊന്ന്യം സെമിനാരി) ഉദ്ഘാടനം ചെയ്തു. ചികിത്സാർത്ഥികൾക്കും ലഹരിവിമുക്ത ജീവിതം നയിക്കുന്ന മുൻകാല ചികിത്സാർത്ഥികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി റ്റി.റ്റി ജോസഫ് (ഇരിട്ടി, കൃപാ കൗൺസിലിംഗ് സെന്റർ) ക്ലാസ്സെടുത്തു. മദ്യവിമുക്തരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന സെഷനിൽ റ്റി.സി. തോമസ് നേതൃത്വം കൊടുത്തു. സിജോ കുറ്റിക്കൽ സ്വാഗതവും ആൽബിൻ താന്നിക്കൽ നന്ദിയും പറഞ്ഞു. ഉച്ചഭക്ഷണത്തോടെ സമ്മേളനം അവസാനിച്ചു. തുടർന്ന് കൗൺസിലിംഗും മരുന്ന് വിതരണവും നടത്തപ്പെട്ടു.

**ആദരാഞ്ജലികൾ:** പ്രതീക്ഷയുടെ മുൻ പ്രൊജക്ടർ റ്റി.സി. തോമസ് സാറിന്റെ മകൾ കാരക്കാട്ട് സോണി മരിയയുടെ വേർപാടിൽ സ്റ്റാഫും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും പരേതയുടെ ദേഹവിയോഗത്തിൽ അനുശോചിക്കുകയും റീത്ത് സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

**ബോധവൽക്കരണ ക്ലാസ്സ്:** ഗോപിനാഥൻ മാസ്റ്ററുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 15ന് ചികിത്സാർത്ഥികൾക്കായി പ്രത്യേക ക്ലാസുകൾ നടത്തപ്പെട്ടു. ലഹരി രഹിത ജീവിതം എങ്ങനെ സാധ്യമാക്കാം എന്ന വിഷയത്തെക്കുറിച്ച് ചർച്ചകളും അവലോകനങ്ങളും നടത്തപ്പെട്ടു.

**മദ്യവിരുദ്ധ ഞായർ:** കെ.സി.ബി.സി. മദ്യവിരുദ്ധ ഞായറാചരണഭാഗമായി പാലാവയൽ ഇടവകയിൽ വി. കുർബാനയർപ്പിച്ച് മദ്യവിരുദ്ധ സന്ദേശം നൽകി. തുടർന്ന് സൺഡേ സ്കൂൾ കുട്ടികൾക്ക് ലഹരിവിരുദ്ധ പ്രതിജ്ഞയും ചൊല്ലി ക്കൊടുത്തു. ഫാ. ജോൺസൺ അന്ത്യാംകുളം, ഫാ. തോമസ് പട്ടാംകുളം എന്നിവർ നേതൃത്വം നൽകി.

**ലഹരിവിരുദ്ധ ചിത്രരചനാ മത്സരം:** പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി പാലാവയൽ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽവച്ച് മദ്യവിരുദ്ധ ഞായർ ആചരണഭാഗമായി ചിത്രരചനാമത്സരം നടത്തപ്പെട്ടു. പ്രത്യേകമായി നടത്തപ്പെട്ട സമ്മേളനത്തിൽ അസി. വികാരി ഫാ. വർഗ്ഗീസ് വെട്ടിയാനിക്കൽ അധ്യക്ഷത വഹിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം ചിത്രരചന ഉദ്ഘാടനം ചെയ്തു. ടോമി വട്ടോത്ത് സ്വാഗതം മാമച്ചൻ അരീക്കാട്ട് നന്ദിയും പറഞ്ഞു.

**ലേഖന രചനാമത്സരം:** മദ്യവിരുദ്ധ ഞായറാചരണ ഭാഗമായി പ്രതീക്ഷാ സെന്ററിൽവച്ച് സ്റ്റാഫ്, ചികിത്സാർത്ഥികൾ, ധനലക്ഷ്മി കോളേജ് ഓഫ് നഴ്സിംഗ് വിദ്യാർത്ഥികൾ എന്നിവർക്ക് സംയുക്തമായി 'ലഹരിവിമുക്ത സമൂഹവും യുവതിയും' എന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധരചനാ മത്സരം നടത്തപ്പെട്ടു. ജിൻസി ജോർജ് മൂലയിൽ (കോളയാട്) അനുപമ സുരേഷ് (ധനലക്ഷ്മി, കണ്ണൂർ), ബ്രദർ ആൽബിൻ താന്നിക്കൽ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വിജയികൾക്ക് ക്യാഷ് അവാർഡുകൾ ഫാ. ഡയറക്ടർ വിതരണം ചെയ്തു.

മദ്യവിരുദ്ധ ഞായറിനോടനുബന്ധിച്ച് സെന്റ് ജോൺ പോൾ II ഫോർമേഷൻ സെന്ററിലെ വൈദികവിദ്യാർത്ഥികൾ പ്രതീക്ഷാ സെന്ററിൽ വച്ച് 'വെളിപാടിന്റെ പുത്രൻ' എന്ന നാടകവും നടത്തപ്പെട്ടു.

**Block Placement:** നഴ്സിംഗ് പഠനത്തിന്റെ ഭാഗമായി, ചികിത്സാകേന്ദ്രത്തിൽ വച്ച് കണ്ണൂർ ധനലക്ഷ്മി കോളേജ് ഓഫ് നഴ്സിംഗ് വിദ്യാർത്ഥികൾ മൂന്ന് ബാച്ചുകളിലായി ഫെബ്രുവരി 5 മുതൽ 24വരെ 30പേർ പരിശീലനം നേടി. പരിശീലന പരിപാടികൾക്ക് പ്രതീക്ഷാഡയറക്ടർ, കൗൺസിലർമാർ എന്നിവർ നേതൃത്വം നൽകി.

പ്രതീക്ഷയോടെ പ്രതീക്ഷയുമായി സഹകരിക്കുന്ന ഏവർക്കും നന്ദി.

സ്നേഹത്തോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# ധ്യാനകേന്ദ്രങ്ങളിലൂടെ...

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | |
|---|---|---|
| 2018 മാർച്ച് 01-04 | : | ആത്മാഭിഷേക വളർച്ചാധ്യാനം |
| 02-04 | : | തപസ് ധ്യാനം (10 am ആരംഭം) ഫാ. സഖറിയാസ് തടത്തിൽ |
| 04-09 | : | ആന്തരിക ശാരീരിക സൗഖ്യധ്യാനം |
| 10 | : | ഏകദിന കൺവെൻഷൻ |
| 24 (ശനി) -29 | : | ആന്തരിക ശാരീരിക സൗഖ്യധ്യാനം (വലിയ ആഴ്ച) |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | |
|---|---|---|
| മാർച്ച് 09 | : | ജാഗരണപ്രാർത്ഥന |
| 10 | : | ക്രിസ്റ്റീൻ ഏകദിനധ്യാനം |
| 11-15 | : | ആന്തരിക സൗഖ്യധ്യാനം |
| 18-22 | : | പരിശുദ്ധാത്മ അഭിഷേകധ്യാനം |
| 25-27 | : | തപസ് ധ്യാനം (40 മണിക്കൂർ) |

**3. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി-തളിപ്പറമ്പ ഫോൺ: 0460-2202613, 9447424076**

| | | |
|---|---|---|
| മാർച്ച് 04-07 | : | മരിയൻ ധ്യാനം |
| 11-15 | : | ആന്തരിക ശാരീരിക സൗഖ്യധ്യാനം |
| 16-18 | : | ദമ്പതീ ധ്യാനം |
| 22-25 | : | ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ് |
| 25-28 | : | തിരുരക്താഭിഷേക ധ്യാനം |

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

| | | |
|---|---|---|
| മാർച്ച് 09-11 | : | ആന്തരീക സൗഖ്യ-കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു.4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| 23-25 | : | ആന്തരീക സൗഖ്യ-കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | |
|---|---|---|
| മാർച്ച് 03 | : | ഏകദിന കൺവെൻഷൻ |
| 04-08 | : | ആന്തരിക സൗഖ്യധ്യാനം |
| 09 | : | ജാഗരണ പ്രാർത്ഥന |
| 10 | : | ക്രിസ്റ്റീൻ വിങ്സ് |
| 17, 24 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| 18-22 | : | ആന്തരീക ശാരീരിക സൗഖ്യധ്യാനം |

**6. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ; ഫോൺ: 9526609050, 9447481643, 9496253756**

| | | |
|---|---|---|
| മാർച്ച് 04-09 | : | ആന്തരിക സൗഖ്യധ്യാനം |
| 18-23 | : | ആന്തരിക സൗഖ്യധ്യാനം |
| 6, 13, 20, 27 | : | ഏകദിന കൺവെൻഷൻ |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് ഞറളക്കാട്ട്

### 2018 ജനുവരി

21 ബാംഗ്ലൂരിൽ ഹൂളിമാവ് ഇടവകയിൽ വി. ബലി അർപ്പിച്ച് കുട്ടികൾക്ക് ആദ്യകുർബാന നൽകി. ഉച്ചകഴിഞ്ഞ് മണ്ഡ്യയിൽ എം.എസ്.ടി. സഭയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

22 മണ്ഡ്യ ബിഷപ്സ്ഹൗസും സെമിനാരിയും സന്ദർശിച്ചു.

23 സന്ദേശഭവനിൽ സമർപ്പിതസമൂഹങ്ങളുടെ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ആലക്കോട്വച്ച് നടന്ന ബൈബിൾ കൺവെൻ ഷനിൽ ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകി.

24 അതിരൂപതാ കേന്ദ്രത്തിൽ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

25 മണിക്കടവിൽ ബഹു. ആന്റണി പുന്നൂർ അച്ചന്റെയും സി. ലിൻഡ എസ്എബിഎസിന്റെയും രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 5 മണിക്ക് പടന്നക്കാട് ഡി.എം. കോൺവെന്റിൽ ജൂബിലിയുടെ ഭാഗമായി ദിവ്യബലി അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

26 രാവിലെ 10 മണിക്ക് തളിപ്പറമ്പിൽ കെസിവൈഎമ്മിന്റെ രൂപതാ മീറ്റിംഗിൽ പങ്കെടുത്തു. 11.30ന് മിഷൻലീഗിന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് 4.30ന് പയ്യാവൂരിൽ ബൈബിൾ കൺവെൻഷനിൽ വി. ബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

27 രാവിലെ 8.30ന് കിളിയന്തറയിൽ ലിയോണ മരിയക്ക് മാമ്മോദീസ നൽകി. 9.30ന് കിളിയന്തറ എസ്എബിഎസ് പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സിസ്റ്റേഴ്സിന്റെ രജത, സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ബി. ബലി അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 2.30ന് വെള്ളരിയാനത്ത് പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശ ചെയ്തു.

28 സുൽത്താൻ ബത്തേരി ഇടവകയിൽ വി. ബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് കുറുമ്പാലക്കോട്ട ഇടവകയുടെ ഇടവകാദിനത്തോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

29 രാവിലെ 9.45ന് ചരൾ ഇടവകയിൽ മാർ വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതിയോടനുബന്ധിച്ച് മിഷൻലീഗ്, കുന്നോത്ത് ഫൊറോന നിർമ്മിച്ച്

നൽകുന്ന ഭവനത്തിന്റെ ശിലാസ്ഥാപനം നടത്തി. അതിനുശേഷം 10.30ന് വാണിയപ്പാറയിൽ ബഹു. ജോൺസൺ തോട്ടത്തിൽ അച്ചന്റെ മാതാപിതാക്കളുടെ 60-ാം വിവാഹവാർഷികത്തോടും സി. മെർലിൻ സിഎംസിയുടെ സന്യസ്ത രജത ജൂബിലിയോടനുബന്ധിച്ചും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും അതിനുശേഷം നടന്ന മീറ്റിംഗിൽ അധ്യക്ഷത വഹിക്കുകയും ബഹു. അപ്പച്ചൻ തോട്ടത്തിലച്ചന്റെ സ്മർണക്കായി ഏർപ്പെടുത്തിയ എൻഡോവ്മെന്റ് കൈമാറുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 2.30ന് അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ പുതുതായി നിർമ്മിച്ച ചാപ്പൽ കൂദാശ ചെയ്തു. അതിനു ശേഷം 8 മണിക്ക് പൊന്ന്യം സെമിനാരിയിൽ മൂന്നാംവർഷസെമിനാരി ക്കാരുടെ മാതാപിതാക്കളുടെ സമ്മേളനത്തിൽ പങ്കെടുത്തു. പിന്നീട് കോഴിക്കോട് കത്തീഡ്രലിലെത്തി നിര്യാതനായ മാക്സ്വെൽ വാലന്റൈയിൻ നൊറോണ പിതാവിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 രാവിലെ 10.30ന് ഉദയഗിരി സ്കൂളിന്റെ നിർമ്മാണത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും സ്കൂളിന് ശിലാസ്ഥാപനം നടത്തുകയും ചെയ്തു. പിന്നീട് 12.15ന് കരുവഞ്ചാലി ലെത്തി ഓഡിൻ തോമസ് കുന്നുംപുറത്ത്, ഇവ സിസി കുന്നുംപുറത്ത് എന്നീ കുഞ്ഞു ങ്ങൾക്ക് മാമ്മോദീസാ നൽകി. അതിനുശേഷം ശാന്തിഭവൻ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് പെരിങ്ങാലയിൽ പുതുതായി നിർമ്മിച്ച കോൺവെന്റ് വെഞ്ചരിക്കുകയും ചാപ്പൽ കൂദാശ ചെയ്യുകയും ചെയ്തു.

31 അതിരൂപതാകേന്ദ്രത്തിൽ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

## 2018 ഫെബ്രുവരി

01 രാവിലെ ബാംഗ്ലൂരിൽ സന്യാസാ ഇൻസ്റ്റിറ്റ്യൂട്ട് കർമ്മലാരാം സന്ദർശിച്ചു. അതിനുശേഷം ബാംഗ്ലൂർ സെന്റ് ജോൺസിൽ സിബിസിഐ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

02-09 ബാംഗ്ലൂർ സെന്റ് ജോൺസിൽ സിബിസിഐ മീറ്റിംഗിൽ പങ്കെടുത്തു.

10 രാവിലെ 10 മണിക്ക് മൈനർ സെമിനാരിയിൽ ഉപകാരികളുടെ സമ്മേളന ത്തോടനുബന്ധിച്ച് വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും പൊതു സമ്മേളനത്തിന് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 2.30ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 3 മണിക്ക് പേരട്ട ഇടവകയിൽ ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

11 പേരട്ടയിൽ ഇടയനടുത്ത സന്ദർശനം നടത്തി. വൈകിട്ട് 4 മണിക്ക് ചരളിൽ നിര്യാതയായ സോണിയ ജോസ് കാരക്കാട്ടിന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

12 രാവിലെ 6.30ന് കത്തീഡ്രലിൽ വിഭൂതി കർമ്മങ്ങൾക്ക് നേതൃത്വം നൽകി. വൈകുന്നേരം 4 മണിക്ക് ചുണ്ടക്കര പള്ളിയിൽ സന്ദർശനം നടത്തി. അതിനുശേഷം 5 മണിക്ക് പള്ളിക്കുന്ന് തിരുന്നാളിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി.

13 രാവിലെ 10 മണിക്ക് തളിപ്പറമ്പിൽ പാസ്റ്ററൽ കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്യുകയും യോഗത്തിന് നേതൃത്വം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 2.30ന് തളിപ്പറമ്പിൽ അതിരൂപതാ മതബോധനകമ്മിറ്റി മീറ്റിംഗിന് നേതൃത്വം നൽകി.

14 അതിരൂപതാകേന്ദ്രത്തിൽ വിവിധ ഭാഗങ്ങളിൽ നിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽവച്ച് നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

15 അതിരൂപതാ കേന്ദ്രത്തിൽ ബഹു. വൈദികരെയും സന്യസ്തരെയും സ്വീകരിച്ചു.

16 കുന്നോത്ത് സെമിനാരിയിൽ സിനഡൽ കമ്മീഷൻ സന്ദർശനത്തിന് നേതൃത്വം നൽകി. വൈകുന്നേരം 6 മണിക്ക് ഇരിട്ടി ക്രൈസ്റ്റ് സ്കൂൾ വാർഷികദിനത്തോടനുബന്ധിച്ച് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു.

17 ഉച്ചക്ക് 1 മണിക്ക് കോഴിക്കോട് അമലാപുരിയിൽ നിര്യാതയായ ലില്ലി കൊണ്ടൂപറമ്പിലിന്റെ മൃതസംസ്ക്കാരത്തിന് പള്ളിയിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. വൈകുന്നേരം 7 മണിയോടെ പെരിങ്കരിയിലെത്തി ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

18 പെരിങ്കരി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

19 എറണാകുളത്ത് വച്ച് എകെഎം ചാരിറ്റബിൾ ട്രസ്റ്റിന്റെ യോഗത്തിൽ പങ്കെടുത്തു.

20 വൈകുന്നേരം 5 മണിക്ക് മേലെചൊവ്വയിൽ സ്പെഷ്യൽ സ്കൂളിന്റെ വാർഷികദിനം ഉദ്ഘാടനം ചെയ്തു.

21 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സ്ഥലങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

❖❖❖

# Programme of the Archbishop Mar George Njaralakatt

## March - 2018

| | | | |
|---|---|---|---|
| 01 | | - | Visitor's day |
| 02 | 10.30am | - | Karani |
| | 5.00pm | - | Maruthomkara Convention |
| 03 | 10.00am | - | Calicut |
| | evening | - | Pastoral Visit |
| 04 | | - | Pastoral Visit |
| 05 | 11.00am | - | Nirmalagiri College |
| 06 | | - | Bangalore : CBCI Executive Meeting |
| 07 | | - | Visitor's day |
| | 6.00pm | - | Tly : Monthly Recollection |
| 08 | | - | Priests & Sisters day (Till noon) |
| 09 | | - | Mount St. Thomas : Vocation Promoters Meeting |
| 10 | | - | Corporate Education Programme |
| 10-11 | | - | Pastoral Visit |
| 12 | | - | Kannur |
| 13 | 10.00am | - | Inter Curia Meeting |
| | 5.00pm | - | Payyannur |
| 14 | | - | Padannakkad : Visitors Day (Till noon) |
| 15 | | - | Bangalore |
| 16 | morning | - | Finance Council Meeting |
| | 3.30 | - | Ulickal : School Blessing |
| | 5.30 | - | Arabi : School Blessing |
| 17 | 8.30 | - | Minor Seminary : Interview with Third Years |

| | | | |
|---|---|---|---|
| 18 | 9.30am | - | Padannakkad : Inauguration of Youth Year |
| | 5.00pm | - | Cathedral |
| 19 | | - | Feast Celebration of Mar Joseph Pamplany |
| | 7.00pm | - | Forane Vicar's Meeting |
| 20 | morning | - | Forane Vicar's Meeting |
| | 2.00pm | - | Nirmalagiri College |
| | 6.00pm | - | Vocation Promoters Meeting |
| 21 | | - | Visitors Day (Till noon) |
| 21-22 | | - | Malabar Bishop's Meeting |
| 22 | evening | - | Minor Seminary |
| 23 | 6.30pm | - | Cathedral - Minor Orders |
| | 11.00am | - | Vimal Jyothi Chemperi |
| | 4.00pm | - | Palavayal |
| 24 | 4.00pm | - | Ondayangady |
| 25 | | - | Palm Sunday |
| 26 | 10.00am | - | Thaliparamba - Blessing of Oil |
| 27-28 | | - | Engaged |
| 29 | 7.30am | - | Cathedral : Maundy Thursday |
| 30 | 7.00am | - | Cathedral : Good Friday |
| | 9.30 | - | Kannur : Way of the Cross |

## April - 2018

| | | | |
|---|---|---|---|
| 01 | | - | Cathedral : Easter |
| 02-04 | | - | Mar Sebastian Valloppilly Pilgrimage |
| 02 | 10.00am | - | Cathedral : Inauguration of Viswasolsavam |
| 03 | 10.00am | - | Cathedral : Holy Mass |
| | | - | Minor Seminary : Interview with Regents |

| | | | |
|---|---|---|---|
| 04 | 10.00 | - | Cathedral : Death Anniversary of Mar Sebastian Valloppilly |
| 05 | | - | Idukki : Episcopal Ordination |
| 07 | 9.00am | - | Vembua : Ordination |
| | 2.30 | - | Puravayal |
| 07-08 | | - | Pastoral Visit |
| 09 | 10.30 | - | Asankavala |
| | 2.30pm | - | Nellickampoil |
| 10 | 9.30am | - | Kilianthara : SABS Vestition |
| | 2.30pm | - | Adampara : Church Blessing |
| 11 | | - | Visitor's day |
| 12 | | - | Priests & Sisters day |
| 13 | 10.00am | - | Sandesabhavan : MVS Programme |
| | 4.00pm | - | Peravoor Convention |
| 14 | 10.00am | - | Sandesabhavan : Infarm Meeting |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

### 2018 ജനുവരി

25 രാവിലെ 10.30ന് മണിക്കടവ് ദൈവാലയത്തിൽ ഫാ. ആന്റണി പുന്നൂരിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

27 രാവിലെ 11.30ന് പുളിങ്ങോം ഇടവക ദൈവാലയത്തിൽ ഇമ്മാനുവേൽ പുളിക്കലും ആഷിതയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

28 രാവിലെ 8 മണിക്ക് പൂപ്പറമ്പ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് കുട്ടികൾക്ക് ആദ്യകുർബാന നൽകി.

29 വൈകുന്നേരം 6 മണിക്ക് പൊന്ന്യം ഫോർമേഷൻ സെന്ററിൽ വി. കുർബാനയർപ്പിക്കുകയും മാതാപിതാക്കന്മാരുടെ സംഗമത്തിൽ പങ്കെടുക്കുകയും ചെയ്തു.

30 പരപ്പ ഇടവക ദൈവാലയത്തിൽ രാവിലെ 9.30ന് ഫാ. ജോസഫ് വീട്ടിയാങ്കലിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് 3.30ന് കോഴിക്കോട് കത്തീഡ്രലിൽ ബിഷപ്പ് മാക്സ്‌വെൽ നെറോണ പിതാവിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ പങ്കെടുത്തു.

### ഫെബ്രുവരി

1–6 ബാംഗ്ലൂരിൽവച്ച് നടന്ന സിബിസിഐ യോഗത്തിൽ പങ്കെടുത്തു.

7 രാവിലെ 8 മണിക്ക് കിളിയന്തറ ദൈവാലയത്തിൽ എം.ജെ. ജോസഫിന്റെ 7–ാം ചരമദിനത്തിൽ വി. കുർബാനയർപ്പിച്ച് സിമിത്തേരി സന്ദർശനം നടത്തി.

8 രാവിലെ 10 മണിക്ക് തോമാപുരം ദൈവാലയത്തിൽ ഫാ. ജോസഫ് തയ്യിലിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 4 മണിക്ക് മേരിഗിരി ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

10 രാവിലെ 10.30ന് നിലമ്പൂർ ദൈവാലയത്തിൽ ആൻനമിത ആനക്കല്ലേലും ഷാൻ ജോസും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

11 ഉച്ചകഴിഞ്ഞ് 3 മണിക്ക് ചരൾ ഇടവകയിൽ നിര്യാതയായ സോണിയ ജോസി കാരക്കാട്ടിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് ഭവനത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

16 വൈകുന്നേരം 3.30ന് പേരട്ട ഇടവകയിൽ നിര്യാതനായ തോമസ് കൊച്ചുപുരയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

❖❖❖

# Programme of the Archbishop Emeritus
# Mar George Valiamatttam

## March - 2018

| | | |
|---|---|---|
| 03 | - | Kuravilangad |
| 17 | - | Thalassery - Cathedral |
| 25 | - | Palm Sunday |
| 26 | - | Thaliparamba - Blessing of Oil |
| 29 | - | Maundy Thursday |
| 30 | - | Good Friday |

**Secretary to the Archbishop Emeritus**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോസഫ് പാംപ്ലാനി

### 2018 ജനുവരി

25 രാവിലെ 10.30ന് പിലാത്തറ ബൈബിൾ കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് 2 മണിക്ക് നിർമ്മലഗിരി റാണിജെയ് സ്കൂളിന്റെ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 5 മണിക്ക് പയ്യാവൂർ ബൈബിൾ കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

26 രാവിലെ 11 മണിക്ക് പാലാരിവട്ടം പിഒസിയിൽ നടന്ന മിഷൻ കോൺഗ്രസിൽ പ്രബന്ധം അവതരിപ്പിച്ചു.

27 രാവിലെ 10 മണി മുതൽ ശ്രീപുരത്ത് നടന്ന കോട്ടയം അതിരൂപതാ അധ്യാപകസംഗമത്തിൽ ക്ലാസുകൾ നയിച്ചു. വൈകുന്നേരം 5 മണിക്ക് ചായോത്ത് ദൈവാലയത്തിൽ ജോസഫ് വീട്ടിയാങ്കൽ അച്ചന്റെ പൗരോഹിത്യസുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ ആശംസയറിയിച്ചു.

28 രാവിലെ 8 മണിക്ക് കോയമ്പത്തൂർ കാരുണ്യ മാതാദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് യുവജനസംഗമത്തിൽ ക്ലാസ് നയിച്ചു.

29-31 കോട്ടയം പൗരസ്ത്യവിദ്യാപീഠത്തിൽ MTh വിദ്യാർത്ഥികൾക്കും കോട്ടയം അതിരൂപതയുടെ റിഫ്രഷർ കോഴ്സിൽ വൈദികർക്കും ക്ലാസ്സുകൾ നയിച്ചു.

### 2018 ഫെബ്രുവരി

01 രാവിലെ 10 മണിക്ക് നിർമ്മലഗിരി കോളേജിൽ സന്ദർശനം നടത്തി.

02-09 ബാംഗ്ലൂരിൽ വച്ച് നടന്ന CBCI യോഗത്തിൽ പങ്കെടുത്തു.

10 കോഴിക്കോട് പിഎംഒസിയിൽ വച്ച് നടന്ന സിമ്പോസിയത്തിൽ പ്രബന്ധം അവതരിപ്പിച്ചു. വൈകുന്നേരം 4 മണിക്ക് ചെമ്പേരി ഫൊറോനാ ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് 7.30ന് ചരളിൽ നിര്യാതയായ സോണിയ ജോസി കാരക്കാട്ടിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

11 അർത്തുങ്കൽ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് നടന്ന ബിഷപ് ജെയിംസ് ആനാപറമ്പിലിന്റെ മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുത്തു.

12 ഉച്ചകഴിഞ്ഞ് 2.30ന് ജോസ്ഗിരി നേഴ്സിംഗ് കോളേജ് ലാംപ് ലൈറ്റിംഗ് ആഘോഷത്തിൽ ഉദ്ഘാടന പ്രഭാഷണം നടത്തി.

വൈകുന്നേരം 7 മണിക്ക് ഗുഡ്നെസ് ടി.വിയുടെ ഷൂട്ടിംഗ് പരിപാടികളിൽ പങ്കെടുത്തു.

13 രാവിലെ 10 മണിക്ക് തളിപ്പറമ്പിൽവച്ച് നടന്ന പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് ഗുഡ്നെസ് ചാനലിന്റെ ഷൂട്ടിംഗ് പരിപാടികളിൽ പങ്കെടുത്തു.

17 രാവിലെ 10 മണിക്ക് കണ്ണൂർ എ.കെ.ജി. ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ഫാ. സെബാൻ ഇടയാടിയെ സന്ദർശിച്ചു.

18 വൈകുന്നേരം 5 മണിക്ക് പരപ്പ ഇടവകയിൽ ആലക്കോട് ഫൊറോന യുവജനങ്ങളുടെ നൈറ്റ് വിജിലിന് സന്ദേശം നൽകി. തുടർന്ന് ചികിത്സയിലായിരുന്ന ഫാ. സെബാസ്റ്റ്യൻ ചേന്നോത്ത്, ഫാ. മാർട്ടിൻ വരിക്കനാനിക്കൽ എന്നിവരെ സന്ദർശിച്ചു.

20 രാവിലെ 10.30ന് പൈക ഇടവകയിൽ നിര്യാതയായ റോസമ്മ ജോസഫ് പാംപ്ലാനിയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ MST ജനറലേറ്റ് സന്ദർശിച്ച് ജൂബിലി ആശംസകൾ അർപ്പിച്ചു.

21 മെൽബൺ രൂപത സംഘടിപ്പിക്കുന്ന നോമ്പ്കാല ധ്യാനങ്ങൾ നയിക്കാൻ ഓസ്ട്രേലിയായ്ക്ക് പുറപ്പെട്ടു.

❖❖❖

# Programme of the Auxiliary Bishop
# Mar Joseph Pamplany

## March - 2018

| | | | |
|---|---|---|---|
| 15 | | - | Thalassery |
| 16 | | - | Padannakad |
| 17 | | - | Padannakad |
| 18 | | - | Padannakad |
| 19 | | - | Thalassery |
| 20 | | - | Thalassery - Forane Vicar Meeting |
| | 2.30pm | - | Nirmalagiri |
| 21 | | - | Kottayam |
| 22 | | - | Malabar bishops meet |
| 23 | 8.00am | - | Kulathuvayal |
| | 2.00pm | - | Cheekkad |
| 24 | | - | Padannakad |
| 25 | | - | Palm Sunday |
| 26 | | - | Thaliparamba - Blessing of Oil |
| 27 | | - | Sandesabhavan |
| 28 | | - | Engaged |
| 29 | | - | Maunday Thursday |
| 30 | | - | Good Friday |
| 31 | | - | Padannakad |

**Secretary to the Auxiliary Bishop**

❖❖❖